Tm 2032:

# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| | | |
|---|---|---|
| പുസ്തകം 17 | 1113 കുംഭം, മീനം | ലക്കം 7, 8 |

വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാർദാനഭരം വഹിച്ചുമരുവും വിദ്യാർത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസംഗ്രഹസമ്പുടോർസ്തു ഗുരുനാഥാഖ്യം സഹായം ഭുവി.

## വിഷയവിവരം.

1. പ്രസിദ്ധരായ ചില ബൌദ്ധഭിക്ഷുണികൾ ... 289
2. വാഗ്ഭടാനന്ദഗുരുക്കളുടെ വാചാടത്വം ... 298
3. ഹിമപ്രളയങ്ങൾ ... 305
4. അവകാശവാദം ... 308
5. മംഗോളിയൻ പ്രാബല്യം ... 310
6. വിശ്വഭാരതി ... 316
7. ഇൻഡ്യയിലെ നീലവും(അമരി)തദ്വ്യവസായവും ... 321
8. പ്രതികാരം ... 327
9. മി: സ്റ്റേത്താംസായിപ്പിൻെറ ഗൃധ്രനേത്രങ്ങൾ ... 333
10. രണ്ടു ശാകുന്തളങ്ങൾ ... 337
11. ആന്ധ്യനിവാരണം ... 342
12. വാഗ്ഭടാനന്ദഗുരുക്കളുടെ വാചാടത്വം ... 353
13. പ്രതികാരം ... 362
14. തോട്ടയ്ക്കാട്ടു ശങ്കുണ്ണിമേനോൻ ... 371

## ചിന്താസന്താനം (ഒന്നാംഭാഗം.)

### പുതിയ പതിപ്പ്.

ഗ്രന്ഥകൎത്താ:— ആർ. ഈശ്വരപിള്ള ബി. എ.

വില അണ 10.

## കുമാരനാശാൻെറ പദ്യകൃതി മുഴുവനും.

## 1—ം, 2—ം വാല്യങ്ങൾ.

| | | | |
|---|---|---|---|
| 1-ാംവാല്യം ... ... ... | 3 | 8 | 0 |
| 2-ാംവാല്യം ... ... ... | 4 | 0 | 0 |
| രണ്ടുംകൂടി ഒന്നിച്ചെടുക്കുന്നവൎക്ക് | 7 | 0 | 0 |

## ആശാൻെറ മററു ചില കൃതികൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| കരുണ | 0 | 6 | 0 | കുയിൽ | 0 | 2 | 0 |
| ലീല | 0 | 10 | 0 | പുഷ്പവാടി | 0 | 6 | 0 |
| മണിമാല | 0 | 6 | 0 | ദുരവസ്ഥ | 0 | 8 | 0 |
| ചണ്ഡാലഭിക്ഷുകി | 0 | 8 | 0 | വനമാല | 0 | 12 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 4 | 0 | | | | |

## അദ്ധ്യാപനസംബന്ധമായ ചില പുസ്തകങ്ങൾ.

### അദ്ധ്യാപനസാഹ്യം

ഗ്രന്ഥകൎത്താ:-

എൻ. ശിവശങ്കരപ്പിള്ള B. A; L. T.

വില അണ 8.

### അദ്ധ്യാപനാങ്കുരം

ഗ്രന്ഥകൎത്താ:-

എൻ. ശിവശങ്കരപ്പിള്ള B. A; L. T.

വില അണ 6.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# ഗുരുനാഥൻ

| പുസ്തകം 17 | 1113 കുംഭം | ലക്കം 7 |
|---|---|---|

## പ്രസിദ്ധരായ ചില ബൌദ്ധഭിക്ഷുണികൾ

(എ. ബാലകൃഷ്ണപിള്ള ബി. എ., ബി. എൽ.)

ഗൌതമബുദ്ധൻ സ്ഥാപിച്ച ബുദ്ധമതത്തിൻെറ പ്രചരണത്തിനായി സ്ത്രീകൾ എത്രമാത്രം പ്രയത്നിച്ചിരുന്നു എന്നു് ഇന്നത്തെ ഭൂരിഭാഗം ജനങ്ങളും അറിഞ്ഞിട്ടുള്ളതായി തോന്നുന്നില്ല. ബുദ്ധമതത്തിൻെറ പ്രചരണത്തിനായി ബുദ്ധമുനി ഉപയോഗപ്പെടുത്തിയ രണ്ടു പ്രായേണ പുതിയ തരം ഉപകരണങ്ങൾ നാടോടിഭാഷയും, സ്ത്രീകളുമായിരുന്നു. ബുദ്ധമതത്തിൻെറ സ്ഥാപനകാലത്തു നിലവിലിരുന്ന വൈദികഹിന്ദുമതത്തിൽ യജ്ഞമാകുന്ന കർമ്മമാർഗ്ഗവും, ഉപനിഷത്തുകളിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ആദ്ധ്യാത്മികചിന്തനമാകുന്ന ജ്ഞാനമാർഗ്ഗവും മാത്രമേ അടങ്ങിയിരുന്നുള്ളു. പിൽക്കാലത്തു് ഹിന്ദുമതത്തിൽ കാണാമായിരുന്ന ഭക്തിമാർഗ്ഗം അന്നു് അതിൽ ഇല്ലായിരുന്നു. ബുദ്ധമതസ്ഥാപനത്തിൻെറ ഒരു അന്തിമഫലമായിട്ടാണു ഭക്തിമാർഗ്ഗം ഹിന്ദുമതത്തിൽ ഉൾപ്പെടുവാൻ സംഗതിവന്നതു്. ബുദ്ധമതസ്ഥാപനകാലത്തെ ഹിന്ദുമതത്തിലെ ഘടകങ്ങളായ യജ്ഞം ഇടത്തരക്കാർക്കും, ആദ്ധ്യാത്മികചിന്തനം ഉയൎന്നനിലയിലുള്ളവൎക്കും മാത്രമേ മതപരമായ സഹായം ചെയ്തിരുന്നുള്ളു. ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങൾക്കുംകൂടി മതം ഉപകാരപ്രദമായിരിക്കണമെന്നു നിശ്ചയിച്ചാണു് ബുദ്ധമുനി തൻെറ പുതിയ മതം സ്ഥാപിച്ചതു്. ഈ ഉദ്ദേശത്തെ പുരസ്കരിച്ചു ഭാരതത്തിൽ ഇദംപ്രഥമമായി ഒരു മതപരിഷ്കാരം വരുത്തിയതു ബുദ്ധമുനിക്കു് ഒരു ഇരുന്നൂററിഅമ്പതു വൎഷത്തിനുമുമ്പു ജീവിച്ചിരുന്ന ദേഹവും, ചരിത്രകാലത്തെ ജൈനമതത്തിൻെറ യഥാൎത്ഥസ്ഥാപകനുമായ പാർശ്വനാഥതീൎത്ഥംകരനായിരുന്നു. ഗൌതമബുദ്ധൻ പാർശ്വനാഥനെ അനുകരിക്കമാത്രമേ ഇക്കാൎയ്യത്തിൽ ചെയ്തിരുന്നുള്ളു. തൻെറ പ്രസ്തുത ഉദ്ദേശം നടപ്പിൽ വരുത്തുവാനായിട്ടാണു ബുദ്ധമുനി സംസ്കൃതഭാഷയ്ക്കു പകരം നാടോടിഭാഷയും, പുരുഷന്മാരുടെ പ്രയത്നങ്ങൾക്കു പുറമെ സ്ത്രീകളു

ടെ സഹായവും ഉപയോഗപ്പെട്ടത്തിയതു്. മതപ്രചരണാൎത്ഥം അതിനു വളരെ മുമ്പുതന്നെ ശ്രമണി അഥവാ ഭിക്ഷുണി സമ്പ്രദായം ജൈനമതം സ്വീകരിച്ചിരുന്നു. ഗൌതമബുദ്ധനു് ആദ്യം "നരകത്തിൻെറ കവാടങ്ങളായ" സ്ത്രീകളെ ഭിക്ഷുണികളായി സ്വീകരിക്കുന്നതിൽ വൈമനസ്യം ഉണ്ടായിരുന്നുവെങ്കിലും, ഒടുക്കം അദ്ദേഹം ആ സമ്പ്രദായം സ്വീകരിക്കുകയാണു ചെയ്തതു്. ബുദ്ധമുനിയുടെ സമകാലീനരും, ബുദ്ധമതത്തിൻെറ പ്രചരണത്തിൽ അദ്ദേഹത്തെ അധികമായി സഹായിച്ചവരുമായ പതിമൂന്നു പ്രസിദ്ധ ഭിക്ഷുണികളെക്കുറിച്ചു വിഖ്യാതനായ ബുദ്ധമതഗ്രന്ഥവ്യാഖ്യാതാവായ ബുദ്ധഘോഷൻ തൻെറ അംഗുത്തരനികായഭാഷ്യമായ മനോരഥപുരാണിയിൽ പ്രസ്താവിച്ചിട്ടുള്ള ചില വിവരങ്ങളെയാണു ചുവടെ ചേൎത്തിരിക്കുന്നതു്.

ഗൌതമബുദ്ധൻെറ കൊച്ചമ്മയാണു് പ്രസിദ്ധ ഭിക്ഷുണിയായ മഹാപജാപതിഗോതമി (മഹാപ്രജാപതി ഗൌതമി). പത്മോത്തരബുദ്ധൻ എന്ന പൂൎവ്വബുദ്ധൻെറ കാലത്തു് ഹംസാവതി നഗരത്തിലെ ഒരു കുലീനകുടുംബത്തിലെ അംഗമായും, പിന്നീടു കാശിയിലെ അഞ്ഞൂറു അടിമകളുടെ തലവിയായും, അടുത്ത ജന്മത്തിൽ കാശിയിലെ ഒരു ചാലിയത്തിയായും ഉള്ള പൂൎവ്വജന്മങ്ങൾ കഴിഞ്ഞു്, ഒടുക്കം ആ പൂൎവ്വജന്മങ്ങളിൽ ചെയ്തിരുന്ന സൽക്കൎമ്മങ്ങളുടെ ഫലമായി മഹാപജാപതിഗോതമി ഗൌതമബുദ്ധൻെറ മാതാവായ മായാദേവിയുടെ അനുജത്തിയായി ജനിച്ചു. മായാദേവിയുടെ മരണാനന്തരം ബുദ്ധമുനിയുടെ പിതാവായ ശുദ്ധോദനൻ അവരെ വിവാഹംചെയ്തു. ഗൌതമബുദ്ധനെ വളൎത്തിവന്നതു് ഈ മഹിളാമണിയായിരുന്നു. ഭൎത്താവിൻെറ മരണാനന്തരം ഇവർ ഒരു ഭിക്ഷുണിയായി ബുദ്ധമതത്തിൽ ചേരുവാൻ നിശ്ചയിച്ചു. ശാക്യമുനി ആദ്യം അവൎക്കു അതിനുവേണ്ട അനുവാദം നിഷേധിക്കുകയുണ്ടായി. ഉടനെ പജാപതിഗോതമി തൻെറ ശിഷ്യത്തികളായ അഞ്ഞൂറു കന്യകകളോടുകൂടി ശിരസ്സുകൾ മുണ്ഡനംചെയ്തു മഞ്ഞവസ്ത്രങ്ങൾ ധരിച്ചു് ബുദ്ധമുനിയുടെ പ്രധാനശിഷ്യനായ ഥേരൻ ആനന്ദനെ ചെന്നുകണ്ടു് തങ്ങളെ ഭിക്ഷുണികളായി സ്വീകരിക്കുവാൻ തൻെറ ഗുരുവിനോടു ഉപദേശിക്കണമെന്നു അപേക്ഷിച്ചു. ആനന്ദൻ അങ്ങിനെചെയ്തു് അവൎക്കു് ഭിക്ഷുണികളാകാൻ അനുവാദം വാങ്ങിക്കൊടുത്തു. പിന്നീടു ബുദ്ധമുനി മഹാപജാപതി ഗോതമിയെ ഭിക്ഷുണികളുടെ തലവിയാക്കിത്തീൎക്കുകയും ചെയ്തു.

രണ്ടാമത്തെ പ്രസിദ്ധഭിക്ഷുണി മഗധരാജാവായ ബിംബിസാരൻെറ രാജ്ഞിയായ ഖേമ (ക്ഷേമ) ആയിരുന്നു. പൂർവ്വജന്മങ്ങളിൽ ചെയ്ത പുണ്യങ്ങളുടെ ഫലമായി ഇന്നത്തെ പഞ്ചാബിൽ പണ്ടു് സ്ഥിതിചെയ്തിരുന്ന

മദ്രരാജ്യത്തിലെ ഒരു രാജാവിൻെറ പുത്രിയായി ഖേമ സാഗലനഗരത്തിൽ ജനിച്ചു. മഗധയിലെ പ്രസിദ്ധരാജാവായ ബിംബിസാരനാണ് ഖേമയെ കല്യാണം കഴിച്ചതു്. മഗധരാജധാനിയായ രാജഗൃഹത്തിന് സമീപമായി ഒരിക്കൽ ബുദ്ധമുനി താമസിച്ചിരുന്നു. രാജധാനിയിലെ സകല സ്ത്രീകളും ബുദ്ധമുനിയെ കാണാൻ പോകാറുണ്ടായിരുന്നുവെങ്കിലും അതിസുന്ദരിയായിരുന്ന ഖേമമാത്രം അങ്ങിനെ ചെയ്തിരുന്നില്ല. ബുദ്ധമുനി സൌന്ദര്യത്തെ അപലപിച്ചു സംസാരിക്കുക പതിവാണെന്നു കേട്ടതുനിമിത്തമാണു് ഖേമ അദ്ദേഹത്തെ സന്ദർശിക്കുവാൻ പോകാതെയിരുന്നതു്. ബുദ്ധമുനിയുടെ പുതിയ മതത്തെ പിൻതാങ്ങിയിരുന്ന ബിംബിസാരനു് ഇതു കണ്ടു വിഷാദം തോന്നി. ബുദ്ധമുനി അപ്പോൾ നിവസിച്ചിരുന്ന വേലുവന ആശ്രമത്തിൻെറ മഹിമയേയും ലാവണ്യത്തേയും പുകഴ്ത്തി കാവ്യം രചിക്കുവാൻ ഉടനെ ബിംബിസാരൻ തൻെറ സദസ്സിലുള്ള കവികളോടു് ആജ്ഞാപിച്ചു. അതു് രചിച്ചുകഴിഞ്ഞയുടനെ അതിനെ ഖേമയെ ചൊല്ലിക്കേൾപ്പിക്കുവാൻ അദ്ദേഹം അവരെ നിയോഗിച്ചു. അതു കേട്ടപ്പോൾ ആ ആശ്രമം സന്ദർശിക്കണമെന്നു് ഒരു മോഹം ഖേമയിൽ ജനിച്ചു. അവിടെ പോകുന്നതിന്ന് ഖേമ ബിംബിസാരനോടു് അനുവാദം ചോദിച്ചു. അനുവാദം കേട്ടതോടുകൂടി, ആ ആശ്രമം സന്ദർശിക്കുന്നതായാൽ ബുദ്ധമുനിയെ കാണാതെവരാൻ സാധിക്കുകയില്ലെന്നും അദ്ദേഹം ഖേമയെ ധരിപ്പിച്ചു. ഖേമയുടെ പരിചാരികമാരെ വിളിച്ചു് രാജ്ഞി ബുദ്ധമുനിയെ കണ്ടില്ലെങ്കിൽ, അദ്ദേഹത്തെ അവൾക്കു കാണിച്ചുകൊടുക്കണമെന്നും ബിംബിസാരൻ കല്പിച്ചു. ആശ്രമത്തിൽവച്ചു പരിചാരികമാരാൽ പ്രേരിതയായി ഖേമ തന്നെ സമീപിക്കുന്നതു കണ്ടപ്പോൾ, ബുദ്ധമുനി ഇദ്ധി എന്ന ശക്തി ഉപയോഗിച്ചു് ഒരു അതിസുന്ദരിയായ യുവതിയെ സൃഷ്ടിച്ചു. ആ യുവതി ഒരു പനയോലവിശറിയെടുത്തു് ബുദ്ധമുനിയെ വീശിത്തുടങ്ങി. ആ യുവതിയുടെ സൌന്ദര്യംകണ്ടു് ആശ്ചര്യപ്പെട്ടുകൊണ്ടു് ഖേമ അവിടെ സ്തംഭിച്ചുനിന്നുപോയി. അപ്പോൾ ആ യുവതി ഒരു മദ്ധ്യവയസ്കയുടെ രൂപം പൂണ്ടതും അനന്തരം ഒരു വിരൂപിയായ വൃദ്ധയായിച്ചമയുന്നതും അവൾ കണ്ടു. അനന്തരം ആ മായാസ്ത്രീ മരിച്ചു നിലംപതിക്കുന്നതും ഖേമയ്ക്കു കാണ്മവാൻ സാധിച്ചു. അപ്പോൾ ഖേമയിൽ ഒരു മാനസാന്തരം ജനിക്കുകയും ഒരു ഭിക്ഷുണിയാകുവാൻ അവൾ നിശ്ചയിക്കുകയും ചെയ്തു. തിരിച്ചു കൊട്ടാരത്തിൽ ചെന്നയുടനെ ഖേമ തനിക്കു് ഒരു ഭിക്ഷുണിയാകുവാൻ അനുവാദം തരണമെന്നു് ബിംബിസാരനോടു് അപേക്ഷിച്ചു. ബിംബിസാരൻ അതിന്നു സമ്മതിച്ചു. ഖേമ ഒരു ഭിക്ഷുണിയായിത്തീർന്നു. ഒടുക്കം അവൾ ഒരു പ്രധാന ഥേരിയായിഭവിക്കയും ചെയ്തു.

മററു രണ്ടു പ്രസിദ്ധഭിക്ഷുണികൾ ഉപ്പലവണ്ണയും (ഉല്പലവണ്ണാ), പാടാചാരയുമായിരുന്നു. ശ്രാവസ്തിയിലെ ഖജനാവിലെ ഒരു ഉദ്യോഗസ്ഥന്റെ മകളായിരുന്നു ഉപ്പലവണ്ണ. അവളുടെ അതിയായ സൌന്ദര്യംകൊണ്ടു് പല രാജകുമാരന്മാരും പ്രഭുക്കളും മററും അവളെ തങ്ങൾക്കു കല്യാണം കഴിക്കണമെന്നു് അവളുടെ പിതാവിനോടു പറഞ്ഞു. ഇവരെ എല്ലാവരെയും തൃപ്തിപ്പെടുത്തുവാൻ അസാദ്ധ്യമാകയാൽ, മകളോടു അവൾക്കു് ഒരു ഭിക്ഷുണിയാകുവാൻ മനസ്സുണ്ടോ എന്നു് അദ്ദേഹം ചോദിച്ചു. അവൾ അതിനു സമ്മതിച്ചു് ഒരു ഭിക്ഷുണിയായിത്തീൎന്നു. ശ്രാവസ്തിയിലെ ഖജനാവിലെ മറെറാരു ഉദ്യോഗസ്ഥന്റെ കുടുംബത്തിൽ പിറന്നവളാണു് പാടാചാരാ. അവൾ തന്റെ വീട്ടിൽ വേലയ്ക്കു നിന്നിരുന്ന ഒരു യുവാവിനെ സ്നേഹിക്കുകയും, അയാളോടുകൂടി ഒളിച്ചോടിപ്പോകുകയും ചെയ്തു താമസിക്കാതെ അവൾക്കു ഗൎഭമുണ്ടായി. പ്രസവസമയം അടുക്കാറായപ്പോൾ തന്റെ വീട്ടിലേയ്ക്കു തന്നെ കൊണ്ടുവിടാൻ അവൾ ഭൎത്താവിനോടു് അപേക്ഷിച്ചു. അയാൾ അതിനു് അമാന്തിച്ചു. ഒടുക്കം അവൾ തനിച്ചു് ശ്രാവസ്തിയിലേയ്ക്കു തിരിച്ചു. വഴിക്കുവച്ചു പ്രസവിക്കയാൽ അവൾ ഭൎത്തൃഗൃഹത്തിലേയ്ക്കു തിരിച്ചുപോന്നു. രണ്ടാമതും അവൾക്കു ഗൎഭമുണ്ടായി. പ്രസവം സമീപിക്കാറായപ്പോൾ അവളും ഭൎത്താവും അവളുടെ വീട്ടിലേയ്ക്കു പുറപ്പെട്ടു. വഴിക്കുവച്ചു് അവൾക്കു പ്രസവവേദനതോന്നി. പ്രസവിക്കുന്നതിനു് ഒരു മറയുണ്ടാക്കുവാൻ ഭൎത്താവു് ചുള്ളിവെട്ടിക്കൊണ്ടുനിന്നപ്പോൾ ഒരു പാമ്പുകടിച്ചു് അയാൾ മരിച്ചു. അനന്തരം അവൾ പ്രസവിച്ചു. തന്റെ രണ്ടുകുട്ടികളോടുംകൂടി അവൾ പിന്നീടു തന്റെ വീട്ടിലേയ്ക്കുള്ള യാത്രതുടൎന്നു. വഴിക്കു അവൾക്കു് ഒരു പുഴകടക്കേണ്ടിവന്നു. അപ്പോൾ ആ രണ്ടു കുട്ടികളേയും ഒഴുക്കുകൊണ്ടുപോയി. ദുഃഖിച്ചുകൊണ്ടു് അവൾ യാത്രതുടൎന്നു ശ്രാവസ്തയിൽ എത്തി. അപ്പോൾ അല്പം മുമ്പു് അവിടെയുണ്ടായ ഒരു കൊടുങ്കാററിൽ നിലംപതിച്ച അവളുടെ ഭവനത്തിൽ അകപ്പെട്ടു് അവളുടെ ബന്ധുക്കളെല്ലാം മരിച്ചുപോയി എന്നു അവൾ അറിഞ്ഞു. അവരുടെ ശരീരങ്ങൾ ചിതയിൽ എരിയുന്നതും അവൾ കാണുകയുണ്ടായി. ദുസ്സഹമായ ദുഃഖംനിമിത്തം അവൾക്കു ഉടനെ ചിത്തഭ്രമം ഉണ്ടാകുകയും, വസ്ത്രം എല്ലാം ഉരിഞ്ഞിട്ടു് നഗ്നയായി ആ നഗരത്തിൽ അവൾ അലഞ്ഞുനടക്കുകയും ചെയ്തു. ഈ നഗ്നതയിൽനിന്നാണു് അവൾക്കു പാടാചാരാ എന്ന പേരു ലഭിച്ചതു്. ഒരിക്കൽ ബുദ്ധമുനി ഒരു വലിയ ജനക്കൂട്ടത്തോടു് ഒരു വിഹാരത്തിൽവച്ചു് പ്രസംഗിച്ചുകൊണ്ടിരുപ്പന്നോൾ, പാടാചാരാ നഗ്നയായി അവിടെ കേറിച്ചെന്നു. അപ്പോൾ

ബുദ്ധമുനി അവളോട്, "സോദരീ, നിനക്കു സ്ഥിരബുദ്ധി തിരിച്ചുകിട്ടട്ടെ!" എന്നു പറഞ്ഞു. അപ്പോൾ അവളുടെ ചിത്തഭ്രമം മാറുകയും, അവൾ ലജ്ജിച്ചു തൻെറ നഗ്നതമറയ്ക്കുവാനായി നിലത്ത് ഒതുങ്ങിയിരിക്കുകയും ചെയ്തു. അവിടെയുണ്ടായിരുന്ന ജനങ്ങളിൽ ഒരാൾ ഒരു വസ്ത്രം അവൾക്ക് എറിഞ്ഞുകൊടുത്തു. ഒടുക്കം അവൾ ഒരു പ്രസിദ്ധഭിക്ഷുണിയായിത്തീരുകയും ചെയ്തു.

ധമ്മദിന്നയും, രൂപനന്ദായും, സോണായും, സകുലായുമാണു മററു നാലു പ്രസിദ്ധ ഭിക്ഷുണികൾ. ബിംബിസാരൻെറ ഒരു ഉദ്യോഗസ്ഥനായ വിശാഖൻെറ ഭാര്യയായിരുന്നു ധമ്മദിന്ന. ബുദ്ധമുനിയുമായുണ്ടായ പ്രഥമ സമാഗമത്തിൽതന്നെ വിശാഖൻ ഒരു ബൌദ്ധനായിത്തീർന്നു. അതു കഴിഞ്ഞ് അദ്ദേഹം തൻെറ വീട്ടിൽ തിരിച്ചുവന്നപ്പോൾ ധമ്മദിന്നയുടെ ലാളനങ്ങൾ സ്വീകരിക്കാതെ, അവളുടെ ഭർത്താവായി തനിക്കു പെരുമാറുവാൻ സാധിക്കുകയില്ലെന്ന് അവളെ അറിയിച്ചു. ഉടനെ അവൾ ഒരു ബൌദ്ധഭിക്ഷുണിയായിത്തീർന്നു. കുറെക്കാലം കഴിഞ്ഞു ധമ്മദിന്നായെ വിശാഖൻ ഒരിക്കൽ സന്ദർശിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹത്തേക്കാൾ തനിക്കു മതകാര്യങ്ങളിൽ പാണ്ഡിത്യമുണ്ടെന്ന് അവൾ അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിക്കുകയും ചെയ്തു. ബുദ്ധമുനി ഒരിക്കൽ പ്രസംഗിച്ചതു കേട്ടയുടനെ ഒരു ഭിക്ഷുണിയായിത്തീർന്ന ശ്രാവസ്തിയിലെ ഒരു സ്ത്രീയാണ് സകുലാ. മഹാപ്രജാപതിഗോതമിയുടെ പുത്രിയാണു രൂപനന്ദാ. അവളുടെ സൌന്ദര്യാധിക്യം കൊണ്ട് അവൾക്ക് ജനപദകല്യാണി എന്ന പേരും കിട്ടി. മഹാപ്രജാപതിഗോതമി ഭിക്ഷുണിയായിത്തീർന്നതിനു ശേഷം രൂപനന്ദായു ഒരു ഭിക്ഷുണിയായി ഭവിച്ചു. ഭിക്ഷുണിയായിത്തീർന്നതിനു ശേഷം, ബുദ്ധമുനി സൌന്ദര്യത്തെ അപലപിക്കുക പതിവാണെന്നറിഞ്ഞ് അവൾ മററു ഭിക്ഷുണികളെപോലെ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കുവാനോ അദ്ദേഹത്തെ ശുശ്രൂഷിക്കുവാനോ പോയിരുന്നില്ല. ബുദ്ധമുനിയുടെ പ്രസംഗത്തിൻെറ സാരം മററു ഭിക്ഷുണികളിൽനിന്ന് അവൾ ഗ്രഹിക്കുക മാത്രമേ ചെയ്തിരുന്നുള്ളു. ഇതറിഞ്ഞ് ഓരോ ഭിക്ഷുണിയും പ്രസംഗസമയത്തു ഹാജരാകേണ്ടതാണെന്നു ബുദ്ധമുനി ആജ്ഞാപിച്ചു. അതിനാൽ രൂപനന്ദായ്ക്കു പ്രസംഗം കേൾക്കുവാൻ പോകാതെ ഗത്യന്തരമില്ലെന്നായി. അവൾ ആദ്യമായി പ്രസംഗം കേൾക്കുവാൻ പോയപ്പോൾ ഖേമയ്ക്കുണ്ടായ മായാദർശനം അവൾക്കും ഉണ്ടായി. അതോടുകൂടി അവളുടെ ഗർവ്വ് ശമിക്കയും പിന്നീട് അവൾ ഒരു പ്രസിദ്ധഭിക്ഷുണിയായി ഭവിക്കുകയും ചെയ്തു. അനേകം സന്താനങ്ങളുടെ മാതാവായതിനു ശേഷമാണു സോണാ ഒരു ഭിക്ഷുണിയായിത്തീർന്നത്. അവളുടെ ഭീമമായ അജ്ഞത

നിമിത്തം അവൾ മററുള്ളവരുടെ പരിഹാസത്തിനു പാത്രീഭവിച്ചിരുന്നു. തനിക്കു മതത്തിൽ പാണ്ഡിത്യം സിദ്ധിക്കണമെന്നു കരുതി അവൾ സദാ "ദ്വാത്രിംസാകാര" എന്ന മന്ത്രം പറഞ്ഞുകൊണ്ടിരുന്നു. ഒരിക്കൽ മററുള്ള ഭിക്ഷുണികൾ അടുത്തുള്ള ഒരു വിഹാരത്തിലേക്കു യാത്രതിരിച്ചപ്പോൾ തങ്ങൾ തിരിച്ചുവരുമ്പോൾ കുറെ വെള്ളം ചൂടാക്കിവെച്ചേക്കണമെന്നു സോണായോട് അവർ പറഞ്ഞിരുന്നു. എന്നാൽ അവൾ തന്റെ പ്രസ്തുത മന്ത്രം ഉരുക്കഴിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതിനാൽ മററു ഭിക്ഷുണികൾ പറഞ്ഞ കാൎയ്യം ചെയ്യുവാൻ അവൾ മറന്നുപോയി. അവർ തിരിച്ചുവന്നപ്പോൾ വെള്ളം വച്ചിരുന്ന അടുപ്പിൽ തീ കത്തിക്കാതെയിരുന്നതു കണ്ടു മുറുമുറുക്കാൻ തുടങ്ങി. അപ്പോൾ ആ വെള്ളത്തിനു ചൂടുണ്ടെന്നും അതെടുത്ത് ഉപയോഗിച്ചു നോക്കുവാനും സോണാ അവരോടു പറഞ്ഞു. അവർ അങ്ങിനെ ചെയ്തപ്പോൾ അതിനു ചൂടുണ്ടെന്നു കണ്ട് അത്ഭുതപ്പെട്ടു. അവളുടെ ഭക്തികൊണ്ടാണ് അതിനു ചൂടു പിടിച്ചിരുന്നതു്.

ഭദ്ദാ (ഭദ്രാ), അഥവാ, കുണ്ഡലകേശിയാണു മറെറാരു പ്രസിദ്ധ ഭിക്ഷുണി. ഥേരീഗാഥയിലുള്ള ചില സ്തവങ്ങൾ ഭദ്ദയുടെ കൃതിയാണ്. രാജഗൃഹനഗരത്തിലെ ഒരു രാജകീയഉദ്യോഗസ്ഥന്റെ മകളായി ഭദ്ദാ ജനിച്ചു. ഭദ്ദാ ജനിച്ച സമയത്തുതന്നെ രാജാവിന്റെ പുരോഹിതനും ഒരു ആൺകുട്ടി ജനിക്കുകയുണ്ടായി. ഈ ആൺകുട്ടിയുടെ ജാതകത്തിൽ അവൻ ഒരു കുപ്രസിദ്ധനായ തസ്കരനായിത്തീരണമെന്നുണ്ടായിരുന്നു. അതുകൊണ്ട് അവൻ ജനിച്ച സമയത്തു രാജഗൃഹനഗരത്തിലെ ആയുധങ്ങളെല്ലാം ജ്വലിച്ചുപ്രകാശിക്കുകയുണ്ടായി. സത്തുകോ എന്ന് ഈ ആൺകുട്ടിക്കു പുരോഹിതൻ പേരിട്ടു. ബാല്യം മുതല്ക്കു ഈ ബാലൻ മോഷ്ടിച്ചു തുടങ്ങി. പ്രായപൂൎത്തി വന്നിട്ടും ഈ ശീലം മാറുന്നില്ലെന്നു കണ്ടിട്ട് അവന്റെ പിതാവ് അവന് ഭവനഭേദനത്തിനുള്ള ഉപകരണങ്ങൾ ഉണ്ടാക്കിക്കൊടുത്തുകൊണ്ടു തന്റെ വീട്ടിൽ നിന്ന് അവനെ ബഹിഷ്കരിച്ചു. അവൻ അനന്തരം ആ നഗരത്തിലെ ഒരു കുപ്രസിദ്ധനായ കവൎച്ചക്കാരനായിത്തീൎന്നു. ഇതിന്റെ ഫലമായി ഒരിക്കൽ നഗരകാവൽക്കാർ അവനെ പിടിച്ച് രാജാവിന്റെ മുമ്പിൽ കൊണ്ടുചെന്നു. അവനെ നഗരത്തിന്റെ തെക്കേ ദ്വാരത്തിൽ കൊണ്ടുചെന്നു വധിക്കുവാൻ രാജാവ് അവരോട് ആജ്ഞാപിച്ചു. അവർ അവനെ അവിടെക്കു ബന്ധിച്ചുകൊണ്ടുപോകുമ്പോൾ വളരെ ജനങ്ങൾ അവന്റെ ശിക്ഷ കാണുവാനായി അവരോടു കൂടിപ്പോയി. സത്തുകോയെ ഇങ്ങിനെ കൊണ്ടുപോകുന്നതു് തന്റെ ഗൃഹ

ത്തിൽ നിന്നു യുവതിയായ ഭദ്രാ കണ്ടു. ഉടനെ അവൾ മോഹാലസ്യപ്പെട്ടു വീണു. ബന്ധുക്കൾ വന്ന് അവളെ ശുശ്രൂഷിച്ചു ബോധം വരുത്തിയപ്പോൾ, സത്തുകോയെക്കൊണ്ടു തന്നെ കല്യാണം കഴിപ്പിച്ചില്ലെങ്കിൽ താൻ മരിക്കുമെന്ന് ഭദ്രാ ശഠിച്ചു. അവളുടെ ബന്ധുക്കൾ ഭദ്രായുടെ ജീവനെ രക്ഷിക്കുവാനായി നഗരകാവൽക്കാരുടെ തലവന്നു കൈക്കൂലി കൊടുത്തു സത്തുകോയെ വധത്തിൽനിന്നു രക്ഷിച്ച് അവിടെ കൊണ്ടുവന്നു ഭദ്രായെ അയാൾക്കു കല്യാണം കഴിച്ചുകൊടുത്തു.

വിവാഹാനന്തരം കുറെ ദിവസം കഴിഞ്ഞപ്പോൾ സത്തുകോ തന്റെ ഭാൎയ്യയുടെ ആഭരണങ്ങൾ മോഷ്ടിക്കുവാൻ നിശ്ചയിച്ചു. തന്റെ ജീവനെ രക്ഷിച്ചതു് ആ നഗരത്തിലെ വധശിക്ഷ വിധിച്ചവരെ കീഴോട്ടു പിടിച്ചു തള്ളിക്കൊല്ലുന്ന മലയുടെ മുകളിൽ അധിവസിക്കുന്ന ദേവിയാണെന്നും, അതിനാൽ തനിക്കു് ആ ദേവിക്കു ഒരു നേർച്ച നടത്തേണ്ടതുണ്ടെന്നും ഭദ്രായോടു പറഞ്ഞു. ഉടനെ സൎവ്വാഭരണഭൂഷിതയായി ഭദ്രാ ഭൎത്താവിനോടുകൂടി ഒരു കാളവണ്ടിയിൽ ആ മല സ്ഥിതിചെയ്തിരുന്ന സ്ഥലത്തേക്കു പോയി. രണ്ടുപേരുംകൂടി ആ മലയുടെ മുകളിലേക്കു കേറി. ഇങ്ങനെ കേറുമ്പോൾ ഭൎത്താവു തന്നോടു ഒന്നും ഉരിയാടാതെയിരുന്നതു കണ്ട് അയാളുടെ ഉദ്ദേശം ഭദ്രായ്ക്കു മനസ്സിലായി. അവളോടു ആ ആഭരണങ്ങളെല്ലാം അഴിച്ച് അവളുടെ ഒരു വസ്ത്രത്തിൽ പൊതിഞ്ഞു് കെട്ടുവാൻ സത്തുകോ ആവശ്യപ്പെട്ടു. അവൾ അതിനെപ്പററി പ്രതിഷേധിച്ചപ്പോൾ, അവളുടെ ആഭരണം അപഹരിക്കുവാനാണ് താൻ അവളെ അവിടെ കൂട്ടിക്കൊണ്ടു വന്നതെന്നു് അയാൾ പറഞ്ഞു. താൻ ആഭരണങ്ങൾ എല്ലാം അഴിച്ചുവയ്ക്കുന്നതിനു മുമ്പു തനിക്കു് അദ്ദേഹത്തെ ആദ്യം അഭിമുഖമായും പിന്നീടു പുറകിൽ നിന്നും ആലിംഗനം ചെയ്യുവാൻ മോഹമുണ്ടെന്നു് അവൾ അപ്പോൾ അയാളെ ധരിപ്പിച്ചു. അതിനു അയാൾ സമ്മതിക്കുകയും ചെയ്തു. ആദ്യം അവൾ അയാളെ അഭിമുഖമായി നിന്നു് ആലിംഗനം ചെയ്തു. അനന്തരം അയാളുടെ പുറകിൽ നിന്നു് അയാളെ ആലിംഗനം ചെയ്തപ്പോൾ, അവൾ അയാളെ മലയുടെ അടിയിലേയ്ക്കു പിടിച്ചുതള്ളി. മലയുടെ അടിയിൽ വീണ് അയാൾ ഉടനെതന്നെ മരിക്കുകയും ചെയ്തു. അനന്തരം അവൾ ഒരു ജൈനശ്രമണിയായിത്തീൎന്നു. ജൈനമതസിദ്ധാന്തങ്ങളിൽ അവൾ അത്യധികം പാണ്ഡിത്യം നേടി. പിന്നീടു അവൾ നഗരങ്ങൾതോറും സഞ്ചരിച്ച് ഇതരമതപണ്ഡിതന്മാരെ തന്നോടു വാദത്തിനു വിളിച്ച് അവരെ എളുപ്പത്തിൽ തോല്പിക്കുന്നതിൽ

താല്പര്യം കാണിച്ചു. പലരേയും അവൾ വാദത്തിൽ തോല്പിച്ചു. എന്നാൽ ഒടുക്കം ശ്രാവസ്തിയിൽ വച്ചു ബുദ്ധമുനിയുടെ ഒരു പ്രധാനശിഷ്യനായ ശാരീപുത്രൻ അവളെ വാദത്തിൽ എളുപ്പം തോല്പിക്കുകയുണ്ടായി. ഉടനെ അവൾ തന്നെ ബുദ്ധമതത്തിൽ ചേർത്തു് അതിൻെറ സിദ്ധാന്തങ്ങൾ പഠിപ്പിക്കണമെന്നു ശാരീപുത്രനോട് അപേക്ഷിച്ചു. സമീപത്തുള്ള മഹാവിഹാരത്തിൽ അപ്പോൾ നിവസിച്ചിരുന്ന തൻെറ ഗുരു ബുദ്ധമുനിയെ ചെന്നു കാണാൻ അദ്ദേഹം അപ്പോൾ അവളോടു ഉപദേശിച്ചു. അവൾ ഉടനെ ബുദ്ധമുനിയെ ചെന്നുകണ്ടു്, അദ്ദേഹത്തിൽ നിന്നു ബുദ്ധമതതത്വങ്ങൾ പഠിച്ചു. അനന്തരം അവൾ ഒരു അതിപ്രസിദ്ധയായ ഭിക്ഷുണിയായിത്തീരുകയും ചെയ്തു. ഈ ഭദ്രായുടെ, അഥവാ, കുണ്ഡലകേശിയുടെ ചരിത്രത്തെ ആസ്പദിച്ചാണു ചെന്തമിഴിലെ ചിലപ്പതികാരം ആദിയായ അഞ്ചു മഹാകാവ്യങ്ങളിൽ ഒന്നായ കുണ്ഡലകേചി രചിച്ചിട്ടുള്ളതും.

ഭദ്രാകാപാലിനി, ഭദ്രാകച്ചാന (ഭദ്രകാഞ്ചന), സിഗാലമാതാ എന്നിവരാണു മററു മൂന്നു പ്രസിദ്ധഭിക്ഷുണികൾ. ഇവരിൽ ഭദ്രാകച്ചാന ഗൌതമബുദ്ധൻെറ ഭാര്യയും അദ്ദേഹത്തിൻെറ പുത്രനായ രാഹുലൻെറ മാതാവുമാണു്. ഭദ്രാകച്ചാന രാഹുലനെ പ്രസവിച്ച ദിവസമാണു് ഗൌതമബുദ്ധൻ ലൌകികജീവിതം പരിത്യജിച്ചു സന്യാസിയായിത്തീൎന്നതു്. മറെറാരു പ്രസിദ്ധഭിക്ഷുണി കിസാഗോതമിയാണു്. പാംസുക്രൂലത്തിൽനിന്നു എടുത്ത പരുപരുത്ത വസ്ത്രങ്ങൾ ധരിച്ചിരുന്ന ഭിക്ഷുണികളുടെ തലവിയായിരുന്നു കിസാഗോതമി. ശ്രാവസ്തിയിലെ ഒരു അതിദരിദ്രകുടുംബത്തിൽ ജനിച്ച അവളെ ഒരു ധനികൻ കല്യാണംകഴിക്കുകയുണ്ടായി. അവൾ ഒരു ദരിദ്രകുടുംബത്തിൽനിന്നു വന്നവളായതുകൊണ്ടു് അവളെ ഭൎത്താവിൻെറ വീട്ടുകാർ പുച്ഛിച്ചിരുന്നു. അവൾ ഒരു പുത്രനെ പ്രസവിച്ചപ്പോൾ, ഭൎത്താവിൻെറ വീട്ടുകാർ അവളോടു കൂടുതൽ ബഹുമാനത്തോടു പെരുമാറുകയുണ്ടായി. നിർഭാഗ്യവശാൽ ഈ ബാലൻ ഓടിനടക്കുന്ന പ്രായമായപ്പോൾ മൃതിയടഞ്ഞു. ഇതുനിമിത്തം കിസാഗോതമിക്കു ദുസ്സഹമായ ദുഃഖം തോന്നി. അവൾ ആ ബാലൻെറ മൃതശരീരം എടുത്തുകൊണ്ടു ശ്രാവസ്തിയിലുള്ള ഓരോ ഗൃഹത്തിലും ചെന്നു് ആ കുട്ടിയുടെ രോഗം ശമിപ്പിക്കുവാൻ വല്ല മരുന്നും കൊടുക്കണമെന്നു് യാചിച്ചുതുടങ്ങി. അവൾക്കു ചിത്തഭ്രമമാണെന്നു പറഞ്ഞു ജനങ്ങൾ അവളെ പരിഹസിക്കുകയും അവളെ കാണുമ്പോൾ കൂകിവിളിക്കുകയും ചെയ്തു. ഒരിക്കൽ ഒരു പണ്ഡിതൻ അവളെക്കണ്ടു് അവളുടെ തീവ്രസങ്കടം അറിഞ്ഞു് അവളോടു അടുത്തുള്ള ധൂര

വിഹാരത്തിൽ അന്നു പാൎത്തിരുന്ന ബുദ്ധമുനിയെ ചെന്നുകണ്ടാൽ അദ്ദേഹം അവളുടെ കുട്ടിക്കു മരുന്നു കൊടുക്കുമെന്നു പറഞ്ഞു. അതു കേട്ട് അവൾ ആ വിഹാരത്തിൽ ചെന്ന് ബുദ്ധമുനിയോടു കുട്ടിക്കു മരുന്നു തരണമെന്നു അപേക്ഷിച്ചു. അപ്പോൾ, "നീ ഈ നഗരത്തിലെ ഓരോ വീട്ടിലും ചെന്ന് അവിടെ മരണം ഒരിക്കലും ഉണ്ടായിട്ടില്ലെങ്കിൽ അങ്ങിനെയുള്ള വീട്ടിൽനിന്ന് കുറെ കടുകു പൊടിച്ചു വാങ്ങിക്കൊണ്ടുവരണം എങ്കിൽ ഞാൻ കുട്ടിയെ അതുകൊണ്ടു ചികത്സിക്കാം" എന്നു ബുദ്ധമുനി അവളോടു പറഞ്ഞു. അവൾ അതനുസരിച്ചു പല വീടുകളിലും അന്വേഷിച്ചു. എന്നാൽ ഒരു വീട്ടിലും മരണം ഉണ്ടാകാതെയിരുന്നിട്ടില്ലെന്നറിഞ്ഞു് അവൾ കടുകുപൊടി വാങ്ങിച്ചില്ല. അപ്പോൾ മരണം എല്ലാ മനുഷ്യൎക്കും വരുന്നതാണെന്നു അവൾക്കു ബോധംവന്നു. ഉടനെ അവൾ തന്റെ മരിച്ച കുട്ടിയെ ശ്മശാനത്തിലേക്കു കൊണ്ടുപോയി. അവിടെ അതിനെ മറവുചെയ്തു. അനന്തരം അവൾ അവിടെവെച്ചുതന്നെ ചുവടെ ചേൎത്തിരിക്കുന്ന പാലിശ്ലോകം പാടി:—

"നഗാമധമ്മോ നിഗമസ്സധമ്മോ
നചാപ്‌യം ഏകകുലസ്സധമ്മോ
സബ്ബസ്സ ലോകസ്സ സദേവകസ്സ
ഏസോവധമ്മോ യദിദം അനിച്ചത."

പിന്നീടു അവൾ ബുദ്ധമുനിയെ ചെന്നുകണ്ടു. കടുകുപൊടി കിട്ടിയോ എന്നു അദ്ദേഹം അവളോടു ചോദിച്ചു. ഇല്ല എന്നു മറുപടി പറഞ്ഞതിനുശേഷം തന്നെ ബുദ്ധമതതത്വങ്ങൾ പഠിപ്പിക്കണമെന്നു അവൾ അദ്ദേഹത്തോടു അപേക്ഷിച്ചു. പിന്നീടു അവൾ ഒരു ഭിക്ഷുണിയായിത്തീരുകയും ചെയ്തു.

# വാഗ്ഭടാനന്ദഗുരുക്കളുടെ വാചാടത്വം.

(തുടൎച്ച.)

(കലിയുഗഭീമൻ.)

വാഗ്ഭടാനന്ദഗുരുക്കൾ അവർകളുടെ പിന്നീട്ടുള്ള ആക്ഷേപം, കാവ്യജീവിതവൃത്തിയിൽ, പണ്ഡിതാഗ്രേസരനായ കോയിത്തമ്പുരാൻ അവർകളും, വടക്കുംകൂർ രാജരാജവൎമ്മ അവർകളും, പ്രവിവിക്ഷുക്കളായ വിദ്യാൎത്ഥികൾക്കു് ആകപ്പാടെ അലങ്കാരത്തിന്റെ സ്വരൂപം മനസ്സിലാകുവാൻ മാത്രമുപകരിക്കുമാറു നിൎമ്മിച്ച അലങ്കാരസാമാന്യലക്ഷണങ്ങൾ പ്രവേശം സിദ്ധിച്ചവൎക്കു വിചാരക്ഷമങ്ങളായ നിഷ്കൃഷ്ടലക്ഷണങ്ങളാകണമെന്നു് അവർ ഉദ്ദേശിച്ചിട്ടില്ലെന്നു പറഞ്ഞു് അവയിലെ ചില ദോഷങ്ങളെ എടുത്തുകാണിച്ചിരിക്കുന്നതിനെ സംബന്ധിച്ചാകുന്നു. പരന്മാർ പ്രദൎശിപ്പിച്ചിരിക്കുന്ന ആക്ഷേപങ്ങളെ നിരസിച്ചുകൊണ്ടു്, പ്രാചീനലക്ഷണങ്ങൾക്കു നിൎദ്ദോഷത്വം സ്ഥാപിക്കുന്നതു് ആശാസ്യംതന്നെയാകുന്നു. ശാസ്ത്രഗ്രന്ഥങ്ങളിൽ പലതിലും ആ സമ്പ്രദായം കാണുന്നുണ്ടു്. വിശിഷ്യ, വിനേയന്മാരുടെ പ്രതിഭാവൈശദ്യത്തിനു് ഉപകരിക്കുന്നതാകയാൽ ഈ രീതി ആദരണീയവുമാണു്. എന്നാൽ വാഗ്ഭടാനന്ദഗുരുക്കളുടെ താദൃശസംരംഭമാകട്ടെ, വിദ്യാൎത്ഥികൾക്കു് ഉപകരിക്കയല്ല, അപകരിക്കയാണു് ചെയ്യുന്നതെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ശാസ്ത്രത്തിൽ എത്തും പിടിയുമില്ലാത്തവർ ഈ വകയ്ക്കു തുനിയുന്നതു തീരെ അനാശാസ്യമാകുന്നു. "നഹിഗോധാസൎപ്പന്തി സൎപ്പണാദ്ധഹിൎഭവതി" എന്ന മഹാഭാഷ്യവചനം തള്ളിക്കളയത്തക്കതല്ല. ഗുരുമുഖേന അദ്ധ്യയനംചെയ്തു സമ്പാദിക്കേണ്ടതായ ശാസ്ത്രജ്ഞാനം സ്വയം ഗ്രന്ഥംനോക്കി കരസ്ഥമാക്കിയെന്നു വിചാരിച്ചു ഞെളിയുന്നതു് വിഡ്ഢിത്തമാണു്. ആ വക ഗ്രഹണം സൎവ്വഥാ വ്യാഹിതമായിരിക്കാനാണെളുപ്പം. അങ്ങിനെയിരിക്കെ, ഔദ്ധത്യം കൂടി കടന്നുപിടിച്ചിട്ടുണ്ടെങ്കിൽ പിന്നത്തെ അവസ്ഥ, "കപിരപിചകാപിശായനമദമത്തഃ" എന്നമട്ടിൽ അത്യന്തം ശോചനീയംതന്നെ.

ഗുരുക്കളവർകൾ പറയുന്നതു നോക്കുക.—

"ശബ്ദാൎത്ഥയോഃ പ്രസിദ്ധ്യാ വാ കവേഃ പ്രൌഢിവശേന വാ
ഹാരാദിവദലങ്കാരസ്സന്നിവേശോ മനോഹരഃ."

എന്ന ജയദേവരുടെ അലങ്കാരസാമാന്യലക്ഷണത്തിന്റെ വിവൃതിയായ മര

യിൽ 'ഹാരാദിവൽ' എന്നദൃഷ്ടാന്തം രമണീയതയെ പ്രതിപാദിക്കുന്നതാകുന്നുവെന്നും അതിനാൽ ശബ്ദാത്ഥങ്ങളുടെ ഘടനകൊണ്ടുണ്ടാകുന്ന ചമൽക്കാരജനികയായ രമണീയത(ഭംഗി)യാണലങ്കാരമെന്നും വൈദ്യനാഥനാൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു എന്നും മററും ശാസ്ത്രജ്ഞാനമോ അഥവാ ലോകജ്ഞാനമോ സ്വല്പമെങ്കിലുമുള്ള ഒരാഠം അലങ്കാരമെന്നതു രമണീയത(ഭംഗി)യാണെന്നുപറയുമോ എന്നാണെനിക്കു സംശയം! ലോകത്തിൽ അലങ്കാരമെന്നതു്, ഹാരകടകകുണ്ഡലാദികളാണു്; അതുകൊണ്ടു് ശരീരത്തിനുണ്ടാകുന്ന ഭംഗിയല്ല, എന്നതു തീച്ച്യയല്ലേ? ചാരുത്വാധായകങ്ങളാകയാലാണല്ലൊ ഹാരാദികളെ അലങ്കാരങ്ങളെന്നു പറയുന്നതു്. ഈ സംഗതി കേവലം ഗോപന്മാക്കുപോലുമറിയാം. ഇതാണു് ലോകത്തിലെ സ്ഥിതി. ശാസ്ത്രവും അന്യഥാ പ്രതിപാദിക്കുന്നില്ല. അതിനു തരവുമില്ല.

"കാവ്യശോഭാകരാൻ ധമ്മാനലങ്കാരാൻ പ്രചക്ഷതേ"

എന്നു ദണ്ഡിയും,

"കാവ്യശോഭായാഃ കത്താരോ ഗുണാസ്തദതിശയഹേതവസ്ത്വലങ്കാരാഃ."

എന്നു വാമനനും സ്പഷ്ടമായെടുത്തു പറഞ്ഞിരിക്കുന്നു. കാവ്യരൂപശബ്ദാത്ഥങ്ങളുടെ ശോഭയ്ക്കു—ഭംഗിക്കു—ഹേതുഭൂതമായ വസ്തുവാണു് അലങ്കാരമെന്നും നേരേമറിച്ചു രമണീയത് അല്ലെന്നും ഇതുകൊണ്ടു വ്യക്തമാകുന്നില്ലേ? ദണ്ഡിയെ അനുസരിക്കയും അനുവദിക്കയും ചെയ്യുന്ന ഭോജന്റെ അഭിപ്രായവും അതുതന്നെയാണു്. വൈയ്യാകരണന്മാക്കു പാണിനിമഹഷിയും പതഞ്ജലിമഹഷിയും എന്നപോലെ ആലങ്കാരികന്മാക്കു പ്രാമാണികന്മാരായിട്ടുള്ളവരാണു്, ധ്വന്യാലോകകത്താവായ ആനന്ദവദ്ധനാചായ്യരും ലോചനകാരനായ അഭിനവഗുപ്തപാദാചായ്യരും. അവരും അലങ്കാരം ചാരുത്വഹേതുവാണെന്നാണു് അഭിപ്രായപ്പെട്ടിരിക്കുന്നതു്. ചാരുത്വമാണെന്നല്ല.

"ശബ്ദാത്ഥശരീരം താവൽ കാവ്യം. തത്ര ച ശബ്ദഗതാശ്ചാരുത്വഹേതവോനുപ്രസാദയഃ പ്രസിദ്ധാ ഏവ; അത്ഥഗതാശ്ച ഉപമാദയഃ"

എന്ന ധ്വന്യാലോകപംക്തികളും,

"ദ്വിവിധം ചാരുത്വം, സ്വരൂപമാത്രനിഷ്ഠം സംഘടനാശ്രിതം ച, തത്ര ശബ്ദാനാം സ്വരൂപമാത്രകൃതം ചാരുത്വം ശബ്ദാലങ്കാരേഭ്യഃ; സംഘടനാശ്രിതന്തു ശബ്ദഗുണേഭ്യഃ; ഏവമത്ഥാനാം ചാരുത്വം സ്വരൂപമാ

ത്തനിഷ്ടം ഉപമാദിഭ്യഃ; സംഘടനാപര്യവസിതത്വാത്ഥഗുണേഭ്യ ഇതി" ഇത്യാദി 'ലോചന'വും നോക്കുക.

"ഉപകുവ്വന്തിതം സന്തം യേംഗദ്വാരേണജാതുചിൽ
ഹാരാദിവദലങ്കാരാസ്തേനു പ്രാസാദയോ മതാഃ"

എന്ന കാരികകൊണ്ടും അതിന്റെ വൃത്തികൊണ്ടും കാവ്യപ്രകാശകാരൻ കാവ്യപ്രദീപകാരൻ മുതലായവരും അലങ്കാരം ചാരുത്വമല്ല ചാരുത്വാധായകമാണെന്നു തന്നെയാണ് അഭിപ്രായപ്പെട്ടിരിക്കുന്നതു്.

"വ്യംഗ്യനാമാജീവിതത്വേന വക്തവ്യഃ യസ്യ ഗുണാലങ്കാരകൃത ചാരുത്വ പരിഗ്രഹ സാമ്രാജ്യം" എന്നു പറയുന്ന അലങ്കാരസവ്വസ്വകാരന്റെ അഭിപ്രായവും ചാരുത്വമല്ല ചാരുത്വ ഹേതുവാണെന്നു തന്നെയാണു്.

"ചാരുത്വഹേതുത്വേപി ഗുണാനാം അലങ്കാരാണാം ച ആശ്രയഭേദാൽ ഭേദവ്യപദേശഃ" എന്ന പംക്തികൊണ്ടു പ്രതാപരുദ്രീയകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നതും അലങ്കാരം ചാരുത്വഹേതുവെന്നാണു ചാരുത്വമെന്നല്ല. "ശബ്ദാത്ഥശോഭാതിശായിനോ രസാദേരുപകാരകായേ തേ അലങ്കാരാഃ" എന്നിങ്ങനെ സാഹിത്യദപ്പണകാരനും ചാരുത്വഹേതുവാണലങ്കാരമെന്നു സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ശോഭാതിശായിനഃ എന്നതിന്നു ശോഭാതിശയജനകാഃ എന്നാണു വ്യാഖ്യാനം,

"കാവ്യാത്മനോ വ്യംഗ്യസ്യ രമണീയതാപ്രയോജകാ അലങ്കാരാഃ" എന്നാണു രസഗംഗാധരകാരൻ പറഞ്ഞിരിക്കുന്നതു്. ശബ്ദാത്ഥരമണീയത എന്നല്ല. എന്തിനു വളത്തുന്നു—വാഗ്ഭടാനന്ദഗുരുക്കൾ അവർകൾ പ്രമാണമായുപന്യസിക്കുന്ന പിയൂഷവഷജയദേവന്റെ "ഹാരാദിവദലങ്കാരസ്സന്നിവേശോ മനോഹരഃ" എന്ന കാരികാഭാഗത്തിന്നും അതുതന്നെയാണത്ഥം. വിശേഷിച്ചു, 'ശബ്ദാത്ഥയോസ്സന്നിവേശഃ' എന്നതുകൊണ്ടു അതു രചനാസ്വരൂപമാണെന്നു ജയദേവൻ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. അതിന്നും പുറമെ, ഗുരുക്കൾക്കു പ്രാമാണികനായ വൈദ്യനാഥനാകട്ടെ തദ്വ്യാഖ്യാനമായ 'രമ'യിൽ സാമാന്യമായി സംസ്കൃതഭാഷാജ്ഞാനമുള്ളവൎക്കുപോലും അനായാസേന ഗ്രഹിക്കുമാറു "ശബ്ദാനാമത്ഥാനാഞ്ചായോ മനോഹരശ്ചമൽകൃതിജനകഃ സന്നിവേശസ്സമഭിവ്യാഹാരസ്സയഥാക്രമം ശബ്ദഗതോത്ഥഗതശ്ചാലങ്കാരഃ" എന്നു വിശദമാക്കീട്ടുമുണ്ടു് ശബ്ദങ്ങളുടേയും അത്ഥങ്ങളുടേയും ചമൽക്കാരജനകമായ സന്നിവേശം

അതായതു് സമഭിവ്യാഹാരമാകുന്ന രചനാവിശേഷം യാതൊന്നോ അതു തന്നെയാണു ശബ്ദഗതവും അർത്ഥഗതവുമായ അലങ്കാരം. എന്നിങ്ങിനെ ആ പംക്തികളുടെ അർത്ഥം ഗ്രഹിക്കാൻ ശാസ്ത്രജ്ഞാനമോ മറോ ആവശ്യവുമില്ല. എന്നിട്ടും ആക്ഷേപകൻ പറയുന്നു—"ഹാരാദിവൽ എന്ന ദൃഷ്ടാന്തം രമണീയതയെ പ്രതിപാദിക്കുന്നതാകുന്നുവെന്നും അതിനാൽ ശബ്ദാർത്ഥങ്ങളുടെ ഘടനകൊണ്ടുണ്ടാകുന്ന ചമൽക്കാരജനികയായ രമണീയത (ഭംഗി) യാണലങ്കാരമെന്നും വൈദ്യനാഥനാൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു" എന്നു്. എന്തൊരാശ്ചര്യം! "അത്രകശ്ചിൽസന്നിവേശ ഇത്യുക്തേഃ തദ്രൂപഏവായംനതുപുംസാം കുണ്ഡലാദിവൽപൃഥഗ്ഭൂതഃ അനുപ്രാസാദേശ്ശബ്ദ. ഏവാന്തർഭാവാൽ; ഉപമാദേരർത്ഥാന്തർഗതത്വാൽ. ഏവഞ്ചഹാരാദിവദിതി ദൃഷ്ടാന്തഃ ന സർവ്വാംശേ, അപിതു രമണീയതാമാത്രേ" എന്ന രമയിലെ ലളിതമായ വിവരണം കണ്ടിട്ടാണു് വാഗ്ഭടാനന്ദഗുരുക്കളവർകൾ ലോകത്തിന്നും ശാസ്ത്രത്തിന്നും വിരുദ്ധമായ നിലയിൽ രമണീയതയാണു് അലങ്കാരമെന്നു ധരിച്ചിരിക്കുന്നതെന്നുകൂടി അറിയുമ്പോൾ ആ ആശ്ചര്യം എങ്ങിനെയാണു് ഒരു വിലക്ഷണഭാവം കൈക്കൊള്ളാതിരിക്കുക. അഹോ കഷ്ടം! ഏതാണ്ടൊരു സന്നിവേശം എന്നു പറഞ്ഞിരിക്കയാൽ, ശബ്ദാർത്ഥസ്വരൂപം തന്നെയാണലങ്കാരം ഹാരാദികളെപ്പോലെ പൃഥഗ്ഭൂതമല്ല—വേർപെടുത്തിക്കാണിക്കാവുന്ന വസ്ത്വന്തരമല്ല. അതിനാൽ, 'ഹാരാദിവൽ' എന്ന ദൃഷ്ടാന്തം ന സർവ്വാംശേ അപിതു രമണീയതാമാത്രെ. പൃഥഗ്ഭൂതത്വം മുതലായ സർവ്വാംശത്തിലുമല്ല—രമണീയതാംശത്തിൽ മാത്രമാണു്. അതായതു ഹാരാദികൾ എങ്ങിനെ രമണീയമോ—ശരീരത്തിന്നു ശോഭാധായകമോ അതുപോലെ അലങ്കാരം ശബ്ദാർത്ഥശോഭാധായകമാണെന്നു മാത്രം! എന്നാണു രമയിലെ പ്രസ്തുത പംക്തികൾക്കർത്ഥമെന്നു സംസ്കൃതഭാഷയിൽ സാമാന്യജ്ഞാനമുള്ളവൎക്കുപോലും സുഗ്രഹമല്ലേ? മുഖം ചന്ദ്രനേപ്പോലെ എന്നതിലെ ചന്ദ്രനേപ്പോലെ എന്ന ദൃഷ്ടാന്തം വർത്തുളത്വാദി സർവ്വാംശത്തിലുമല്ല രമണീയതാംശത്തിൽ മാത്രം എന്നു പറഞ്ഞാൽ മുഖം രമണീയതയാണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നുവെന്നു ശാസ്ത്രജ്ഞാനവും സാഹിത്യജ്ഞാനവും പോകട്ടെ ഭാഷയിൽ സാമാന്യജ്ഞാനമെങ്കിലും ഇംഗ്ലീഷിൽ പറയുന്ന common sense എങ്കിലും ഉള്ളവർ പറയുമോ? എന്നാൽ, മാതൃഭൂമിയുടെ ആഴ്ചപ്പതിപ്പു വഴി വാഗ്ഭടാനന്ദഗുരുക്കൾ അവർകൾ മഹാജനസമക്ഷം ലജ്ജകൂടാതെ ഉദ്ഘോഷിക്കുന്നതു അങ്ങിനെയുള്ള അസംബന്ധമാണു്. സാഹിത്യലോകം ഇത്രത്തോളം ഉ

ഷിച്ചുപോയെന്നോ! ഏതായാലും ലോകത്തിന്നും ശാസ്ത്രത്തിന്നും ചേരാത്ത ഇത്തരം ഒരഭിപ്രായവുംകൊണ്ടാണു് ശ്രീമാൻ ഗുരുക്കളവർകൾ ഭാഷാഭൂഷണത്തിലെ അലങ്കാരസാമാന്യലക്ഷണത്തെ സമത്ഥിക്കയും കാവ്യജീവിതവൃത്തിയിലെ ലക്ഷണത്തെ ആക്ഷേപിക്കയും ചെയ്യുന്നതെന്ന സ്ഥിതി എത്രശോചനീയമാണു്? നോക്കുക.—

"ശബ്ദാത്ഥങ്ങളിൽ വെച്ചൊന്നിൽ വാച്യമായിട്ടിരുന്നിട്ടം
ചമൽകാരം ചമയ്ക്കുന്ന മട്ടലങ്കാരമായിട്ടം."

എന്ന ഭാഷാഭൂഷണലക്ഷണത്തിൽ, 'മട്ടു്'=ഭംഗി (രമണീയത) അലങ്കാരസാമാന്യലക്ഷണം. "ശബ്ദത്തിലെ മട്ടു് ശബ്ദത്തിൽ അലങ്കാരമാണു്. അത്ഥത്തിലെ മട്ടു് അത്ഥത്തിലെ അലങ്കാരമാണു്" എന്നും മററും ജല്പിക്കുന്നതും.

"ശബ്ദരചന, അത്ഥരചന എന്നിവ തമ്പുരാൻെറ ലക്ഷണകാരികയിലെ ഏതംശംകൊണ്ടാണു് സിദ്ധിച്ചതു്? തമ്പുരാനാൽ 'മട്ടു്' എന്നാകുന്ന വിശേഷ്യമായി നിർദ്ദേശിക്കപ്പെട്ടതു്. അതിനു് രചന എന്നത്ഥം എങ്ങിനെ പറഞ്ഞു? 'മട്ടു്' എന്നതിനു് ഭംഗി എന്നാകുന്ന അത്ഥം" എന്നും മററും ആക്ഷേപിക്കുന്നതും.

മലയാളപദമായ 'മട്ടു്' എന്നതിനു പ്രകാരം, രീതി, സമ്പ്രദായം, രചന എന്നീ അത്ഥമല്ലാതെ രമണീയത, സൌന്ദയ്യം ചന്തം എന്നൊന്നും അത്ഥമില്ലെന്നും സംസ്കൃതപദമായ 'ഭംഗി' മട്ടിൻെറ പയ്യായമാണെന്നും ആക്ഷേപകൻ മനസ്സിലാക്കീട്ടില്ലെന്നല്ലാതെ മററെന്തു പറയട്ടെ. 'ഭംഗി' എന്ന പദത്തെ രമണീയത എന്ന അത്ഥത്തിൽ സാധാരണ സംസ്കൃതഭാഷയിൽ പ്രയോഗിക്കുക പതിവില്ല. എന്നാൽ മലയാളത്തിൽ 'ചന്ത'ത്തിന്നു പയ്യായമായി പ്രയോഗിച്ചു കാണുന്നുണ്ടു്. താദൃശപ്രയോഗം, പുണ്യാദിജന്യഫലരൂപാത്ഥത്തിൽ പുണ്യമെന്നും പാപമെന്നും മററും പ്രയോഗിക്കാറുള്ളതുപോലെ കായ്യകാരണഭേദമൂലകമാകയാൽ ഔപചാരികമാണു്. അഥവാ പ്രയോഗപ്രാചുയ്യത്താൽ 'ഭംഗി' എന്ന പദം ചന്തം സൌകയ്യം എന്ന അർത്ഥത്തിൽ ഭാഷയിൽ രൂഢമായിട്ടുണ്ടെന്നു തന്നെയിരിക്കട്ടെ. എന്നാലും മട്ടു് എന്നതിനു രമണീയത എന്നു അർത്ഥമില്ലാതിരിക്കെ, അതിൻെറ വിവരണമായ 'ഭംഗി' എന്ന പദം രമണീയത എന്ന അർത്ഥത്തിലാണു തമ്പുരാൻ പ്രയോഗിച്ചിരിക്കുന്നതെന്നു വിചാരിക്കാൻ ഒരവകാശവുമില്ല.

"പര്യായോക്തമുരച്ചീടിൽ വാച്യം താൻ വ്യംഗ്യഭംഗിയിൽ"

"വാച്യത്തിനെത്തന്നെ വ്യംഗ്യസമ്പ്രദായത്തിൽ പറയുന്നതു പര്യായോക്തം" എന്ന ഭാഷാഭൂഷണത്തിലെ കാരികയും വൃത്തിയും ശ്രദ്ധിച്ചിട്ടുള്ള ഒരാളും തമ്പുരാൻ ചന്തമെന്ന അർത്ഥത്തിൽ 'ഭംഗി' ശബ്ദം പ്രയോഗിച്ചതായി വിചാരിക്കയുമില്ല. ഇതിനെല്ലാം പുറമെ, അലങ്കാരമെന്നതു ശബ്ദാർത്ഥങ്ങളുടെ രമണീയതയാണെന്നു ശാസ്ത്രജ്ഞനായ തമ്പുരാൻ സ്വപ്നത്തിൽപ്പോലും വിചാരിക്കയോ ആ ഉദ്ദേശത്തിൽ 'ഭംഗി' ശബ്ദം പ്രയോഗിക്കയോ ചെയ്കയില്ലെന്നുള്ളതു ശാസ്ത്രജ്ഞാനമെന്നുവേണ്ട ലോകജ്ഞാനമെങ്കിലുമുള്ള വർക്കൊക്കയുമറിയാം. സ്വയം തന്നെ പ്രമാണമായുദ്ധരിച്ച, "ഹാരാദിവദലങ്കാരസ്സന്നിവേശോ മനോഹരഃ" എന്നതിലെ സന്നിവേശപദത്തെ സമഭിവ്യാഹാരമെന്നു ഗുരുക്കളുടെ പ്രാമാണികനായ വൈദ്യനാഥൻ വ്യക്തമായി വ്യാഖ്യാനിച്ചിരുന്നിട്ടും അലങ്കാരം രമണീയതയാണെന്നു പറയുന്ന ഗുരുക്കൾക്കു പക്ഷേ എന്തുമാവാമായിരിക്കാം. തന്നെപ്പോലെ തമ്പുരാനെയും ഗണിക്കുന്നതു അന്യായമാണെന്നു മാത്രമേ തല്ക്കാലം പറയുന്നുള്ളൂ.

'ഘടനയെക്കൊണ്ടുണ്ടാകുന്ന ഭംഗി അലങ്കാരം'

എന്ന സ്വോക്തിക്കു വിരുദ്ധമായി, "ശബ്ദജ്ഞാനം കൊണ്ടുണ്ടാകുന്ന ഭംഗി ശബ്ദാലങ്കാരം, അർത്ഥജ്ഞാനം കൊണ്ടുണ്ടാകുന്ന ഭംഗി അർത്ഥാലങ്കാരം, ശബ്ദാർത്ഥജ്ഞാനം കൊണ്ടുണ്ടാകുന്ന ഭംഗി ഉഭയാലങ്കാരം" എന്നിങ്ങിനെ വേറേയും പല അസംബന്ധങ്ങളും ഗുരുക്കൾ എഴുന്നള്ളിക്കുന്നുണ്ട്. ആദ്യം ഭംഗി ഘടനകൊണ്ടാണുണ്ടാകുന്നതെന്നു പറഞ്ഞു. പിന്നീട് അതു ശബ്ദജ്ഞാനംകൊണ്ടാണുണ്ടാകുന്നതെന്നു പറയുന്നു. ഗുരുക്കളുടെ വാക്കുകൾക്കെന്നപോലെ ഭംഗിയ്ക്കും വ്യവസ്ഥയില്ലെന്നോ! ശബ്ദജ്ഞാനം കൊണ്ടാണോ ഭംഗി ഉണ്ടാവുന്നതു്? ശബ്ദജ്ഞാനംകൊണ്ടു "ശബ്ദഭംഗിയുടെ ഉൽപത്തി; അതിന്റെ ശേഷം സഹൃദയന്റെ ശ്രവണം, അതിന്നുശേഷം ഭാവന, അതിന്നുശേഷം ആഹ്ലാദം ഇങ്ങിനെയാണ് ആഹ്ലാദരൂപമായ കാര്യം ഉളവാകുന്നതു്." എന്നിങ്ങിനെ ഉൽപത്തിക്രമത്തെപ്പോലും ഗുരുക്കളവർകൾ സൂക്ഷ്മേക്ഷികയാ നിർദ്ദേശിച്ചു നിലകൊള്ളുന്നു. ഈ വക അസംബന്ധങ്ങൾ സമാധാനമർഹിക്കുന്നവയാണോ? അഥവാ പറഞ്ഞുതുടങ്ങിയാൽ എവിടെയാണവസാനിക്കുക.

ഭൂഷണോക്തലക്ഷണത്തിൽ, "വാച്യമായിട്ടിരുന്നിട്ടും" എന്നു പറഞ്ഞിരിക്കക്കൊണ്ടു ആ ലക്ഷണം വ്യംഗ്യരൂപമായ സമാസോക്തി മുത

ലായ്‌വയിലും രസവദാദ്യലങ്കാരങ്ങളിലും അവ്യാപ്തമാകയാൽ നിഷ്കൃഷ്ടമല്ലെന്നാണല്ലോ കാവ്യജീവിതവൃത്തിയിൽ പ്രതിപാദിച്ചിരിക്കുന്നതു്. അതിലേക്കു വാഗ്ഭടാനന്ദഗുരുക്കൾ പറയുന്നതാകട്ടെ— "വാച്യമായിരിക്കുന്ന ചമൽകാരഭംഗിയാണലങ്കാരമെന്നേ തമ്പുരാൻ പറഞ്ഞിട്ടുള്ളു. വ്യംഗ്യാർത്ഥം മുഴുക്കെ അലങ്കാരമല്ലെന്നു തമ്പുരാൻ പറഞ്ഞിട്ടില്ല" എന്നും മററുമാകുന്നു. അലങ്കാരം ശബ്ദാർത്ഥഭംഗിയാണെന്ന മതം പോയി; ചമൽകാരഭംഗി—ചമൽകാരത്തിന്റെ ഭംഗി—ആണെന്നായി. ശിവ ശിവ! ഇതെന്തൊരു സമ്പ്രദായം? ഇങ്ങിനെ വ്യവസ്ഥകെട്ട വാക്കുകൾക്കു എങ്ങിനെ എന്തെന്നു വെച്ചു സമാധാനം പറയും? പക്ഷെ, 'ചമൽകാരഭംഗി' എന്നതുകൊണ്ടു തന്റെ, 'ചമൽകാരജനിക'യായ ഭംഗി അതായതു ശബ്ദാർത്ഥഭംഗി എന്നായിരിക്കാം വിവക്ഷിച്ചിരിക്കുന്നതു്. ഗുരുക്കൾ അവർകൾക്കു വിവക്ഷിച്ചുകൂടാത്തതും പറഞ്ഞുകൂടാത്തതുമായി വല്ലതുമുണ്ടോ? നോക്കുക. വാച്യമായ ശബ്ദാർത്ഥഭംഗിയാണലങ്കാരമെന്നു പറഞ്ഞാൽ വ്യംഗ്യമായ അർത്ഥങ്ങളിൽ കുറെയൊക്കെ അലങ്കാരമാണെന്നാവുമത്രെ! അപ്പോൾ വാച്യമെന്ന പദത്തിന്റെ അർത്ഥം വാച്യവും വ്യംഗ്യത്തിൽ കുറെയൊക്കയും എന്നായിരിക്കേണ്ടേ? ഗുരുക്കൾ പറയുന്നതു ശരിയാവണമെങ്കിൽ അങ്ങിനെയാവണമല്ലോ? ഈ വക പ്രലപനം ഏതുവകയിൽപ്പെട്ടതായിരിക്കുമെന്നു വായനക്കാർ തീർച്ചയാക്കിയാൽ മതി. പണ്ഡിതംമാനിയായ ഗുരുക്കൾ വാച്യപദവാച്യമായി വിചാരിക്കുന്ന ആ വക വ്യംഗ്യം ഇന്നതാണെന്നു നിഷ്കർഷിക്കയും ചെയ്യുന്നു. വാച്യമെന്നു വെച്ചാൽ പ്രധാനവ്യംഗ്യഭിന്നമാണെന്നു പറയുന്നു. വാച്യം വ്യംഗ്യഭിന്നമാകയാൽ വാച്യപദത്തിന്നു വ്യംഗ്യഭിന്നമെന്നാണർത്ഥമെന്നു പറഞ്ഞാൽ ഈയുള്ളവനു മനസ്സിലാക്കാൻ കഴിയും. അതുതന്നെയാണു തമ്പുരാൻ പറഞ്ഞിട്ടുള്ളതും. നേരെമറിച്ചു വ്യംഗ്യംതന്നെയായ അപ്രധാനവ്യംഗ്യം വാച്യമല്ലായ്കയാൽ അതിനെക്കൂടി വാച്യപദവാച്യമാക്കിക്കൊണ്ടു പ്രധാനവ്യംഗ്യഭിന്നമെന്നിങ്ങിനെ വാച്യപദത്തിന്നു അർത്ഥം പറയുന്നതു എങ്ങിനെയാണെന്നു ആർക്കും മനസ്സിലാകുന്നതല്ല. അസംബന്ധമായി വല്ല പദത്തിന്നും വല്ല അർത്ഥവും പറഞ്ഞാൽ ആർക്കെങ്കിലും മനസ്സിലാകുമോ? ആരെങ്കിലും വിലവെച്ചു കൊടുക്കുമോ? ഇത്തരം അസംബന്ധകഥനംകൊണ്ടു കാവ്യജീവിതവൃത്തിയിൽ പറഞ്ഞ അവ്യാപ്തി പരിഹരിച്ചതായി അഭിമാനിക്കുന്നതു എന്തു വങ്കത്തമാണു് "അതിൽ വ്യംഗ്യനിഷ്ഠമായതിനെ അലംകാരമായി ഗണിച്ചിട്ടില്ല. അതിലേക്കായി 'വാച്യമായിട്ടു" എന്ന വിശേ

ഷണം ചേത്ത് ഏവവഞ്ചശബ്ദാത്ഥങ്ങൾ രണ്ടിലൊന്നിനെ ആശ്രയിച്ചിരിക്കുന്നതും വ്യംഗ്യഭിന്നവും ചമൽകാരജനകവുമായ വസ്തു അലങ്കാരം എന്നു അലങ്കാരസാമാന്യലക്ഷണം". എന്നിങ്ങനെ തമ്പുരാൻ തന്നെ തൻെറ കാരികയുടെ അർത്ഥം ഇന്നതാണെന്നു—അത്രായതു വ്യംഗ്യനിഷ്ഠമായതിനെ അലങ്കാരമായി ഗണിച്ചിട്ടില്ലെന്നും അതുകൊണ്ടാണു വാച്യമെന്നു പ്രയോഗിച്ചിരിക്കുന്നതെന്നും അതിനാൽ വ്യംഗ്യഭിന്നം മാത്രമാണലങ്കാരമെന്നും വ്യക്തമായി വിവരിച്ചു കാണിച്ചിട്ടും അതിന്നു വിപരീതമായി അസംബന്ധമായി ആക്ഷേപകൻ അർത്ഥം കല്പിക്കുന്നതു നോക്കുക. ഇനി, പ്രയോക്താവിൻെറ വിവക്ഷയ്ക്കും വിവരണത്തിന്നും വിരുദ്ധവും ശശവിഷാണപ്രായവുമായ ആ വക അർത്ഥം "തുഷ്യതുദുർജ്ജന"ന്യായേന അഥവാ, കുരുക്കളല്ലേ പറഞ്ഞിരിക്കുന്നതു്? അല്ലെന്നു പറഞ്ഞാൽ കുരുത്തക്കേടില്ലേ എന്നുവെച്ചു സമ്മതിക്കുന്നതായാലും അതുകൊണ്ടു പ്രയോജനം കാണുന്നില്ല. അതിലേയ്ക്കു, ആലങ്കാരികന്മാർ അലങ്കാരധ്വനികളായി നിശ്ചയിച്ചു സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നവയെ ഗുരുക്കൾ അവർകൾ ധ്വനിയിൽ നിന്നും അലങ്കാരത്തിലേയ്ക്കു തരം താഴ്ത്തിക്കൊണ്ടുള്ള ഒരു ആർഡർ ഒപ്പിട്ടയക്കുകയും അതു സാഹിത്യലോകം സമ്മതിക്കുകയും വേണ്ടിയിരിക്കുന്നു. ഗുരുക്കൾ അങ്ങിനെ ചെയ്യുമെങ്കിലും സാഹിത്യലോകം അതു വകവെയ്ക്കുമോ? അതാണു സങ്കടം.

(തുടരും)

# ഹിമപ്രളയങ്ങൾ

(ടി. സുധാകരമേനോൻ എം. എസ്സ് സി.

ഭൂമിയിൽ മൂന്നു പ്രാവശ്യം ഹിമപ്രളയങ്ങളുണ്ടായതായി ഭൂഗർഭശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. ഹിന്ദുക്കളുടെ പുരാണങ്ങളിൽ വർണ്ണിച്ചുകാണുന്ന പ്രളയങ്ങളും ഒരു പക്ഷേ ഇവയെത്തന്നെയായിരിക്കാം സൂചിപ്പിക്കുന്നതു്.

ഈ ഹിമപ്രളയങ്ങൾ ഉണ്ടായതെന്തുകൊണ്ടാണെന്ന് ഇതുവരെ ശരിയായി മനസ്സിലായിട്ടില്ല. എങ്കിലും അവയ്ക്ക് അനവധികാരണങ്ങളുണ്ടെന്നു വ്യക്തമാണ്. ഭൂമിയിൽ ഉണ്ടായിട്ടുള്ള പർവ്വതനിർമ്മാണചലനങ്ങളോടൊന്നിച്ചുതന്നെയാണ് ഈ ഹിമപ്രളയങ്ങളുമുണ്ടായിട്ടുള്ളതു്. എങ്കി

ല്യം ഹിമപ്രളയങ്ങളുടെ കാരണം പർവ്വതനിർമ്മാണചലനങ്ങളായിരുന്നുവെന്ന് നമുക്ക് സധൈര്യം പറയുവാൻ നിവൃത്തിയില്ല. വായുമണ്ഡലത്തിലെ അംഗാരാമ്ലം നന്നെ കുറഞ്ഞുപോകുമ്പോളായിരുന്നു ഹിമപ്രളയങ്ങളുണ്ടായതെന്ന് ചില ഭൂഗർഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. ഈ അഭിപ്രായവും സംശയാസ്പദമാണ്. ഹിമപ്രളയകാലങ്ങളിൽ, വായുമണ്ഡലത്തിലെ അംഗാരാമ്ലം വളരെ കുറഞ്ഞുപോകുമെന്നുള്ളത് ഒരു പക്ഷെ വാസ്തവമായിരിക്കാമെങ്കിലും, ഇതു് ഹിമപ്രളയത്തിന്റെ കാരണമായി സ്വീകരിക്കുവാൻ സംശയിക്കേണ്ടിയിരിക്കുന്നു. വലിയ അഗ്നിപർവ്വതക്ഷോഭങ്ങൾ നിമിത്തം വായുമണ്ഡലം ധൂളികളാൽ നിറയപ്പെടുമ്പോഴാണ് ഹിമപ്രളയങ്ങളുണ്ടാകുന്നതെന്നും മററുചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഭൂമിയിൽ ജീവജാലങ്ങൾ ഉത്ഭവിക്കുന്നതിന്നു മുമ്പായിട്ടായിരുന്നു ഒന്നാമത്തെ ഹിമപ്രളയമുണ്ടായതു്. കാനഡായിൽ നിപ്പിഗോൺതടാകത്തിന്റേയും ഹ്യൂറോൺതടാകത്തിന്റേയും ഇടയ്ക്കുള്ള പ്രദേശത്തിൽ ഈ ഹിമപ്രളയത്തിന്റെ അവശിഷ്ടങ്ങളുണ്ടെന്നാണ് പ്രൊഫ്സർ കോൾമാന്റെ അഭിപ്രായം. ഇതുപോലെതന്നെ ആസ്ത്രേലിയായിലും ടാസ്മേനിയായിലും ഇത്തരം അവശിഷ്ടങ്ങൾ കാണുന്നുണ്ട്. നോർവെയുടെ ധ്രുവപ്രദേശങ്ങളിൽ ഒരു ഹിമപ്രളയത്തിന്റെ അവശിഷ്ടങ്ങളുണ്ടെന്ന് ഡാക്ടർ റോയ്ഷ് 1891-ൽ അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. ഈ ഹിമപ്രളയത്തിന്റെ അവശിഷ്ടങ്ങളെത്തന്നെ വടക്കേഅമേരിക്കയിലും ചൈനയിലും ആഫ്രിക്കയിലും സ്കോട്ട്ലാൻറിലും കണ്ടുവരുന്നുണ്ട്. ഈ വിഷയത്തെക്കുറിച്ച് വടക്കേഅമേരിക്കയിൽ സുപ്പീരിയർ തടാകപ്രദേശത്തു് ഡാക്ടർ ബെല്ലും ചൈനയിൽ പ്രൊഫ്സർ ഇഡ്ഡിങ്സും പര്യവേക്ഷണങ്ങൾ നടത്തീട്ടുണ്ട്. ഇൻഡ്യയിൽ കഡപ്പയിലും സിംലയ്ക്കടുത്തുള്ള ബ്ളെയിനിനദീതീരത്തിലും ഇത്തരം അവശിഷ്ടങ്ങളുണ്ട്. ലേഖകൻ ഇത്തരം അവശിഷ്ടങ്ങളെ ബ്ളെയിനിനദീതീരത്തിൽ പലേടത്തും കണ്ടിട്ടുണ്ട്.

അംഗാരയുഗത്തിന്റെ അവസാനത്തോടുകൂടിയാണ് രണ്ടാമത്തെ ഹിമപ്രളയമുണ്ടായതു്. ഈ ഹിമപ്രളയത്തിന്റെ അവശിഷ്ടങ്ങളെ ആദ്യമായി സർ ആൺഡ്രൂ റാംസെ 1855-ൽ ഇംഗ്ലണ്ടിൽ കണ്ടുപിടിച്ചു. ഇന്ത്യയിലെ ടാൽചീർപാറകൾ ഇത്തരം അവശിഷ്ടങ്ങളാണെന്ന് 1856-ൽ ഡോക്ടർ ഡബ്ളിയു. ടി. ബ്ളാൻഫോർഡ് കണ്ടുപിടിച്ചു. ലേഖകൻ ഈ ടാൽചീർപാറകളെ ധൻബാദ് എന്ന സ്ഥലത്തു കണ്ടിട്ടുണ്ട്. ഇവ

യ്യൂക്ക് ടാൽചീർപാറകൾ എന്ന പേരുസിദ്ധിക്കുവാൻ കാരണം, ഈ പാറകൾ ആദ്യമായി കണ്ടുപിടിക്കപ്പെട്ടതു് ഒറീസ്സയിലെ ടാൽചീർജില്ലയിലായിരുന്നതിനാലാണ്. രാജമഹാൾകുന്നുകൾ മുതൽ ഗോദാവരിനദിവരേയും റാണിഗഞ്ച് മുതൽ നാഗപ്പൂരുവരെയും ഉള്ള പ്രദേശങ്ങളിലെല്ലാം ടാൽചീർ പാറകളെ കണ്ടുവരുന്നുണ്ടു്. അരാവല്ലി, സാൾട്രേഞ്ച്, രജപുത്താന മുതലായ സ്ഥലങ്ങളിലും ടാൽചീർ പാറകളുണ്ടു്. ഈ പാറകളിൽനിന്നു് പന്നാവർഗ്ഗത്തിലുൾപ്പെട്ട ഗ്ലോസോപ്ടെറിസ്, ഗംഗമോപ്ടറീസ് സിഗ്മോഫൈല്ലം, വെർട്ടിബ്രേറിയ, സമാറോപ്സിസ്, പോക്കോപ്ടെറിസ് മുതലായ പല സസ്യങ്ങളുടേയും അവശിഷ്ടങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടു്. ഇവയെ കൽക്കട്ടയിലെ ഇൻഡ്യൻ മ്യൂസിയത്തിൽ കാണാവുന്നതാണ്. ഈ ഹിമപ്രളയത്തിൻെറ അവശിഷ്ടങ്ങളെത്തന്നെ ആസ്ത്രേലിയായിൽ വിക്ടോറിയയിലും ന്യൂസൌത്ത്‌വേയിത്സിലും കണ്ടുവരുന്നുണ്ടു്. 1870-ൽ സതർലാൻഡ് എന്ന ഭൂഗർഭശാസ്ത്രജ്ഞൻ തെക്കെ ആഫ്രിക്കയിലെ കാരൂ എന്ന പ്രദേശത്തും ഇവയെ കണ്ടുപിടിക്കയുണ്ടായി. ആൽപ്സിൽ ഇവ ഉള്ളതായി ഹെറിററ്ഷും, ജമ്മനിയിൽ റൂർ എന്ന പ്രദേശത്തുള്ളതായി ഫ്രെഷും രേഖപ്പെടുത്തീട്ടുണ്ടു്.

മൂന്നാമത്തെ ഹിമപ്രളയമുണ്ടായതു് മനുഷ്യാവതാരയുഗത്തിലായിരുന്നു. ഡബ്ളിയു ടി. ബ്ളാൻഡ്ഫോർഡ്, ഡബ്ളിയു തിയോബാൾഡ്, ടി. എച്ച്. ഡി. ലാട്ടുഷ് മുതലായ സുപ്രസിദ്ധഭൂഗർഭശാസ്ത്രവിദഗ്ദ്ധന്മാരുടെ പര്യവേഷണഫലമായി, ഈ ഹിമപ്രളയത്തിൻെറയും അവശിഷ്ടങ്ങൾ ഇന്ത്യയിൽ കണ്ടുപിടിയ്ക്കപ്പെട്ടിട്ടുണ്ടു്. തെക്കെ ഇന്ത്യയിലെ ശെവറോയി, ആനമല, നീലഗിരി എന്നീ മലകളിലും സിലോണിലെ പെഡ്രോഡലാഗാലാമലയിലും ഹിമാലയത്തിലുള്ള പല സസ്യങ്ങളേയും ജന്തുക്കളേയും നാം കണ്ടുവരുന്നു. ഇതുപോലെ തന്നെ ബീഹാറിലെ പാശ്പനാഥ്മലയിലും രജപുത്താനയിലെ ആബുമലയിലും ഹിമാലയത്തിലെ പല സസ്യങ്ങളേയും കണ്ടുവരുന്നുണ്ടു്. നീലഗിരിയിലും സഹ്യാദ്രിയിലും കണ്ടുവരുന്നവരയാടും, ഹിമാലയത്തിൽ കാശ്മീർ മുതൽ ഭൂട്ടാൻ വരെ കണ്ടുവരുന്ന കാട്ടാടും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. ഹിമാലയത്തിലുള്ള പല സസ്യങ്ങളും ജന്തുക്കളും ഇങ്ങിനെ തെക്കെ ഇന്ത്യയിലും സിലോണിലും വന്നുചേർന്നിട്ടുള്ളതു് ഒരു ഹിമപ്രളയത്തിൻെറ അനന്തരഫലമാണെന്നാണു ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. രാവൽപിണ്ടിയിൽ പൊത്ത്‌വാർ മൈതാനങ്ങളിൽ കാണുന്ന പാറകളും ഈ ഹിമപ്രളയത്തിൻെറ അവശി

ഷ്ടങ്ങളാണെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. സിക്കിമിലെ താഴ്വരകളും ഈ ഹിമപ്രളയത്തിന്റെ അനന്തരഫലങ്ങളാണെന്നാണു പ്രഫ്സർ ഗാർവുഡ്ഡിന്റെ അനുമാനം. ഇന്ത്യയിൽ ഉണ്ടായിരുന്നതായി നമുക്കറിയാവുന്നവയായ പതിനഞ്ചുതരം ആനകളും ശിവാത്തീറിയം മുതലായ മൃഗങ്ങളും പെട്ടെന്നു നശിച്ചുപോയതു് ഈ ഹിമപ്രളയത്താൽ മാത്രമായിരിക്കുവാനേ തരമുള്ളുവെന്നാണു സുപ്രസിദ്ധപ്രകൃതിശാസ്ത്രജ്ഞനായ ആൽഫ്രെഡ്റസ്സൽവാല്ലസ്സിന്റെ അഭിപ്രായം.

ഇന്നും ഹിമാലയാപർവ്വതങ്ങളിൽ അനവധി ഹിമപ്രവാഹങ്ങളുണ്ടു്. സേമു, കിഞ്ചിഞ്ചംഗ, രൂപ്പാൽ, മിയാമീർ, സോനപാനി, കോശ, ഗംഗോത്തരി, കേദാർനാഥ്, ബിയാഫൊ, ബാൽടോറൊ, ഹിസ്പാർ, ചോഗൊലുങ്ഗ്മാ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. ഈയ്യിടെ നന്ദാദേവിയിലേയ്ക്കും എവറസ്റ്റിലേയ്ക്കും ആരോഹണം ചെയ്തവർ ഇവയെക്കുറിച്ചു പല സംഗതികളും കണ്ടുപിടിച്ചിട്ടുണ്ടു്. കമയൂണിൽ കാണുന്ന മിക്ക തടാകങ്ങളും ഹിമപ്രവാഹങ്ങൾ നിമിത്തം ഉണ്ടായവയാണത്രെ.

# അവകാശവാദം

(ഡാക്ടർ എൽ. എ. രവിവർമ്മ.)

പാശ്ചാത്യരുടെ പ്രായോഗികസിദ്ധാന്തങ്ങൾ ഇന്നു് ന്യായമായി തങ്ങൾക്കുള്ള അവകാശത്തിനു വേണ്ടി വാദിച്ചോ, വേണ്ടിവന്നാൽ ബലം കൂടി പ്രയോഗിച്ചോ, സാധിക്കുന്നതു വിഹിതം തന്നെ എന്നാകുന്നു. ഈ സിദ്ധാന്തം ഇന്നു പാശ്ചാത്യരുടെ ശിഷ്യവർഗ്ഗങ്ങളുടെ ഇടയിൽ ലോകം ഒട്ടുക്കു തന്നെ ഉണ്ടു്. പൂർവ്വകാലങ്ങളിൽ പ്രയോഗത്തിൽ ഭാരതഭൂമിയിലും അവകാശസ്ഥാപനത്തിനു വേണ്ടിയുള്ള വാദസമരാദികൾ ഉണ്ടായിട്ടുള്ളതായി കാണാമെങ്കിലും അവരുടെ സംസ്കാരദൃഷ്ട്യാ ഇതൊരു ഉത്തമപദ്ധതിയായി കരുതിയിരുന്നില്ല എന്നുള്ളതിനു ധാരാളം തെളിവുണ്ടു്.

അവകാശവാദത്തിൽ അന്തർഭവിക്കുന്ന തത്വം പ്രതിപക്ഷിയിൽ നിന്നും ബലം പ്രയോഗിച്ചു് ഒരു സംഗതിയെ താൻ സ്വായത്തമാക്കുന്ന തു

പത്തിലുള്ളതാകുന്നു. ഇവിടെ രണ്ടു കക്ഷിയും ഒരാൾ കൊടുക്കുകയില്ലെന്നും മററെയാൾ മേടിക്കുമെന്നും ഉള്ള വാശിയും ഉണ്ടാകുന്നു. വാശിപോലെ, നീണ്ടുനില്ക്കുന്നതായ ഒരസമാധാനബീജം, വേറെയില്ല; എന്നുവരുമ്പോൾ, അവകാശവാദത്തിൻെറ പരമ്പരാസിദ്ധമായി ജനിക്കുന്ന ഫലം വളരെ നാളത്തേയ്ക്കു നീണ്ടുനില്ക്കുന്ന അസമാധാനം—രണ്ടുകൂട്ടർക്കുമുള്ള അസമാധാനം—മാത്രമാകുന്നുവെന്നു കാണാം.

ശരി, എന്നാൽ ആരും തങ്ങളുടെ അവകാശത്തിനു വേണ്ടി വാദിക്കേണ്ടയോ? ഒരാൾ മററൊരാൾക്കു ന്യായമായി ലഭിക്കേണ്ട അവകാശത്തെ കൊടുക്കുന്നില്ലെങ്കിൽ നഷ്ടക്കാരൻ മിണ്ടാണ്ടു് നഷ്ടം സഹിച്ചു അടങ്ങണമെന്നോ? അങ്ങനെ ആയാൽ ഈ ലോകം നടക്കുമോ? ഇല്ല. ഇങ്ങനെ വേണമെന്നും അല്ല. സമുദായം അതിൽപ്പെട്ട എല്ലാ വ്യക്തികളെക്കൊണ്ടും അവരവർ പ്രവൎത്തിക്കാൻ നിർബന്ധിതമായിട്ടുള്ള ധൎമ്മങ്ങളെ ചെയ്യിക്കാൻ, നിഷിദ്ധമായ കൃത്യങ്ങളിൽനിന്നും തടയുവാൻ, സദാ ജാഗരൂകമായി വൎത്തിക്കുകയും അതു സമുദായത്തിൻെറ പ്രധാന ധൎമ്മമായി കരുതുകയും ചെയ്താൽ മുൻപറഞ്ഞ ദോഷം കൂടാതെ ലോകത്തിനു സുഖമായ ഗതി സാധിക്കും. എനിക്കു വേണം എന്നു വാദിക്കുന്ന വ്യക്തിയോടു ജനിക്കുന്ന വിധത്തിലുള്ള വാശി ധൎമ്മത്തിൽ ചരിപ്പിക്കാനായി ബലം പ്രയോഗിക്കപോലും ചെയ്യുന്ന സമുദായത്തിനോടു ആൎക്കും ഉണ്ടാവാൻ വയ്യ. തൂക്കാൻ വിധിക്കുന്ന ജഡ്ജിയോടു പകയുണ്ടാകുക തീരെത്തന്നെ സാധാരണമല്ലല്ലൊ. പൗരസ്ത്യർ പൂൎവ്വകാലങ്ങളിൽ വ്യക്തിക്കുള്ള അവകാശങ്ങളെ ശരിയായി ചെന്നുചേരത്തക്കവണ്ണം കല്പിച്ച മാൎഗ്ഗം ഇതുതന്നെയാണു്; സമുദായം അതിൽപ്പെട്ട ഓരോ വ്യക്തിയെക്കൊണ്ടും വിധി നിഷേധരൂപത്തിലുള്ള എല്ലാ കൎത്തവ്യങ്ങളേയും പ്രയോഗിപ്പിക്കുക എന്നുള്ളതു തന്നെ. ഇവിടെ വാദിയില്ല. പ്രതി വാദിയെ കൎത്തവ്യലോപത്തിനു ശിക്ഷിക്കുന്നതു അപൗരുഷേയവും (Impersonal) സമുദായസമ്മതവും ആയ ധൎമ്മനിയമമാണു്. ഈ നിയമത്തെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുന്നതു പ്രാഡ്വിവാകന്മാർ, ധൎമ്മനിയമപരതന്ത്രരാകയാൽ അവർ വ്യക്തികളേയല്ല; ധൎമ്മനിയമത്തിൻെറ കരണങ്ങൾ മാത്രമാണു്.

ഈ തത്വം തന്നെയാണു് ഇന്നത്തെ സോവിയററിസം മുതലായ ചില നവീനപ്രസ്ഥാനങ്ങളുടെ മൂലരൂപം എന്നുകൂടി ഇടയ്ക്കു അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ഇപ്പറഞ്ഞതുകൊണ്ടു സോവിയററിസം സാധുവാണെന്നോ

അപ്പടിയേ സ്വീകാര്യമാണെന്നോ അർത്ഥമില്ല. അതിൽ ലീനമായിട്ടു മുൻപറഞ്ഞ തത്വം അന്തർഭവിക്കുന്നുണ്ടു് എന്നേ കരുതേണ്ടു.

ബാല്യം മുതൽ ഗൃഹത്തിലും ഗുരുകുലങ്ങളിലും വച്ചു സ്വധർമ്മനിർവ്വഹണം സ്വഭാവകല്പമായി തീരാൻ തക്കവിധമുള്ള നിരന്തരാഭ്യാസം കൊണ്ടു വ്യക്തികൾക്കു സ്വധർമ്മത്തിനു എതിരായ വിധമുള്ള വൃത്തി എളുപ്പമല്ലാത്തവിധം ആക്കിത്തീർക്കാൻ കഴിയും. ഇങ്ങനെയല്ലാതെ—സ്വധർമ്മനിർവ്വഹണം സ്വഭാവമാക്കിത്തീർത്തല്ലാതെ—ഗ്രന്ഥജ്ഞാനാദികൊണ്ടോ മറേറതെങ്കിലും ഒരു മാർഗ്ഗംകൊണ്ടോ ലോകത്തിനു ശാശ്വതമായ ഒരു ശാന്തി സാദ്ധ്യമല്ല. ഇക്കാര്യത്തിൽ ലോകത്തിൻെറ ദൃഷ്ടി കാര്യമായി പതിഞ്ഞുതുടങ്ങുന്നതുവരെ നാനാതരത്തിലുള്ള കലാപങ്ങളും സമരങ്ങളും ഒടുങ്ങുകയില്ല. മഹാനുഭാവന്മാരായ എല്ലാ ലോകാചാര്യന്മാരുടേയും പ്രധാന ഉപദേശവും ഇതുതന്നെ. ഈ മാർഗ്ഗത്തിലേയ്ക്കു ഗുരുക്കന്മാരുടേയും രക്ഷാകർത്താക്കന്മാരുടേയും മനസ്സു ചായാൻ സർവ്വജ്ഞൻ അനുഗ്രഹിക്കട്ടെ.

# മംഗോളിയൻ പ്രാബല്യം

(എൻ. കേശവപിള്ള ബി. എ., എൽ. ടി.)

## I

പതിമ്മൂന്നാം ശതകത്തിൻെറ ആരംഭത്തോടുകൂടി ലോകചരിത്രത്തിൻെറ നേതൃത്വം വഹിച്ചുതുടങ്ങിയ ഒരു ജനതയാണ് മംഗോളിയർ. ബി. സി. രണ്ടാം നൂററാണ്ടു മുതൽ ഇവരെക്കുറിച്ചു് അറിവുണ്ടെങ്കിലും, ഇവരുടെ സംഹാരശക്തിയെക്കുറിച്ചു മററു ജനതകൾ ഭയന്നുതുടങ്ങിയെങ്കിലും, ലോകചരിത്രത്തിൻെറ പ്രധാന പ്രവാഹങ്ങളിൽ ഇവർക്ക് വലിയ പങ്കൊന്നും ഇല്ലായിരുന്നു. ചൈനയുടെ വടക്കൻപ്രദേശങ്ങളിൽ ഉത്ഭവിച്ച ഇവർ പശ്ചിമയൂറോപ്പും ഏഷ്യയുടെ തെക്കുപടിഞ്ഞാറൻ ഭാഗങ്ങളും ഒഴിച്ചുള്ള യൂറേഷ്യ മുഴുവൻ വ്യാപിച്ചിരുന്നു. ഇവർക്കു സ്ഥിരമായ ഒരു വാസസ്ഥലമോ, സ്ഥിരവാസത്തിനുള്ള താല്പര്യമോ ഇല്ലായിരുന്നു. പൂർവ്വകാലങ്ങളിൽ കുതിരപ്പാലും മാംസവും ഭക്ഷിച്ചു് കൂടാരങ്ങളിൽ ജീവിച്ചിരുന്ന ഇവർ പതിമ്മൂന്നാം ശതകത്തിൻെറ ആരംഭമായപ്പോൾ, അതുവരെ

സ്വീകരിച്ചിരുന്ന ചൈനാസാമ്രാജ്യത്തിന്റെ സാമന്താവസ്ഥയെ പരിത്യജിച്ചു സ്വതന്ത്രരാവുകയും തങ്ങളോടു രക്തസംബന്ധമുള്ള ഇതരവർഗ്ഗങ്ങളുമായി ഒരു സൈനികസഖ്യത്തിൽ ഏർപ്പെടുകയും "സൈബീരിയായിൽ ആനൻ" നദീതീരത്തിൽ തങ്ങളുടെ പ്രധാനകേന്ദ്രം സ്ഥാപിക്കയും ചെയ്തു.

ഏകകേന്ദ്രകമായിരുന്ന ചീനാസാമ്രാജ്യത്തിന്റെ സന്ധിബന്ധങ്ങൾ ഇക്കാലത്തു് ശിഥിലങ്ങളായിത്തീർന്നിരുന്നു. പത്താംശതകത്തിൽ പൂർവ്വപ്രതാപങ്ങൾ നശിച്ചു്, ടാങ്ങ്‌രാജവംശം അധഃപതനോന്മുഖമായി ശേഷിച്ചു. പരസ്പരസ്പർദ്ധയോടുകൂടികഴിഞ്ഞിരുന്ന വിവിധ സംസ്ഥാനങ്ങളുടെ കലഹകലാപാനന്തരം ആ മഹാസാമ്രാജ്യം മൂന്നു സാമ്രാജ്യങ്ങളായി പിരിഞ്ഞു് സമാധാനാവസ്ഥയെ പ്രാപിച്ചു:— അവ "പെക്കിൻ"നഗരം തലസ്ഥാനമായ, വടക്കുള്ള "കിൻ" സാമ്രാജ്യം; നാൻകിൻ രാജധാനിയോടുകൂടിയ തെക്കുള്ള "സങ്ങ്" സാമ്രാജ്യം, മദ്ധ്യസ്ഥമായ "സിയ" സാമ്രാജ്യം ഈ മൂന്നും ആയിരുന്നു.

ചീനാസാമ്രാജ്യത്തിന്റെ പ്രതാപനാശത്തോടുകൂടി മംഗോളിയൻ സൈനികസംഘത്തിന്റെ നേതാവായിത്തീർന്നതു് ലോകപ്രസിദ്ധനായ "ജെൻഗിസ്ഖാൻ" ആയിരുന്നു. അദ്ദേഹം . ഒരു ദിഗ്വിജയത്തിനൊരുങ്ങി. അസംഖ്യം കുതിരപ്പടയാളികളോടുകൂടി അദ്ദേഹം 1214-ൽ കിൻസാമ്രാജ്യത്തെ ആക്രമിച്ചു് തലസ്ഥാനമായ പെക്കിൻ പിടിച്ചു. അതിനെത്തുടൎന്നു്, പടിഞ്ഞാറൻ ടർക്കിസ്ഥാൻ, പേർഷ്യ, അർമ്മേനിയാ, ഹംഗറി, സൈലീഷ്യവരെയുള്ള ദക്ഷിണറഷ്യ, ലാഹോർവരെയുള്ള ഉത്തരഭാരതം ഇവ ഓരോന്നായി അവർക്കു കീഴടങ്ങി. 1227-ൽ അദ്ദേഹത്തിന്റെ മരണകാലത്തു് മംഗോളിയൻ സാമ്രാജ്യം ശാന്തസമുദ്രം മുതൽ പടിഞ്ഞാറു് നീപ്പർ നദിവരെ വ്യാപിച്ചിരുന്നു.

അടുത്ത നേതാവായ ഓഗഡിഖാൻ മംഗോളിയായിൽ "കാറക്കോറം" എന്ന ഒരു നഗരം സാമ്രാജ്യത്തിന്റെ തലസ്ഥാനമായി സ്ഥാപിച്ചശേഷം തന്റെ അത്ഭുതകരമായ ദിഗ്വിജയം ആരംഭിച്ചു. മംഗോളിയൻ സൈന്യം യുദ്ധതന്ത്രത്തിൽ സുശിക്ഷിതമായിരുന്നു. ചൈനാക്കാർ കണ്ടുപിടിച്ചിരുന്ന വെടിമരുന്നും ഒരുതരം ചെറുതോക്കുകളും അവർ ഉപയോഗിച്ചിരുന്നു. കിൻസാമ്രാജ്യത്തെ സമ്പൂർണ്ണമായി കീഴടക്കിയശേഷം 1235-ൽ സ്വസൈന്യത്തെ റഷ്യക്കെതിരായി നിയോഗിച്ചു. 1240-ൽ

ത്ത പ്രദേശം മുഴുവൻ കീഴടങ്ങി മംഗോളിയരുടെ സാമന്തസ്ഥാനം സ്വീകരിച്ചു. 1241-ൽ പോളണ്ടിനെ ആക്രമിക്കയും തദ്ദേശീയരും ജമ്മൻകാരും ഉൾപ്പെട്ട ഒരു സൈന്യത്തെ സൈലീഷ്യൻ നിമ്നപ്രദേശങ്ങളിൽ വച്ചു സംഹരിക്കയും ചെയ്തു. അതിനു പടിഞ്ഞാറുള്ള പ്രദേശങ്ങൾ മംഗോളിയൻ സൈന്യവിന്യാസകൌശലങ്ങൾക്ക് യോജിക്കാത്ത വനങ്ങളാകയാൽ അവർ അതിനപ്പുറം കടക്കാൻ ശ്രമിച്ചില്ല. അതിനാൽ ഹംഗറിയിൽ പ്രവേശിച്ച് ജനങ്ങളെ നശിപ്പിച്ചും കീഴടക്കിയും അവിടെ താമസിക്കാൻ തുടങ്ങി. എന്നാൽ 1242-ൽ ഓഗഡിഖാൻ പെട്ടെന്നു മരിച്ചതിനാൽ പിൻതുടച്ചയെ സംബന്ധിച്ചു തക്കങ്ങളുണ്ടാകയും അതിൽ സംബന്ധിക്കുന്നതിനു് തോൽവി എന്തെന്നറിയാത്ത മംഗോളിയൻ സൈന്യം സ്വദേശത്തേയ്ക്കു തിരിക്കയും ചെയ്തു.

അനന്തരം മംഗോളിയരുടെ പ്രവൃത്തിരംഗം ചൈനയിലേയ്ക്കു മാറുന്നു. 13-ാം ശതകത്തിന്റെ മദ്ധ്യത്തിൽ അവർ സങ്സാമ്രാജ്യം കീഴടക്കി. 1251-ൽ മംഞ്ജുഖാൻ, ഓഗഡിഖാന്റെ സ്ഥാനം പ്രാപിച്ചു. അദ്ദേഹത്തിന്റെ സഹോദരനായ കുബ്ളൈഖാനെ ഉടൻതന്നെ ചൈനയുടെ ഗവണ്ണരായി നിയമിച്ചു. 1260-ൽ മംഞ്ജു മരിച്ചപ്പോൾ കുബ്ളൈഖാൻ മംഗോളിയരുടെ നേതൃസ്ഥാനം സ്വീകരിച്ചു. 1280-ൽ അദ്ദേഹം ചീനചക്രവത്തിയായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹം സ്ഥാപിച്ച യുവൻരാജവംശം 1368 വരെ ചൈനയിൽ നിലനിന്നു. 1292-ൽ കുബ്ളൈഖാൻ മരിച്ചു.

മംഞ്ജുഖാന്റെ മറെറാരു സഹോദരനായ "ഹലഗു" സിറിയ, പേഷ്യ മുതലായ രാജ്യങ്ങൾ കീഴടക്കി. ഇക്കാലത്തു മംഗോളിയർ മഹമ്മദമതത്തോടു പരമവൈരം പ്രദശിപ്പിച്ചിരുന്നു. അവർ ബാഗ്ഡാഡ് പട്ടണം കീഴടക്കിയപ്പോൾ ജനങ്ങളെ മുഴുവൻ വധിക്കയും അതിപുരാതനകാലം മുതൽ മെസൊപ്പൊട്ടേമിയായെ ഫലപുഷ്ടവും ജനനിബിഡവുമായി രക്ഷിച്ചിരുന്ന അവിടത്തെ ജലസേചനശില്പങ്ങളെ നശിപ്പിക്കയും ചെയ്തു. അന്നത്തെ നാശത്തിൽ നിന്നു മെസൊപ്പൊട്ടേമിയാ ഇതുവരെ മുക്തി സമ്പാദിച്ചിട്ടില്ല. ഇന്നും ആ പ്രദേശം ഫലശൂന്യവും പ്രായേണ ജനശൂന്യവും ആണു്. മംഗോളിയർ ഈജിപ്തിലേയ്ക്കു കടന്നില്ല. ഈജിപ്തിലെ സുൽത്താൻ പാലസ്റ്റയിനിൽ വച്ച് ഹലഗുവിന്റെ സൈന്യത്തെ നിശ്ശേഷം തോല്പിച്ചു. അതിനോടുകൂടി മംഗോളിയൻ സൈന്യസമുദ്രത്തിന്റെ വേലിയിറക്കം ആരംഭിച്ചു. വിപുലമായ മംഗോളിയൻ സാമ്രാജ്യം പല

വിഭാഗങ്ങളായിത്തീൎന്നു. പൗരസ്ത്യരാജ്യവാസികളായ മംഗോളിയർ ബുദ്ധമതവും പാശ്ചാത്യർ മഹമ്മദുമതവും സ്വീകരിച്ചു. ബുദ്ധമതസ്വീകരണം മംഗോളിയരുടെ ശക്തി നാശത്തിനുള്ള കാരണങ്ങളിൽ ഒന്നായി ഗണിച്ചുവരുന്നു. ചൈനയിലെ മംഗോളിയരുടെ യുവാൻ രാജവംശത്തെ 1368-ൽ ചീനർ തോല്പിച്ചു മിങ്ങ് രാജവംശം സ്ഥാപിച്ചു. മംഗോളിയരുടെ സാമന്തന്മാരായിരുന്ന റഷ്യാക്കാർ 1480-ൽ മാസ്കോവിലെ പ്രഭുവായ "ഇവാൻ മൂന്നാമ"ന്റെ നേതൃത്വത്തിൽ സ്വതന്ത്രരായി ആധുനികറഷ്യയുടെ അടിസ്ഥാനം ഉറപ്പിച്ചു.

14-ാംശതകത്തിൽ ജൻഗിസ്ഖാന്റെ വംശജനായ ടൈമൂറിന്റെ ആധിപത്യത്തിൽ, അണഞ്ഞിരുന്ന മംഗോളിയൻ പ്രതാപാഗ്നി ഒന്ന് ആളിക്കത്തി. ടൈമൂർ പടിഞ്ഞാറൻ ടൎക്കിസ്ഥാനത്തിന്റെ നായകനായി, 1369-ൽ "വലിയഖാൻ" എന്ന സ്ഥാനം സ്വീകരിച്ചു. അദ്ദേഹം സിറിയമുതൽ ഡൽഹി വരെ വ്യാപിച്ച ഒരു സാമ്രാജ്യം സ്ഥാപിച്ചെങ്കിലും സ്ഥാപകന്റെ മരണത്തെ അതിജീവിക്കാനുള്ള ദീൎഘായുൎയോഗം ആ സാമ്രാജ്യത്തിന് ലഭിച്ചില്ല. ടൈമൂറിന്റെ ഗോത്രജനായ ബേബർ തോക്കുകളോടുകൂടിയ ഒരു സൈന്യം ശേഖരിച്ചു ഇൻഡ്യയിൽ ഒരു രാജ്യം സ്വാധീനമാക്കി. മംഗോളിയരെ അറബികൾ മുഗളർ എന്നാണ് വിളിച്ചിരുന്നത്.

## II

മംഗോളിയരുടെ 13-ാംശതകത്തിലെ ദിഗ്വിജയത്തിന്റെ ഫലം വിവിധവും ദൂരവ്യാപിയും ആണ്. ഒട്ടോമാൻ എന്ന് അറിയപ്പെട്ടിരുന്ന ഒരു വൎഗ്ഗം, ടൎക്കുകളെ മംഗോളിയർ ടൎക്കിസ്ഥാനത്തുനിന്നു ഏഷ്യാമൈനറിലേയ്ക്കു ഓടിച്ചു. അവർ അവിടെ പ്രാബല്യം ഉറപ്പിച്ചുകൊണ്ടു ഡാർഡനൽസ് കടന്നു മാസിഡോണിയ, സെർബിയാ, ബൾഗേറിയ ഈ രാജ്യങ്ങളെ കൊള്ളചെയ്തു. 16-ാംനൂററാണ്ടിൽ അവർ പേഴ്സ്യ, ഈജിപ്റ്റ് ഹംഗറി, മെഡിററേനിയന്റെ ദക്ഷിണതീരങ്ങൾ ഇവ സ്വാധീനമാക്കി ഒട്ടോമാൻ സാമ്രാജ്യം സ്ഥാപിച്ചു. മംഗോളിയൻ ദിഗ്വിജയം യൂറോപ്പിൽ പല പരിവൎത്തനങ്ങൾക്കും കാരണമായി. അതു യൂറോപ്യന്മാരുടെ ഭൂഖണ്ഡപരിജ്ഞാനത്തെ വിപുലമാക്കുകയും വിജ്ഞാനതൃഷ്ണയെ വികസിപ്പിക്കയും ചെയ്തു. മംഗോളിയൻ പ്രാബല്യകാലത്ത് ഏഷ്യയും പശ്ചിമയൂറോപ്പുമായി സ്വച്ഛന്ദസംസൎഗ്ഗം ഉണ്ടായിരുന്നു. സഞ്ചാരമാൎഗ്ഗങ്ങൾ ആ

ക്കും യഥേഷ്ടം തുറന്നുകിട്ടി. എല്ലാജനതയുടേയും പ്രതിനിധികൾ കാറ ക്കോറം നഗരത്തിൽ ഹാജരുണ്ടായിരുന്നു. ക്രിസ്തുമതവും മഹമ്മദുമതവും തമ്മിലുണ്ടായ വൈരംകൊണ്ടു നിലവിലിരുന്നിരുന്ന പ്രതിബന്ധങ്ങൾ ദുർബലങ്ങളായിത്തീൻ, വിവിധദേവതാരാധനയോടുകൂടിയ "ഷൂമനിസം" എന്ന പുരാതനമതം അനുഷ്ഠിച്ചിരുന്ന മംഗോളിയരെ ക്രിസ്തുമതത്തിൽ ചേക്കാമെന്നു പോപ്പു മോഹിച്ചിരുന്നു. പോപ്പിൻെറ സന്ദേശവാഹകന്മാർ, ഇൻഡ്യയിൽനിന്നു പുറപ്പെട്ട ബൗദ്ധപുരോഹിതന്മാർ, ചൈന, ഇററലി, പാരീസു മുതലായ സ്ഥലങ്ങളിലെ ശില്പികൾ, അർമ്മീനിയൻ വ്യാപാരികൾ, അറബികളായ ഉദ്യോഗസ്ഥന്മാർ, പേഷ്യയിൽനിന്നും ഇൻഡ്യയിൽനിന്നും ഉള്ള ഖഗോളശാസ്ത്രികൾ, ഗണിതശാസ്ത്രജ്ഞന്മാർ മുതലായ പലതരക്കാർ കാറക്കോറം നഗരത്തിൽ വസിച്ചിരുന്നു. മംഗോളിയരുടെ സംഗ്രാമകാംക്ഷിത്വത്തേയും നരമേധങ്ങളേയും കുറിച്ച് നാം വേണ്ടതിലധികം കേൾക്കുന്നുണ്ടെങ്കിലും അവരുടെ ജ്ഞാനതൃഷ്ണയെക്കുറിച്ചു വേണ്ടിടത്തോളം ഇതുവരെ അറിഞ്ഞിട്ടില്ല. അവർ പുതിയ കണ്ടുപിടിത്തങ്ങൾ ധാരാളം നടത്തിയിരുന്നില്ലെങ്കിലും ജ്ഞാനത്തെ വിദേശങ്ങളിൽ പ്രചരിപ്പിക്കുന്ന വിഷയത്തിൽ ലോകചരിത്രം അവരെ നല്ലവണ്ണം ബഹുമാനിക്കേണ്ടതാണ്. ജൻഗിസ്ഖാൻ, കുബ്ലൈഖാൻ ഇവരുടെ വ്യക്തിമാഹാത്മ്യം കാലയവനികയുടെ മറവിൽക്കൂടി അവ്യക്തമായിമാത്രമേ നമുക്കു കാണ്മാൻ കഴിയുന്നുള്ളു എങ്കിലും അവർ അലക്സാണ്ടർ, ചാർലിമെൻ മുതലായവരിൽനിന്നു ജ്ഞാനം, സംസ്കാരം ഇവയിൽ ഒട്ടും താണവരല്ലെന്നു നിശ്ചയമാണ്.

II

മംഗോളിയൻരാജധാനിയിൽ സന്ദർശകരായിപ്പോയിട്ടുള്ളവരിൽ ഒരാളാണ് വെനീസുകാരനായ മാക്കോപോളോ. അയാൾ ഒരു സഞ്ചാരവിവരണം എഴുതിയിട്ടുണ്ട്. മുമ്പൊരിക്കൽ ചൈന സന്ദർശിച്ചിട്ടുണ്ടായിരുന്ന തൻെറ പിതാവിനോടും പിതൃവ്യനോടുംകൂടി 1272-ൽ അയാൾ ചൈനയിലെത്തി. അവരെക്കണ്ടു ഖാനു വളരെ കൗതുകം തോന്നി. ക്രിസ്തുമതം പഠിപ്പിക്കുന്നതിനുള്ള പണ്ഡിതന്മാരേയും തനിക്കു കൌതുകംതോന്നിയിട്ടുള്ള പല യൂറോപ്യൻസാധനങ്ങളേയുംകുറിച്ച് അദ്ദേഹം വളരെയെല്ലാം അവരോടു ചോദിച്ചു.

മാക്കോപോളോവിൻെറ രണ്ടാമത്തെ യാത്രയിൽ അയാൾ പെക്കിൻനഗരത്തിൽവച്ചു കുബ്ലൈഖാനെ കണ്ടു. ഖാൻ അയാളെ സന്തോഷത്തോടുകൂടി സ്വീകരിച്ചു. മാക്കോയുവാവും സമത്ഥനും ആയിരുന്നതിനാൽ മംഗോളിയരുടെ ഭാഷയായ "ടാർടർ" നല്ലവണ്ണം പഠിച്ചു. അയാളെ

ഖാൻ ഒരു ഉദ്യോഗസ്ഥനായി നിയമിക്കയും പലപ്പോഴും തെക്കുപടിഞ്ഞാറൻചൈനയിലേയ്ക്കു പല കാര്യങ്ങൾക്കായി അയയ്ക്കുകയും ചെയ്തിരുന്നു. തന്റെ ഗ്രന്ഥത്തിൽ ഈ യാത്രകളെ മാർക്കോ നല്ലവണ്ണം വർണ്ണിച്ചിട്ടുണ്ട്. സമൃദ്ധികൊണ്ടു മന്ദഹസിക്കുന്ന വിസ്തൃതഭൂഭാഗങ്ങൾ, സഞ്ചാരികളുടെ ആവശ്യത്തിലേയ്ക്കു സ്ഥാപിച്ചിട്ടുള്ള ഒന്നാംതരം സത്രങ്ങൾ, ഭംഗിയേറിയ പാടങ്ങൾ, ഉദ്യാനങ്ങൾ, അസംഖ്യം ബുദ്ധവിഹാരങ്ങൾ, മനോഹരങ്ങളായ പട്ടുവസ്ത്രങ്ങൾ, വിചിത്രങ്ങളായ പൊൻപണികൾ, ഇടകലർന്നുകാണുന്ന നഗരങ്ങൾ മുതലായവയെക്കുറിച്ചുള്ള വിവരണങ്ങൾ യൂറോപ്യൻവായനക്കാരുടെ കൗതുകത്തെ വളരെ വർദ്ധിപ്പിച്ചു. ബർമ്മയേയും അനേകശതം ഗജങ്ങളോടുകൂടിയ അവരുടെ വിപുലസൈന്യത്തേയും ബാണധാരികളായ മംഗോളിയൻ പടയാളികൾ അവരെ തോല്പിച്ച സമ്പ്രദായത്തേയും മാർക്കോ വിവരിച്ചിട്ടുണ്ട്. ജപ്പാനിൽ ധാരാളം സ്വർണ്ണമുണ്ടായിരുന്നു എന്ന് അയാൾ അതിശയോക്തിയോടുകൂടി വർണ്ണിച്ചിരിക്കുന്നു. യാംഗ്ചോനഗരത്തിലെ ഗവർണ്ണരായി അയാൾ മൂന്നുവർഷം ജോലിനോക്കിയിരുന്നു. അയാളെ ഇൻഡ്യയിലേയ്ക്കും സന്ദേശവാഹകനായി അയച്ചിരിക്കാൻ ഇടയുണ്ട്. 1277-ൽ ചൈനയിലെ ഉദ്യോഗസ്ഥന്മാരുടെകൂട്ടത്തിൽ ഒരു പോളോവെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

മംഗോളിയന്മാരുടെ ദിഗ്വിജയത്തിനും പ്രാബല്യത്തിനും കാരണം അവരുടെ സംഖ്യാബാഹുല്യവും കിരാതക്രൗര്യവും ആണെന്നാണു സാധാരണ ചരിത്രകാരന്മാർ പറയാറുള്ളത്. എന്നാൽ ഈയിടെയാണു യൂറോപ്യൻ ചരിത്രനിർമ്മാതാക്കൾ, അവരുടെ യുദ്ധതന്ത്രനൈപുണ്യമാണ് അവരുടെ പ്രാബല്യത്തിനു ഹേതുവായിരുന്നതെന്നു മനസ്സിലാക്കിയത്. അനേകംമൈൽ നീളത്തിൽ സൈന്യങ്ങളെ നിരത്തുന്നതിനും അവയെ ഒരു ചെറു വ്യൂഹമെന്നപോലെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും മംഗോളിയർക്കു നിഷ്പ്രയാസം സാധിച്ചിരുന്നു. അക്കാലത്തെ യൂറോപ്യൻ സേനാനായകന്മാർക്ക് ആ സമ്പ്രദായം കേവലം ആശാതീതമായിരുന്നു. ഒന്നാംകിടയിലുള്ള സേനാധിപന്മാർ യൂറോപ്യൻ സൈന്യത്തിലില്ലായിരുന്നു. സുശിക്ഷിതവും സുസംഘടിതവും ആയ ഒരു ചാരസംഘം അവർക്കു സ്വാധീനമായിരുന്നു. ആക്രമിക്കുവാനൊരുങ്ങുന്ന രാജ്യത്തിന്റെ തല്ക്കാലാവസ്ഥയും ഭൂസ്ഥിതിയും ചാരന്മാർ മുഖേന അവർ മുൻകൂട്ടി അറിഞ്ഞിരുന്നു. ഇപ്പോൾ ഏഷ്യയുടെ ബഹുഭൂരിഭാഗത്തെ അധിവസിക്കുന്ന ജനത ഈ മംഗോളിയന്മാരുടെ സന്താനങ്ങളാണ്. ഉന്തിയ താടിയെല്ലും ചരിഞ്ഞു വീതികുറഞ്ഞ കണ്ണുകളും മഞ്ഞനിറവും ആണ്

അവരുടെ പ്രത്യേകതകൾ. അവരുടെ രണ്ടു പ്രബലവിഭാഗങ്ങളാണു പരസ്പര വൈരത്തോടുകൂടി ലോകസന്ദാഹകമായ ഒരു ഭയങ്കരയുദ്ധത്തിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതു്.

## വിശ്വഭാരതി

(കെ. സി. പിള്ള.)

മഹാകവി രവീന്ദ്രനാഥടാഗ്ഗൂറിൻെറ വിശ്വവിഖ്യാതമായ വിശ്വഭാരതിയെപ്പററി കേട്ടിട്ടില്ലാത്തവർ ഇന്നു് അധികം പേർ കാണുകയില്ലെങ്കിലും അതിൻെറ നാനാമുഖങ്ങളായ പ്രവൎത്തനങ്ങളുടെ വിശദമായ വിവരങ്ങൾ അറിയുന്നതിനു പലരും ആഗ്രഹിക്കുന്നുണ്ടെന്നു് കുറച്ചുകാലമായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. സംസ്കാരസമ്പന്നവും കലാസമ്പൂൎണ്ണവുമായ ആ മനോഹരാശ്രമത്തിലെ ഏതാനും സംവത്സരക്കാലത്തെ അധിവാസം കഴിഞ്ഞു മടങ്ങിവന്നതുമുതൽ അതിൻെറ ഒരു പൂൎണ്ണസ്വരൂപം മലയാളികളായ വായനക്കാൎക്കു് പ്രദാനം ചെയ്യണമെന്നു് എനിക്കു് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ, പല അസൌകൎയ്യങ്ങളാൽ അതു് ഇതേവരെ സാധിക്കാൻ കഴിഞ്ഞില്ല. ഇപ്പോഴാകട്ടെ പറവൂരിലെ 'ഗുരുനാഥനു'മായി എനിക്കുണ്ടായ ഒരു ബന്ധത്തിൻെറ പ്രേരണ ശാന്തിനികേതനത്തിലെ ആ ഗുരുനാഥൻെറ അപദാനങ്ങളെ വൎണ്ണിക്കുന്നതിനു് എന്നെ നിർബ്ബന്ധിക്കുകയും അതിനാൽ ആ പാവനകൎമ്മം ക്രമേണ ഈ പംക്തികൾ മുഖേന നിറവേററി കൃതജ്ഞതനേടാമെന്നു് ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

ബങ്കാളിൻെറ പടിഞ്ഞാറുഭാഗത്തായി കൽക്കത്തയിൽനിന്നും ഏകദേശം നൂറുമൈൽ പടിഞ്ഞാറു് അല്പം വടക്കോട്ടുമാറിയുള്ള ബോൾപൂർ എന്ന ഒരു ഗ്രാമത്തിനുസമീപമാണു് വിശ്വഭാരതി സ്ഥിതിചെയ്യുന്നതു്. ഈ. ഐ. റയിൽവേയിൽ ഒരു പ്രധാനസ്റ്റേഷനായ 'ബർദ്വാൻ' കഴിഞ്ഞു്, 'ലൂപ്പ്ലൈൻ'വഴി മുപ്പതുമുപ്പത്തഞ്ചുമൈലോളം സഞ്ചരിച്ചാൽ നാം

ബോൾപൂരിലെത്തിച്ചേരുന്നു. ബോൾപൂർ റയിൽവേസ്റ്റേഷനിൽനിന്നും വടക്കോട്ടുതിരിച്ച് മുക്കാലും വിജനവും അവിടവിടെയായി കാണുന്ന പുല്ലുമേഞ്ഞ ചെറു കുടിലുകൾകൊണ്ടു് മനോഹരവുമായ ഒരു മരുഭൂമിയിലൂടെ ഒന്നരമൈൽ പോയാൽ മഹാകവിയുടെ ആനന്ദദായകമായ ആശ്രമപദത്തിൽ നാം പ്രവേശിച്ചുകഴിഞ്ഞു. ആശ്രമത്തിൻെറ പ്രധാന പ്രവേശനദ്വാരത്തിൽനിന്നുംകൊണ്ടു് കിഴക്കോട്ടു നോക്കുമ്പോൾ കണ്ണിനെത്താവുന്നിടത്തോളം നീളത്തിൽ വിശാലമായി കിടക്കുന്ന മൈതാനപ്രദേശങ്ങൾ, അവിടെ കളിയാടുന്ന ഏകാന്തമായ ശാന്തത, പടിഞ്ഞാട്ടുനോക്കുമ്പോൾ കാണുന്ന മനോഹരങ്ങളും ഇടതിങ്ങിയതുകളുമായ വൃക്ഷങ്ങൾ, അതിനുമുകളിലായി അവിടവിടെ പൊങ്ങിക്കാണുന്ന കെട്ടിടങ്ങൾ, അവയുടെ മുമ്പിലും പിമ്പിലും വല്ലീഗൃഹങ്ങൾപോലെ സുന്ദരങ്ങളായ ചെറുവൃക്ഷങ്ങളുടെ താഴെയും മുകളിലും കവരങ്ങളിലുമായി ഉത്സാഹപൂർവ്വം ആടിയും പാടിയും ചാടിയും മറിഞ്ഞും നടക്കുന്ന ചെറുബാലന്മാരുടെ ഉല്ലാസവിലാസങ്ങൾ, അവയിൽ പ്രതിബിംബിച്ചുകാണുന്ന പ്രകൃതിയുടെ അനിയന്ത്രിതമായ അകൃത്രിമസൌന്ദര്യം ഇതെല്ലാമാണു് ഒരു പ്രേക്ഷകനെ പ്രഥമമായി ആകർഷിക്കുന്ന പദാർത്ഥങ്ങൾ. അതുപോലെ, ഗേററിനു തെക്കുഭാഗത്തായി മാർബിൾ കല്ലുകൾകൊണ്ടു പണിചെയ്യിട്ടുള്ള പ്രാർത്ഥനാമന്ദിരവും വടക്കുഭാഗത്തു് അല്പം കിഴക്കോട്ടുമാറി ഭാരതീയശില്പവിദ്യയുടേയും കലാവിലാസത്തിൻേറയും വിജയസ്തംഭമായിപരിശോഭിക്കുന്ന 'ഉത്തരായൻ' എന്നു പറഞ്ഞുവരുന്ന മഹാകവിയുടെ താമസസ്ഥലവും കാണാൻ കഴിയുന്നു. ആശ്രമത്തിൻെറ പ്രാണവായുക്കളായ വിദ്യാർത്ഥികളുടെ പ്രത്യേകിച്ചും കൊച്ചുകുട്ടികളുടെ കേളീരംഗമായ പടിഞ്ഞാറുഭാഗത്തു് എവിടെനോക്കിയാലും പടപ്പുകളും പച്ചിലകളും നിറഞ്ഞ മനോഹരങ്ങളായ സാലബകുളകദംബാദിവൃക്ഷങ്ങളും, വഴിയരികിൽ തളിരുകളാ പുഷ്പങ്ങളുംകൊണ്ടു് അതിഥികൾക്കു സ്വാഗതമരുളുന്ന ലതാനികുഞ്ജങ്ങളും നിറഞ്ഞിരിക്കുന്നു. ആശ്രമത്തിലെ കിഴക്കേഗേററിനു തൊട്ടു പടിഞ്ഞാറായി കാണുന്ന ഒരു ഉന്നതസൌധമാണു് പ്രധാനമായ അതിഥിമന്ദിരം. പ്രതിദിവസം രാത്രിയും പകലുമായി വന്നും പോയുമിരിക്കുന്ന ഒട്ടനേകം അതിഥികളുടെ സുഖസൌകര്യങ്ങൾ നോക്കുന്നതിനു പ്രത്യേകം നിയുക്തരായിട്ടുള്ള ആളുകൾ സദാ ജാഗരൂകരായിരിക്കുന്നതുകൊണ്ടു് സന്ദർശകർക്കു് യാതൊരുവിധ ബുദ്ധിമുട്ടുകളുമുണ്ടാകുന്നില്ല. ജീവിതക്ലേശത്തോടൊപ്പം ദീർഘമായ യാത്രാക്ലേശംകൂടി അനുഭവിച്ചു വന്നെത്തുന്ന സന്ദർശകർക്കു് ആശ്രമത്തിൽ പ്രവേശിക്കുന്ന അവസരത്തിൽത്തന്നെ അനിർവ്വാച്യമായ ഒരാനന്ദാനുഭൂതിയുണ്ടാകുമെന്നുള്ളതു് അനുഭവസ്ഥന്മാർ സമ്മ

തിക്കേണ്ട ഒരു പരമാൎത്ഥമാകുന്നു. പ്രഭാതങ്ങളിലും സായംകാലങ്ങളിലും പുഷ്പഗന്ധം പരത്തിക്കൊണ്ടു വിശാലമായ തെരുവീഥികളിൽക്കൂടി പതുക്കെപ്പതുക്കെ സഞ്ചരിക്കുന്ന അവിടത്തെ മന്ദമാരുതൻെറ സ്നേഹമസൃണമായ തലോടലുകളോ വൃക്ഷങ്ങളിൽ സ്വാതന്ത്ര്യമായി തത്തിക്കളിച്ചുനടക്കുന്ന പക്ഷികളുടെ മധുരമായ സ്വാഗതഗാനങ്ങളോ ഒരിക്കലെങ്കിലും ആസ്വദിക്കാനിടയായവൎക്ക് അവ മറക്കാൻ കഴിയുന്നതല്ല. ഇങ്ങിനെ പ്രകൃതിയുടെ പ്രശാന്തതയ്ക്കും സൗന്ദൎയ്യത്തിനും മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന അതിഥിമന്ദിരത്തിൽ പ്രവേശിച്ച് അതിൻെറ മട്ടുപ്പാവിൽ നിന്നുംകൊണ്ടു് ആശ്രമത്തിൻെറ നാലുഭാഗത്തേക്കും വിഹഗവീക്ഷണം നടത്തുന്ന ഒരാളിന്നു് ആദ്യമായി തോന്നുന്ന സംശയം സഹാറാമരുഭൂമിപോലെ വിശാലമായി ക്കിടക്കുന്ന ഈ വിജനസ്ഥലത്തിൻെറ ഒരുഭാഗം ഇത്ര മനോജ്ഞമായ ഒരാശ്രമമായി പരിവൎത്തനം ചെയ്യുന്നതിന്നു് എങ്ങിനെ സാധിച്ചുവെന്നുള്ളതാണു്. വാസ്തവത്തിൽ അതു് അതിമാനുഷമായ ഒരത്ഭുതകൎമ്മം തന്നെ.

കവികളുടേയും കലാകാരന്മാരുടെയും സൃഷ്ടിവൈഭവം അനാദൃശമാകുന്നു. പക്ഷേ, അവരുടെ കൎമ്മകൗശലം കല്പനാലോകത്തിലല്ലാതെ കല്ലും മണ്ണും നിറഞ്ഞ യഥാൎത്ഥലോകത്തിൽ അത്ര ഫലിക്കുന്നില്ല. അതാണു് സാധാരണസ്ഥിതി. എന്നാൽ നമ്മുടെ മഹാകവി സങ്കല്പലോകത്തിലെ സാൎവ്വഭൗമത്വത്തോടൊപ്പം വാസ്തവലോകത്തിലെ പ്രായോഗികസൃഷ്ടിശക്തിയും തികഞ്ഞിരിക്കുന്ന ഒരു മഹാപുരുഷനാണു്. അദ്ദേഹത്തിൻെറ സാഹിത്യകൃതികൾ എത്രത്തോളം ആശയസംപുഷ്ടങ്ങളും കല്പനാസമ്പന്നങ്ങളുമായിരിക്കുന്നുവോ അത്രത്തോളം തന്നെ ജീവിതകൃത്യങ്ങളും ആദൎശവിശുദ്ധങ്ങളും വിശിഷ്ടഫലദങ്ങളുമായിരിക്കുന്നു. എകാന്തസുന്ദരമായ ഭാവനാലോകത്തു് വളരേനാൾ സ്വച്ഛന്ദം വിഹരിച്ചുകഴിഞ്ഞിരുന്ന ഒരു മഹാകവിയുടെ ചിരകാലസഞ്ചിതമായ സൗന്ദൎയ്യബോധത്തിൻേറയും സുദൃഢമായ ആദൎശത്തിൻേറയും ഒരു പ്രതിബിംബമാണു് ബോൾപൂരിലെ മരുഭൂമിയിൽ നാം ഇന്നുകാണുന്ന സൗന്ദൎയ്യസമ്പൂൎണ്ണമായ ആ ശാന്തിനികേതനം എന്നു പറഞ്ഞാൽ വായനക്കാൎക്കു് എന്തെല്ലാം ഊഹിക്കുവാൻ കഴിയുമോ അതുതന്നെയാണു് അതിൻെറ വാസ്തവം.

നാല്പതുകൊല്ലങ്ങൾക്കുമുമ്പു് ആ സ്ഥലം എങ്ങിനെയായിരുന്നുവെന്നു് അതിനടുത്തപ്രദേശങ്ങളിലെ ഇന്നത്തെ സ്ഥിതിഗതികളിൽനിന്നും ഏറെക്കുറെ നമുക്കു് ഊഹിക്കാം. ബോൾപൂർ ഗ്രാമം വിട്ടു് വടക്കോട്ടു നടന്നാൽ അടുത്തഗ്രാമങ്ങളിലെത്തുന്നതിനകമായി രണ്ടുമൂന്നുമൈൽ സ്ഥലം വെറും

വിജനമെന്നുമാത്രമല്ല, കൊള്ളക്കാരുടെ വിഹാരരംഗം കൂടിയായിരുന്നു. രാത്രികാലങ്ങളിലും മററു അസമയങ്ങളിലും ജനങ്ങൾ പണ്ട് കൂട്ടംകൂട്ടമായല്ലാതെ അവിടങ്ങളിൽ സഞ്ചരിച്ചിരുന്നില്ല. ഏകാകിയായി സഞ്ചരിക്കുന്ന ജനങ്ങളെ പിടികൂടി കവർച്ചചെയ്തു കൊലചെയ്യുന്നതും അപൂർവ്വസംഭവമല്ലായിരുന്നു. അക്കാലങ്ങളിൽ ഒരു ദിവസം മഹാകവിയുടെ പൂജ്യപിതാവായ മഹർഷി ദേവേന്ദ്രനാഥടാഗ്രറിന് അനുഭവിക്കേണ്ടിവന്ന ഒരു സംഭവം ശാന്തിനികേതനത്തിൻെറ സ്ഥാപനത്തിൽ പ്രാധാന്യം വഹിക്കുന്ന ഒന്നാകയാൽ അതുകൂടി ഇവിടെ വിവരിക്കുന്നതു് അസംഗതമാകുകയില്ല.

ടാഗ്രർകുടുംബം എത്രയോ തലമുറകളായി ബങ്കാളിലെ സുപ്രസിദ്ധമായ ഒരു സെമിന്ദാർ കുടുംബമായിരുന്നു. ബങ്കാളിലെ മിക്ക ഡിസ്റ്റ്റിക്റ്റുകളിലും അവക്ക് അനേകായിരം ഏക്കർ വസ്തുക്കളുണ്ട്. ബോൾപൂരിനടുത്തുള്ള ഒരു ഗ്രാമത്തിലും അവക്ക് വസ്തുക്കളുണ്ടായിരുന്നു. ഇന്നേയ്ക്ക് ഏകദേശം നാല്പത്തിരണ്ടുസംവത്സരങ്ങൾക്കുമുമ്പു്, ഒരു ദിവസം രാത്രി അസമയത്തു് മഹർഷി ടാഗ്രറിന് ബോൾപൂരിൽനിന്നും അടുത്തുള്ള ഒരു ഗ്രാമത്തിലേയ്ക്കു പോകേണ്ടതായിവന്നു. പുതിയതരം വാഹനങ്ങൾ ഇറങ്ങിയിട്ടില്ലാത്ത അക്കാലത്തു് ഇവിടത്തേപ്പോലെ തന്നെ ബങ്കാളിലും പ്രഭുക്കന്മാർ പല്ലക്കിലാണു സഞ്ചരിച്ചിരുന്നതു്. മഹർഷി വരുന്ന വിവരം നേരത്തേ അറിയാമായിരുന്ന പല്ലക്കുകാർ ബോൾപൂർ റയിൽവേസ്റ്റേഷനിൽ ഹാജരുണ്ടായിരുന്നു. പക്ഷേ, തീവണ്ടിക്കുസംഭവിച്ച ഏതോ തകരാറുനിമിത്തം അദ്ദേഹത്തിന് അർദ്ധരാത്രിസമയത്തേ സ്റ്റേഷനിൽ വന്നുചേരാൻ സാധിച്ചുള്ളൂ. അർദ്ധരാത്രി അടുത്ത ഗ്രാമത്തിലേയ്ക്കു പോകുന്നതിന് പല്ലക്കുകാർ വിസമ്മതം ഭാവിച്ചെങ്കിലും പ്രകൃത്യാ അതിധീരനായ മഹർഷി അതു വകവെച്ചില്ല. ഹിമാലയത്തിൻെറ താഴ്വരകളിൽപോലും ദിനരാത്രഭേദങ്ങൾ കൂടാതെ സഞ്ചരിച്ചിട്ടുള്ള ആ മഹാനുണ്ടോ ബോൾപൂരിലെ മരുഭൂമിയിൽകൂടി സഞ്ചരിക്കുവാൻ മടിക്കുന്നു. ഏതായാലും പല്ലക്കു് സ്റ്റേഷനിൽനിന്നും ഒന്നരമൈൽ വടക്കോട്ടുപോയപ്പോൾ ഭീമകായന്മാരായ അഞ്ചെട്ടുകള്ളന്മാർ ആയുധപാണികളായി അതിനെ വളഞ്ഞു. ചുമട്ടുകാർ ആ തക്കംനോക്കി കടന്നുകളഞ്ഞു. കൊള്ളക്കാർ മഹർഷിയെ പിടികൂടി. എന്തു ചെയ്യാൻ! അഭയത്തിന് ആരെ അന്വേഷിക്കാൻ? മുകളിൽ വിശാലമായ ആകാശതലത്തിൽ ചിതറിക്കിടക്കുന്ന നക്ഷത്രങ്ങളല്ലാതെ ഈ ഘോരകമ്മത്തിനു സാക്ഷികളായി വേറാരും കാണുന്നില്ല. നാലുചുററും യാതൊരുജീവജാലങ്ങളുമില്ലെന്നല്ല, വായുസഞ്ചാരംപോലും വിരളമായിരുന്നു. അന്ധതാമിസ്രയുടെ കരാള

തമാത്രം സർവ്വത്ര കളിയാടി നൃത്തംചെയ്തു. കൊള്ളക്കാർ മഹർഷിയെപ്പിടിച്ചു വഴിയിൽനിന്നും അല്പം പടിഞ്ഞാറോട്ടുകൊണ്ടുപോയി. ദേഹപരിശോധനനടത്തുന്നതിന് അവർ ഒരു വെളിച്ചം ഉപയോഗിച്ചു. പ്രകൃതിഗംഭീരനായ മഹർഷിയുടെ ബ്രഹ്മതേജസ്സുവിളയാടുന്ന മുഖം അപ്പോഴും പ്രസന്നമായിത്തന്നെ കണ്ടു. കൊള്ളക്കാരുടെ തലവൻ കുറച്ചുനേരം അമ്പരന്നുനിന്നുപോയി, വധഭൂമിയിലും അസാധാരണമായ പ്രസന്നതയുള്ളമുന്ന മുഖത്തിലെ ആ ദിവ്യശക്തി അവരെ ജയിച്ചുകഴിഞ്ഞിരിക്കുന്നു. കൊലപാതകി അതാ മഹർഷിയുടെ കാലടികളിൽ വീണ് ഗദ്ഗദസ്വരത്തിൽ മാപ്പുചോദിക്കുന്നു. എന്നിട്ടും മഹർഷിയുടെ മുഖകമലത്തിൽ യാതൊരു ഭാവഭേദവുമില്ല. അദ്ദേഹം ആ രാത്രിമുഴുവൻ അവിടെത്തന്നെ കഴിച്ചുകൂട്ടി. ഇപ്പോഴത്തെ അതിഥിമന്ദിരത്തിന്റെ വടക്കുഭാഗത്തുള്ള ആ സ്ഥലത്ത് ഇന്നു മാർബിൾകല്ലുകൾകൊണ്ട് ഒരു മനോഹരപീഠം നിർമ്മിച്ചിട്ടുണ്ട്. ആണ്ടോടാണ്ട് ആശ്രമത്തിൽ മഹർഷിദിനം ആഘോഷിക്കുമ്പോൾ ആ പീഠത്തിൽ ചില പൂജാവിധികൾ നടത്തുകയും അതിന്റെ മുമ്പിൽവച്ച് അതുസംബന്ധിച്ച മഹായോഗം നടത്തുകയും ഇന്നും ചെയ്തുവരുന്നു. മുൻവിവരിച്ച സംഭവമാണ് ഈ സ്ഥലംതന്നെ ആശ്രമത്തിനു തിരഞ്ഞെടുക്കുന്നതിന് മഹർഷിയെ പ്രേരിപ്പിച്ചിട്ടുള്ളത്. 1887-ൽ ശാന്തിനികേതനം സ്ഥാപിച്ചതിൽ പിന്നീട് മഹർഷിയും മഹാകവിയും അധികവും അവിടെത്തന്നെയാണു കഴിച്ചുകൂട്ടിയിട്ടുള്ളത്. എന്നുമാത്രമല്ല, മുൻവർണ്ണിച്ച ധർമ്മവിജയത്തിന്റെ ശാശ്വതസ്മാരകമായി മഹർഷിയെ കൊള്ളക്കാർ പിടിച്ചുകൊണ്ടിരുത്തിയ ആ സ്ഥലംതന്നെയാണ്, ആശ്രമം സ്ഥാപിച്ചുകഴിഞ്ഞതിൽ പിന്നീടും മഹർഷി തന്റെ ധ്യാനത്തിന് ഉപയോഗിച്ചുപോന്നത്. ഈ സംഭവം ശാന്തിനികേതനത്തിന്റേയും അതിന്റെ വിശ്വതോമുഖമായ പ്രവർത്തനങ്ങളുടേയും അവ, ലോകത്തിനുനൽകിയ ശാശ്വതവും ശാന്തവുമായ സന്ദേശത്തിന്റേയും ജീവതന്തുവായി നില്ക്കുന്നുവെന്ന വസ്തുത ആ മഹാസ്ഥാപനത്തിന്റെ പവിത്രതയ്ക്ക് പതിന്മടങ്ങു മാററു കൂട്ടുന്നു. അന്നത്തെ ആ അന്തരീക്ഷമെവിടെ? പ്രശാന്തസുന്ദരമായ ഇന്നത്തെ ഈ ആശ്രമസ്ഥിതി എവിടെ?

1887-ൽ മഹർഷി ദേവേന്ദ്രനാഥടാഗ്രർ സ്ഥാപിച്ച ആശ്രമം ഒരു അദ്ധ്യാത്മവിദ്യാശ്രമം മാത്രമായിരുന്നു. ബ്രഹ്മസമാജസമ്പ്രദായപ്രകാരമുള്ള സാധനകൾ പരിശീലിക്കുന്നതിനും ഏകാന്തമായും ശാന്തമായുമുള്ള അദ്ധ്യാത്മജീവിതം നയിക്കുന്നതിനുമാഗ്രഹിക്കുന്ന ജനങ്ങൾക്ക് സ്വതന്ത്ര

മായ ഒരു അധിവാസസ്ഥാനമായിട്ടാണ് ശാന്തിനികേതനം ആദ്യം സ്ഥാപിതമായതു്. അങ്ങിനെ വന്നുചേരുന്നവരുടെ സുഖമായ താമസത്തിനും മററു ജീവിതാവശ്യങ്ങൾക്കുമുള്ള സകലസൗകര്യങ്ങളും മഹർഷിതന്നെ ചെയ്തിട്ടുമുണ്ടായിരുന്നു. അതാണ് ആശ്രമത്തിനു ശാന്തിനികേതനം എന്നു പേരുനല്കപ്പെട്ടതു്. ഇങ്ങിനെ അല്പകാലം കഴിഞ്ഞു 1901-ൽ മഹാകവി അവിടെ ഒരു സ്കൂൾ സ്ഥാപിച്ചു. പ്രകൃതിയിലും പ്രായോഗികജീവിതത്തിലും നിന്നു വിദൂരമാകാത്തതും സാന്മാർഗ്ഗികമായ സൗന്ദര്യബോധം വളർത്തുന്നതുമായ ഒരു അഭ്യസനരീതി ഏർപ്പെടുത്തണമെന്നായിരുന്നു മഹാകവിയുടെ ആഗ്രഹം. പട്ടണങ്ങളിലെ പകിട്ടും പരിഭ്രാന്തിയും അതിനു തീരെ യോജിച്ചതല്ല. പ്രകൃതിയോടു തീരെ ബന്ധമില്ലാത്ത അവിടുത്തെ കൃത്രിമജീവിതവും അതിനു ചേർന്നതല്ല. അതാണ് ബഹളത്തിൽനിന്നും ഒതുങ്ങി മാറികിടക്കുന്ന ഒരു സ്ഥലത്തു ശാന്തിനികേതനത്തിൽ തൻെറ ഈ അഭ്യസനപരീക്ഷണം ഏററവും ചുരുങ്ങിയ ഒരു തോതിൽ ആരംഭിക്കുന്നതിനു മഹാകവി തീർച്ചപ്പെടുത്തിയതു്. അഞ്ചു വിദ്യാർത്ഥികളെമാത്രംവച്ചു തുടങ്ങിയ ഒരു സ്കൂൾ വളന്നുവളന്ന് ഇത്ര ലോകോത്തരമായ ഒരു വിദ്യാഭ്യാസകേന്ദ്രമായിത്തീരുമെന്ന് അധികമാരും അന്ന് പ്രതീക്ഷിച്ചിരുന്നില്ല. ആദർശങ്ങൾ മഹത്താണെങ്കിൽ അവ തീർച്ചയായും വിജയിക്കുകതന്നെ ചെയ്യുമെന്നു ശാന്തിനികേതനം പ്രഖ്യാപനം ചെയ്യുന്നു. പ്രസ്തുത സ്കൂളിനെപ്പററിയോ അവിടത്തെ മററു സ്ഥാപനങ്ങളേപ്പററിയോ വിവരിക്കുന്നതിനുമുമ്പു മഹാകവിയുടെ വിദ്യാഭ്യാസാദർശങ്ങളെപ്പററി അല്പം പറയേണ്ടിയിരിക്കുന്നതുകൊണ്ടു് ഈ അവതാരിക ഇപ്പോൾ ഇവിടെ നിറുത്താം.

## ഇൻഡ്യയിലെ നീലവും (അമരി) തദ്വ്യവസായവും

ഉൽക്കർഷാപകർഷചരിത്രത്തിൽ അത്യധികമായി സന്തോഷിപ്പാനോ സന്തപിക്കാനോ വകയുള്ള അപൂർവ്വം ചില വ്യവസായങ്ങൾ ഇൻഡ്യയിൽ ഉണ്ടായിരുന്നു. അതിതുച്ഛമായ ഒരു പ്രാരംഭത്തിൽ തുടങ്ങി ഇൻ

ഡ്യയുടെ കയററുമതികളിൽ അഗ്ര്യസ്ഥാനത്തെ അർഹിച്ച ഒന്നാണു നീലം. ജർമ്മനിയിൽ ഉണ്ടാക്കിയ കൃത്രിമനീലത്തോടു കിടപൊരുതുവാൻ ശക്തി പോരാതെ ഈ വ്യവസായം നാമാവശേഷമായി.

എങ്കിലും അതിൻെറ അധഃപതനചരിത്രം സൂക്ഷിച്ചാൽ ആ വ്യവസായത്തെ ഇനിയും പുനസ്സന്ധാനം ചെയ്യാമെന്നു തോന്നുന്നു. അങ്ങനെ വരുന്നാപക്ഷം ബങ്കാൾ, ബീഹാർ, മററുചില പൂർവ്വവിഭാഗങ്ങൾ എന്നീ പ്രദേശങ്ങളിൽ നല്ല ഒരു തൊഴിലിനു വേണ്ട സൗകര്യങ്ങൾ കാണുന്നുണ്ട്.

കഴിഞ്ഞ ഒരു നൂററുകൊല്ലത്തിനു മുമ്പു അനുദ്യോഗസ്ഥരായ പല ഇംഗ്ലീഷുകാരും നീലമുണ്ടാക്കുന്ന ചെടി കൃഷി ചെയ്തിരുന്നു. ബങ്കാളിലും ബീഹാറിലും ഇതരന്മാരും ഈ കൃഷിയിൽ ഏപ്പെട്ടിരുന്നു.

ജീവിതോപായമായി ഈ ഒരു വ്യവസായം മാത്രം വരിച്ചിരുന്ന ഒരുവൻപോലുമിന്നില്ല. എങ്കിലും ആ ഒരു തൊഴിൽകൊണ്ടു വലിയ സമ്പന്നരായ പലരും ഇന്നു ജീവിച്ചിരിപ്പുണ്ട്.

കൃഷി ചെയ്യാതെ കാടുകളിൽ മുളച്ചുവന്നിരുന്ന അമരിച്ചെടിയിൽനിന്നും നീലച്ചായം എടുക്കുന്ന സമ്പ്രദായം വളരെ പുരാതനമായി ഇവിടെ നടപ്പുണ്ടായിരുന്നു. ആ കാലങ്ങളിൽ ഈ ചെടിയിൽനിന്നു നീലമെടുക്കുന്ന വിധം വളരെ അപരിഷ്കൃതമായിരുന്നു. 1782-ൽ മുസഫർപുരത്തിലെ കലക്ടർ ആയി വന്ന ഗ്രാൻഡ് എന്ന മാന്യൻ നീലമെടുക്കുന്നതിനു ശാസ്ത്രരീതിയെ സ്വീകരിച്ചു. ഇതത്രെ ഈ വ്യവസായത്തിൻെറ പ്രാരംഭം.

പത്തു സംവത്സരംകൊണ്ടു ഇംഗ്ലീഷു മാനേജുമെൻറിൽ ഒൻപതു പണ്ടകശാലകൾ ഈ തൊഴിലിൽ ഏപ്പെട്ടു. ആ നൂററാണ്ടിൻെറ അന്ത്യത്തോടുകൂടി നാനൂറു ശാലകൾ സ്ഥാപിതങ്ങളായി. ബീഹാറിൽ മാത്രം 1882-ൽ 76 എണ്ണം ഉണ്ടായി. അവയിൽ 250000 ഏക്കർ സ്ഥലത്തുള്ള അമരിച്ചെടിയിൽ നിന്നു നീലമെടുത്തിരുന്നു.

അക്കാലത്തു യൂറോപ്പിന്ന് ആവശ്യമുള്ള നീലം മുഴുവനും ഇൻഡ്യയിൽ നിന്നാണു കൊണ്ടുപോയിരുന്നതു്. അമേരിക്കാക്കാർ ഈ കച്ചവടത്തിൻെറ ഒരു ഭീമഭാഗം അപഹരിച്ചു. അമ്മേരിക്കാക്കാരുടെ പ്രതിബന്ധം വന്ന കാലത്തും ഇവിടെ ചരക്കിനു കുറവുവരുത്തിയില്ല. അതിനാൽ സംഭരണത്തിനൊത്ത വിനിമയം ഇല്ലാതെ വന്നു. തന്നിമിത്തം ഈ തൊഴിലിനു മാന്ദ്യം ഭവിച്ചു. അമരിക്കൃഷിക്കാർ കരിമ്പുകൃഷി ചെയ്തു പഞ്ചസാരവ്യവസായത്തിനു ശ്രമിച്ചു. പക്ഷെ അതിനുണ്ടായ വിഷമങ്ങൾ അവരെ അതിൽനിന്നും പ്രതി നിവർത്തിപ്പിച്ചു.

അമരി കൃഷിക്ക ഒരു നല്ലകാലം വീണ്ടും സമാഗതമായി. ലോക വിപണികളിൽ ഇൻഡ്യയിലെ നീലത്തിനു പ്രഥമസ്ഥാനം സിദ്ധിച്ചു. അമ്മേരിക്കൻ നീലം ഇൻഡ്യയിൽ നിന്നു കിട്ടുന്ന നീലത്തേക്കാഠ ഗുണകുറവുള്ളതെന്നു പരക്കെ സമ്മതമായി.

പത്തൊൻപതാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ നീലവ്യവസായത്തിനു അഭ്രുതപൂർവ്വമായ ഒരു ഉൽക്കഷം സിദ്ധിച്ചു. രണ്ടു ലക്ഷം മന്നു നീലം കയററുമതി കൊല്ലം തോറും നടന്നിരുന്നു. മന്നൊന്നിനു മുന്നൂറു രൂപ വിലയു് മുണ്ടായിരുന്നു.

ഇതാ മറെറാരാപൽഘട്ടം ഇതിനെ സമീപിച്ചു. 1897-ൽ ജർമ്മനിയിൽ കൃത്രിമമായി നീലമുണ്ടാക്കുന്നതിന് ഒരു സ്ഥാപനമുണ്ടായി. പ്രാരംഭകാലത്തു ആ കൃത്രിമനീലത്തേക്കാഠ വില കൂടിയിരുന്നു എങ്കിലും ഏറെത്താമസിയാതെ കൃത്രിമ നീലം വിപണികളിൽ സ്ഥാനം പിടിച്ചു.

കൃത്രിമ നീലം പുറപ്പെട്ടു മൂന്നു കൊല്ലം കഴിഞ്ഞപ്പോഠ ഇൻഡ്യയിലെ നീലത്തിനു മന്നൊന്നിനു 180 രൂപ വിലയായി. 1913-ൽ ഇൻഡ്യയിൽ നിന്നു കയററുമതി ചെയ്തു 8000 മന്നു നീലത്തിനു മന്നൊന്നിനു 140 രൂപയേ കിട്ടിയുള്ളു. ബങ്കാളിൽനിന്നു ഇക്കാലത്തുണ്ടായ നീലം 90 മന്നു മാത്രമായിരുന്നു. അതു മന്നിനു 90 രൂപയായി വിററു.

1914-ൽ ഈ വ്യാപാരത്തിനുണ്ടായിരുന്ന ഒരു ശുഭാവസരം തീരെ കൈവിട്ടുപോയി. യുദ്ധം തുടങ്ങുന്നതിനുമുമ്പു് ആ കൊല്ലത്തിലെ ആദ്യത്തെ ഏഴുമാസങ്ങളിലായി 100,000 മന്നു കൃത്രിമനീലം ജർമ്മൻകാർ കയററുമതി ചെയ്തു. അനന്തരം പുറത്തേയ്ക്കു് അശേഷവും കിട്ടാതായി.

ലോകത്തിന് അന്നത്തെ ആവശ്യം ആ തുകയുടെ ഇരട്ടിയായിരുന്നു. പക്ഷെ ഈ ആവശ്യത്തെ ഇൻഡ്യയ്ക്കു 8000 മന്നുകൊണ്ടേ സഹായിക്കാൻ കഴിഞ്ഞുള്ളു. അന്നുവില വല്ലാതെ വദ്ധിച്ചിരുന്നു. 1914 സെപ്ടംബറിൽ ഒരു മന്നു നീലത്തിനു 700 രൂപ വിലയായി. ഓരോ ശാലയ്ക്കും ലക്ഷക്കണക്കിനു ലാഭംകിട്ടി.

അന്നു് എന്തു ശുഭമായ ഒരവസരത്തെയാണു തിരസ്കരിച്ചതു്. പൗണ്ടൊന്നിന് ഒന്നര രൂപയായി വാങ്ങുന്ന നീലം പൗണ്ടൊന്നിനു പതിനഞ്ചുരൂപയായി വിററു എന്നതു നിസ്സാരമോ?

ഈ അവസരത്തെ ഇൻഡ്യ സ്വാധീനപ്പെടുത്തിയോ? ഇല്ല. അന്ന് ഇൻഡ്യ യുദ്ധത്തിൻേറ ആസൂത്രണം ചച്ച്ചെയ്യുന്നതിൽ ബദ്ധശ്രദ്ധ

യോടെ കഴിഞ്ഞുകൂടി. ഫലമോ അനുഭവിച്ചറിഞ്ഞതു്. ഏതായാലും ജമ്മനിക്കു രണ്ടു തോൽവിപററി. യുദ്ധത്തിലും നീലവ്യവസായത്തിലും പരാജയം തന്നെ. ഇൻഡ്യ നീലവ്യവസായത്തിലും തോററു. അത്യധികാദായമുള്ള ഇൻഡ്യയിലെ നീലവ്യവസായത്തിൻെറ പുനരുദ്ധാരണത്തിനു ശ്രമിക്കാതെ ബ്രിട്ടീഷുഗവർമെൻറു കൃത്രിമനീലനിമ്മാണം ഇംഗ്ലണ്ടിൽ സ്ഥാപിക്കുവാൻ വേണ്ട ഒരുക്കം ചെയ്തു.

ആ സ്ഥാപനത്തിനുവേണ്ടി വ്യയംചെയ്ത പണം ഇൻഡ്യയിൽ നീലവ്യവസായത്തിനു വിനിയോഗിച്ചിരുന്നു എങ്കിൽ അകൃത്രിമനീലത്തിൻെറ സവ്വാധിപത്യം ബ്രിട്ടീഷുഗവർമേണ്ടിനും ഒരു മനോഹരവ്യവസായംകൊണ്ടു കഷകലക്ഷങ്ങളുടെ ദാരിദ്ര്യമോചനം ഇൻഡ്യയ്ക്കു സിദ്ധിക്കുമായിരുന്നു.

ഭാവിയെ ഏതാണ്ടൊന്നു നിണ്ണയിപ്പാൻ ശേഷിയുള്ള ചില ഭാരതീയകഷ്കർ സ്വന്തം സ്ഥലങ്ങളിൽ പരീക്ഷണം ചെയ്തിരുന്നു. വിത്തിൽ പ്രത്യേകശ്രദ്ധ സ്വീകരിച്ചാൽ വിളവു് 25 ശതമാനം ഏറുമെന്നും ചെടിക്കു വേണ്ട വളം ഉപയോഗിച്ചാൽ വിളവു വളരെ വദ്ധിക്കുമെന്നും അവർ അറിഞ്ഞു.

ആ ആനുകൂല്യങ്ങളെല്ലാംതന്നെ ഇന്നും സ്വാധീനമാണു്. അമരി കൃഷിക്കു യോഗ്യമായ പല സ്ഥലങ്ങളും ഇന്നു തരിശായി കിടക്കുന്നു. നീലത്തിൻെറ ആവശ്യം ക്രമേണ വദ്ധിച്ചാണുവരുന്നതു്.

കൃത്രിമനീലത്തേക്കാൾ അകൃത്രിമത്തിനു ഗുണമധികമെന്നു സവ്വരും സമ്മതിക്കുന്നുണ്ടു്. മൃതപ്രായമായ ഈ വ്യവസായത്തിനു് ഒരു നവജീവൻകൊടുത്തു പുനസ്ഥാപിപ്പാൻ സാധിക്കുമോ എന്ന ശ്രമം അഭിനന്ദനാർഹംതന്നെ.

ഓരോ വ്യവസായത്തിനും ഉൽക്കഷാപകഷങ്ങൾ സംഭാവ്യമാണു്. ഈ അമൂല്യവ്യവസായത്തിൻെറ അധഃപതനത്തെ ആസ്പദമാക്കി ഒരു കൂട്ടരെ അപരാധികളാക്കുന്നതു മയ്യാദാവിഹീനവും ഉപയോഗശൂന്യവുമത്രെ. കൃഷിക്കാർ ദീഘദൃഷ്ടികളല്ലായിരുന്നു എന്നു വരാം. കൃത്രിമനീലത്തിനു നേരിട്ടിരിക്കുന്ന പ്രതിഷേധം ഇംഗ്ലണ്ടിലെകച്ചവടക്കാർ ചിന്തിച്ചിട്ടുതന്നെ ഉണ്ടായിരുന്നില്ലെന്നുള്ളതും വാസ്തവം തന്നെ. നാല്പതുലക്ഷം പവൻ വിലവരുന്ന ഒരു വിളവു നാമാവശേഷമാകത്തക്കവണ്ണം അധഃപതിക്കണമെന്നുറച്ച ആ മനസ്ഥിതി ഇൻഡ്യയ്ക്കു ദുരന്തമായ ഒരു ദുസ്ഥിതിതന്നെയാണു്.

അമരിച്ചെടിയിൽനിന്നു അകൃത്രിമനീലം എടുക്കുന്ന വിധത്തെക്കുറിച്ച് അല്പം ഒന്നു പറയാം. സമർത്ഥവും പരിചിതവുമായ ഒരു കണ്ണ് ഇതിനാവശ്യമെങ്കിലും ഈ വ്യവസായത്തിന് അത്രവലിയ പണച്ചിലവോ യന്ത്രസാമഗ്രികളോ ആവശ്യമില്ല.

ഇൻഡ്യയിൽപോലും നിലച്ചായത്തിന്റെ ആവശ്യം ക്രമാഭിവൃദ്ധമായി വളരുന്നതുകൊണ്ടു പ്രാകൃതികമായ ഈ ചായത്തിന്റെ നിർമ്മാണം ഗുണപ്രദമാകുവാനാണ് എളുപ്പം. പക്ഷേ ഇന്നത്തെ പ്രശ്നങ്ങളെക്കുറിച്ചു പൂർണ്ണമായ അന്വേഷണം നടത്തേണ്ടതു് ആവശ്യമാണ്.

ഓരോ കൃഷിക്കാരനും അല്പാല്പമായി കിട്ടുന്ന അസംസ്കൃതപദാർത്ഥത്തിൽനിന്നു കുറച്ചുകുറച്ചായി നീലം എടുത്തിരുന്ന പഴയ സമ്പ്രദായം ഇനി ഫലപ്രദമാകുമെന്നു തോന്നുന്നില്ല.

പതിനേഴാം നൂററാണ്ടിൽ ഡച്ചുകാരുടെ ആവശ്യത്തിനുവേണ്ട നീലം ഈ പഴയരീതിയിൽ സംഭരിച്ചുകൊടുത്തിരുന്നു എന്നതു വാസ്തവം തന്നെ. പക്ഷേ ഇന്നത്തെ ആവശ്യം അതിലും എത്രയോ അധികരിച്ചിട്ടുണ്ടു്. അതിനാലാണു ഗ്രാമീണമായി മാത്രം ഈ വ്യവസായത്തേ വിട്ടുകൂടെന്നു പറയുന്നതു്.

ആധുനികമോ പ്രാചീനമോ ആയ രീതി സ്വീകരിച്ചാലും നീലം സംഭരിക്കുന്ന ആ പ്രമാണം പഴയകാലത്തേ കൃഷിക്കാർ ഉപയോഗിച്ചിരുന്നതുതന്നെയാണ്. ധനു, മകരം ഈ കാലങ്ങളിലാണ് അമരിവിത്തു പാകുന്നതു്. കഷ്ടിച്ചു മീനംവരെ ഈ ജോലി ചെയ്യുന്നു. നിരത്തിവിതയ്ക്കുന്ന സമ്പ്രദായമാണു സാധാരണ നടപ്പു്. ഉഴുതു നിരിവച്ചും വിതയ്ക്കാറുണ്ടു്.

മേടമാസാവസാനത്തോടെ കൃഷിക്കാരൻ ഇടവപ്പാതിയേ പ്രതീക്ഷിക്കുന്നു. അന്നാണു ചെടിയുടെ ഭാവുകം പൂർണ്ണമായി കാണുന്നതു്. മഴക്കാലം തുടങ്ങുന്ന ആ കാലത്തു വലിയ മഴയുണ്ടാകുന്നതു ഈ ചെടിക്കു ദോഷകരമാണ്. മഴ അല്പം ശാന്തമായിട്ടാണു പെയ്യുന്നതെങ്കിൽ കൃഷിക്കു വലിയ അനുകൂലവുമാണ്.

കർക്കടകത്തിലേയ്ക്കു ചെടിയുടെ മൂപ്പു് ഏതാണ്ടു പാകമായി. ചിങ്ങത്തിൽ മുഴുവനും വെട്ടിയെടുക്കും. ചെടി വെട്ടിത്തീർന്നാൽ നീലം സംഭരിച്ചുതുടങ്ങുകയായി.

ഒരു പഴയ കുറിപ്പനുസരിച്ചു സംഭരണത്തെ ഇങ്ങനെ വിവരിക്കാം. പുളിപ്പിക്കുക, മെതിക്കുക (പുളിപ്പിച്ച ദ്രവത്തെ കടയുക) തിളപ്പിക്കുക, അമർത്തുക, ഉണക്കുക, ഇത്രയും പടവുകൾ നീലനിർമ്മാണത്തിൽ ചെയ്യേണ്ടതുണ്ടു്.

ഇരുപതു് അടി ചതുരവും നാലടി താഴ്ചയുമുള്ള ഒരു പാത്രത്തിൽ ആണു വാററു നടക്കുന്നതു്. ചെടി ആദ്യമായി തണ്ടു കീഴ്പ്പോട്ടാക്കി അല്പം ചരിച്ചു പാത്രത്തിൽ വയ്ക്കണം അങ്ങനെ വച്ച ചെടിയുടെ മുകളിൽ പിന്നെയും മറിച്ചുവയ്ക്കണം. കെട്ടുകെട്ടായി അടുക്കി നല്ലപോലെ ഒതുക്കിവയ്ക്കുമ്പോൾ ചെരിവിനു ഭംഗം വരുത്താതെ സൂക്ഷിക്കണം.

ഇങ്ങനെ അടുക്കുന്ന ചെടി പാത്രത്തിന്റെ മുകൾവക്കിൽ നിന്നു ഒരടി പൊങ്ങി നില്ക്കാം. കരിങ്ങാലി കഷണം പാത്രത്തിന്റെ മുകളിൽ നിരത്തണം. നല്ലപോലെ അമർത്തി ഭാരവും കയററി ഉറപ്പിച്ചു വച്ചു പാത്രം നിറയെ വെള്ളം ഒഴിച്ചിടണം. ഇതാണു് ആദ്യത്തെ കർമ്മം. അവിടെ കിടന്നു പുളിച്ചുതുടങ്ങും.

ആ വെള്ളം മുഴുവനും വേറെ ഒരു പാത്രത്തിൽ ഊററിയെടുത്തിട്ടു മന്ഥംകൊണ്ടു കടഞ്ഞുതുടങ്ങാം. പച്ച നിറത്തിൽ കണ്ട വെള്ളം നീലനിറമാകുന്നതുവരെ ഈ ക്രിയ നടത്തേണ്ടതാണു്. അമരിച്ചെടിയുടെ വിത്തു മററു പദാർത്ഥങ്ങളോടുകൂടിയൊട്ടിയാണിരിക്കുന്നതു്. ഈ മഥനംകൊണ്ടു അവ വേർപെടും.

ഈ വിത്തു മററു പദാർത്ഥങ്ങളിൽ നിന്നു വേർപെടുത്തിയാൽ ഉടനെ ഒന്നിച്ചു പാത്രത്തിന്റെ അടിയിൽ കൂടും. അപ്പോൾ ഈ ദ്രവം മൂന്നാമത്തെ ക്രിയയ്ക്കു സജ്ജമായി. അതാണു തിളപ്പിക്കൽ. തിളച്ചുകൊണ്ടിരിക്കുമ്പോൾ സദാ ഇളക്കുന്നതിനു അമാന്തിക്കരുതു്. വിത്തുകൾ പാത്രത്തിനടിയിലോ വക്കിലോ പററിപ്പിടിക്കാതിരിക്കാനാണു ഇങ്ങനെ ഇളക്കുന്നതു്. ഒടുവിൽ ചെളിപാകത്തിലാകുമ്പോൾ തുണിത്തുണ്ടുകളിലേയ്ക്കു പകരണം. അനന്തരം പെട്ടിയിലാക്കി അമർത്തി ഒരു കട്ടയാക്കാം.

ഒടുവിൽ ഈ വലിയകട്ട ചെറുതായി മുറിച്ചെടുക്കണം. ഒരോ കഷണവും മൂന്നു ഇഞ്ചു് ചതുരമായിരിക്കും. പിന്നീട് ഉണക്കി ശ്രദ്ധാപൂർവ്വം കെട്ടിവയ്ക്കുക. ഇത്രയുമാണു നീലവ്യവസായത്തിൽ ചെയ്യേണ്ട ജോലികൾ.

ഈ വിവരണത്തിൽ നിന്നും ഈ ജോലി വളരെ വിഷമമുള്ളതല്ലെന്നു കണ്ടുവല്ലൊ. എന്നാൽ യന്ത്രസഹായമുണ്ടെങ്കിൽ സമയലാഭമുണ്ടാകുമെന്നതു നിരാക്ഷേപമത്രെ.

# പ്രതികാരം

(സീതാദേവി)

കൃഷ്ണദയാലു ആധുനികപരിഷ്കാരത്തിൻെറ പരിണതഫലമല്ല. അദ്ദേഹം പിതാക്കളൊന്നിച്ച് ഒരു ഗ്രാമത്തിലാണു ബാല്യം കഴിച്ചുകൂട്ടിയതു്. അവർ വീക്ഷണത്തിലും കർമ്മത്തിലും യാഥാസ്ഥിതികത്വത്തിൻെറ അററം വരെ എത്തിയിരുന്നവരുമാണ്. മകനെ ആ ഗ്രാമത്തിലുള്ള ഒരു പാഠശാലയിൽ അയച്ചു പഠിപ്പിച്ചിരുന്നു. പതിമൂന്നുവയസ്സുവരെ ആ കുട്ടി ഇംഗ്ലീഷക്ഷരംപോലും കണ്ടിട്ടില്ല. സ്ത്രീകളെ വീട്ടിൽ വളർത്തുന്ന കന്നുകാലികളേപ്പോലെ സംരക്ഷിച്ചിരുന്നതുകണ്ടാണ് അയാളുടെ ശീലം രൂപീകരിച്ചിരുന്നതു്. ആധുനികചിന്തകളേയും നടപടികളേയും കൃഷ്ണദയാലു എങ്ങിനെ അയാളുടെ തലയിലാക്കിയെന്ന് ആർക്കുംതന്നെ അറിഞ്ഞുകൂട.

ഇദ്ദേഹം ഒരു ബ്രാഹ്മണപുരോഹിതൻെറ പുത്രനായിരുന്നു. അവകാശമുറയ്ക്കു കിട്ടുന്ന അരി, പച്ചക്കായ്, അല്പം പണം എന്നിവകൊണ്ടു സുഖമായ ജീവിതവും നയിച്ചു ഗ്രാമത്തിൽതന്നെ ഇദ്ദേഹത്തിനു കഴിഞ്ഞുകൂടാമായിരുന്നു. എന്തിന്, ഇംഗ്ലീഷുപഠിക്കണമെന്ന ആശയോടെ അയാൾ കൽക്കട്ടയിൽ എത്തി. പാഠശാലയിൽനിന്ന് അല്പം ചില ആനുകൂല്യവും സിദ്ധിച്ചു. ഇദ്ദേഹം വെറുമൊരു ബ്രാഹ്മണനല്ല, ഒരു കുലീനബ്രാഹ്മണനാണ്. ഇദ്ദേഹത്തിനു വേണമെങ്കിൽ പന്ത്രണ്ടു ഭാര്യമാരെ സ്വീകരിക്കാം. അവരുടെ പിതാക്കന്മാരിൽനിന്നു കിട്ടുന്ന ശുല്ക്കംകൊണ്ടു സുഖമായി കഴിക്കയും ചെയ്യാം. കൃഷ്ണദയാലു ഏകപത്നീവ്രതക്കാരനാണ്. രാധാറാണി എന്ന ഒരു കന്യകയെ വിവാഹം ചെയ്തു വീടുമുപേക്ഷിച്ച് അദ്ദേഹം കൽക്കട്ടയിൽ സ്ഥിരവാസത്തിനുറച്ചു. ഈ കർമ്മത്തിലുള്ള പ്രതിഷേധത്തെ കാണിപ്പാൻ പിതാവു കൃഷ്ണദയാലുവിന് അയച്ചുകൊടുത്തിരുന്ന ആദായം അയയ്ക്കാതായി. അത്രതന്നെയല്ല. പിതാവ് ഇദ്ദേഹത്തിൻെറ യാതൊരു ക്ഷേമവും അന്വേഷിക്കാതെയുമായി. ഇതുകൊണ്ടൊന്നും കൃഷ്ണദയാലുവിനു പശ്ചാത്താപമുണ്ടായില്ലെന്നു ബോധംവന്ന പിതാവു സ്വകർമ്മത്തെക്കുറിച്ചു പശ്ചാത്തപിച്ചു. കൃഷ്ണദയാലു സമർത്ഥനായ ഒരു വിദ്യാർത്ഥി ആയിരുന്നു. എല്ലാക്കാലത്തും വിദ്യാർത്ഥിയെന്ന നിലയിൽ അയാൾക്കു വേതനം സിദ്ധിച്ചിരുന്നു. അതിനുപുറമെ അദ്ദേഹം പല കുട്ടികളേയും സ്വകാര്യമായി പഠിപ്പിച്ചിരുന്നു. അതിനാൽ പണത്തിനു ബുദ്ധിമുട്ട് ഒരിക്കലും കൃഷ്ണദയാലുവിനു പഠിക്കുന്നകാലത്തുണ്ടായിരുന്നില്ല. ഇദ്ദേഹം ഭാര്യയോടുകൂടി

ഏതാണ്ട സുഖമായിത്തന്നെ കഴിഞ്ഞുകൂടി. രാജേന്ദ്രാണി എന്നാ ഒരു പെൺകുട്ടി ഇവക്ക ജാതമായി. ആ കൊല്ലത്തിൽതന്നെ കൃഷ്ണദയാലു എം. ഏ. പരീക്ഷയിൽ വിജയിയ്ക്കുമായി. ഉടനെതന്നെ അദ്ദേഹത്തിന്ന ഒരു ഉദ്യോഗവുംസിദ്ധിച്ചു.

കൃഷ്ണദയാലു സന്തോഷത്താൽ ഉന്മത്തനായി. ലൗകികകാൎയ്യങ്ങളെക്കുറിച്ച് ഒന്നുംതന്നെ അറിവാൻ ഇദ്ദേഹം ശക്തനല്ലെന്നുള്ളതു വ്യക്തമാണ്. ഇടവിടാതുള്ള സാഹചൎയ്യം ഉണ്ടായിരുന്നിട്ടും രാധാറാണി വളരെ ഒന്നും നിലവിട്ടിരുന്നില്ല. അവൾ അല്പമായി മുഖം ചുളിച്ച് ഇങ്ങനെ പറഞ്ഞു. "എന്തുമറയത്തരമാണീക്കാണിക്കുന്നതു്. ഒരു പെൺകുട്ടിയെ കണ്ടുകൊണ്ടെന്തെല്ലാം ഗോഷ്ടിയാണു കാണിക്കാം. പോരെങ്കിൽ ഒരു കുലീനകന്യക. ഇങ്ങനെ ആയാൽ അവളെ നമ്മുടെ വീട്ടിൽതന്നെ പാൎപ്പിക്കേണ്ടിവരും. ഇക്കാലത്തു് ഉചിതനായ ഒരു വരനെ കിട്ടാൻതന്നെ വിഷമം. നിസ്സാരമായ ഒരു തുക വാങ്ങിക്കൊണ്ട പലരും തങ്ങളുടെ പെൺകുട്ടികളെ താഴ്ന്നകുലങ്ങളിലേയ്ക്കു കൊടുക്കുന്നു."

കൃഷ്ണദയാലു:— "അതു നല്ല കാൎയ്യമായിപ്പോയി. പെൺകുട്ടികൾ ജനിക്കുമ്പോൾ നാം വ്യസനിക്കുന്നു. മറെറാരുവൻെറ വീട്ടിലേയ്ക്ക് അവരെ അയയ്ക്കണമല്ലോ എന്നു വിചാരിച്ചാണ് അതു്. മകൾ അവളുടെ പിതാക്കളുടെ കൂടെ എന്നും ജീവിച്ചാൽ അത്രയും നല്ലതാണ്."

രാധാറാണിയുടെ സുകുമാരമുഖം ക്രമത്തിലധികം ഗൌരവത്തോടു കൂടിയതായി. അവൾ പറഞ്ഞു:— "നിങ്ങൾ ഒരു കുട്ടിയുടെ അച്ഛനായില്ലേ. ഇപ്പോഴും പിള്ളകളിമാറിയിട്ടില്ലല്ലോ. എന്നാണ് ഇനി ഇതെല്ലാം പഠിക്കുന്നതു്."

കൃഷ്ണദയാലു ഇതിനുപററിയ ഉത്തരംകൊണ്ട് ഭാൎയ്യയുടെ നാവ് അടച്ചു. തൽകാലത്തെ വാദപ്രതിവാദം ഇങ്ങനെ അവസാനിച്ചു. പക്ഷേ, ഈ പെൺകുട്ടിമൂലം താനും ഭാൎയ്യയും അഭിപ്രായവ്യത്യാസമുള്ളവരായേക്കുമെന്നുള്ള വ്യഥ അദ്ദേഹത്തിൻെറ ഹൃദയത്തിൽ പതിഞ്ഞു.

രാജേന്ദ്രാണി ദിനംപ്രതി വളൎന്നു. അതിനൊത്തു് അവളെ വഷളാക്കുവാനും പിതാവു ഒരുങ്ങി. രണ്ടു ആൺകുട്ടികളെക്കൂടി രാധാറാണി പ്രസവിച്ചു. അതുകൊണ്ടു് അവൎക്കുണ്ടായിരുന്ന ആശ സഫലീഭവിച്ചു. അങ്ങനെയായിട്ടും ഇടയ്ക്കിടെ ഇന്ദ്രാണിയുടെ അച്ഛൻ അവളെ ക്രമംവിട്ടു വഷളാക്കുന്നു എന്നു രാധാറാണി പരാതിപ്പെടുക പതിവാണ്. യുവമാതാവ് ഭൎത്താവിനോടു സാധാരണ ഇങ്ങനെ പറയാറുണ്ടു്. "നിങ്ങൾ ഇവളെ ഒരു അധ

കപ്രസംഗിയാക്കുന്നു. അനന്തരകാലത്ത് ഇവളുടെ അനുഭവമെന്തായിരിക്കും. പെൺകുട്ടികളെ ഇങ്ങനെ ലാളിക്കരുത്. അവരെ കഴിയുന്നതും ഉപേക്ഷിച്ചതുപോലെ പെരുമാറണം. എന്നാൽമാത്രമേ അവരുടെ ഭാവികുടുംബത്തിലെ വിഷമങ്ങൾ അനുഭവിക്കാൻ ശക്തിയുണ്ടാകയുള്ളു."

അപ്പോഴെല്ലാം കൃഷ്ണദയാലു ഇങ്ങനെ ഉത്തരം പറയും. "നിങ്ങളുടെ യുക്തിവാദമനുസരിച്ചു പെൺകുട്ടികളെ പ്രാരംഭംമുതൽക്കുതന്നെ പട്ടിണി ഇടണം. എന്തുകൊണ്ടെന്നാൽ ഭാവികാലത്ത് അവർക്കു ഭക്ഷണത്തിനു വേണ്ടുവോളം കിട്ടാതെവന്നെങ്കിലോ." രാധാറാണിയുടെ വാക്കുകൾക്കു മൂർച്ചകൂട്ടമെങ്കിലും യുക്തി കുറവാണ്. അതിനാൽ കുറച്ചു കഴിയുമ്പോൾ അവർ എഴുന്നേററു നടന്നുകളയും. ഭർത്താവിനെ, "വാക്കിനു രാജാവ്; വേണ്ടാത്തതുപറവാൻ സമർത്ഥൻ" എന്നുമാത്രം പുച്ഛിച്ചുപറയും.

കൃഷ്ണദയാലു മകളെ അല്പം ലാളിച്ചുവഷളാക്കുന്നുണ്ടെങ്കിലും അവളുടെ വിദ്യാഭ്യാസത്തിലും മററു പരിശീലനങ്ങളിലും ശ്രദ്ധവയ്ക്കാതിരുന്നില്ല. മകളെ അദ്ദേഹംതന്നെ അക്ഷരാഭ്യാസം ചെയ്യിച്ചു. തയ്യൽ, സംഗീതം എന്നിവ പഠിപ്പിക്കുന്നതിന് ഒരു സ്ത്രീയേയും നിയമിച്ചു. ബ്രഹ്മസമാജകുടുംബങ്ങളിലല്ലാതെ അക്കാലത്ത് ഈ വിഷയങ്ങൾ ഒരു പെൺകുട്ടിയെ ആരും അഭ്യസിപ്പിച്ചിരുന്നില്ല. അതിനാൽ കൃഷ്ണദയാലു ഒരു കൃസ്ത്യനായി എന്ന സംസാരം ജന്മഭൂമിയായ ഗ്രാമത്തിൽ പരന്നു. ബന്ധുജനങ്ങൾ അദ്ദേഹത്തെ സ്വസമുദായത്തിൽനിന്നും ബഹിഷ്കരിച്ചു എന്നു നടിക്കയും ചെയ്തു. വല്ലപ്പോഴും പണത്തിനു ആവശ്യം വരുമ്പോൾ എഴുതിഅയച്ചപേക്ഷിക്കുന്നതിന് ഇതു അവർക്ക് പ്രതിബന്ധമായിരുന്നില്ല. അതുപോലെ കല്ക്കട്ടയിൽ വന്നാൽ അവർക്ക് ഇവിടെത്താമസിക്കുന്നതിനും വിരോധമില്ല.

ഇന്ദ്രാണിയുടെ പന്ത്രണ്ടാമത്തെ പുറന്നാളും കഴിഞ്ഞു. ഈ അവസരത്തിൽ മാതാപിതാക്കന്മാരുടെ സമരം ഗൌരവതരമായിരുന്നു. യേനകേനപ്രകാരേണ മകളുടെ വിവാഹം നടത്തുമെന്ന് റാണി പ്രതിജ്ഞ ചെയ്തു. സ്വഭർത്താവ് വിവേകശൂന്യനാണ്. ആ ആളെ അനുഗമിച്ചാൽ അവളുടെ കുടുംബത്തിനും പൂർവ്വപിതാക്കൾക്കും മാനഹാനി വന്നേക്കും. അവൾ ബന്ധുക്കളോടു സഹായം അഭ്യർത്ഥിച്ചു. രാജേന്ദ്രാണിക്ക് ഉചിതനായ വരനെ അന്വേഷിപ്പാനും തുടങ്ങി. കൃഷ്ണദയാലു വീട്ടിൽത്തന്നെ ഉറച്ചിരുന്നു. തന്റെ അനുവാദത്തിനു മാത്രം സംഗതിയാക്കിയ എല്ലാവരന്മാരേയും അദ്ദേഹം നിഷേധിച്ചു.

രാധാറാണി വീണ്ടും ഒരു വാക്സമരത്തിനൊരുങ്ങി. "നിങ്ങളുടെ

അഭിപ്രായമറിവാൻ എനിക്കവകാശമുണ്ടോ? ഇവളെ കല്യാണം കഴിച്ചു കൊടുക്കേണ്ടെന്നു് നിങ്ങളുറച്ചോ?"

കൃഷ്ണദയാലു:— ആൎക്കാണു് ഇവളെ കല്യാണംകഴിച്ചുകൊടുക്കേണ്ടതു്? ഇവളെ ആററിലേയ്ക്കു് എറിഞ്ഞുകളവാൻ എനിക്കു സാധ്യമല്ല.

രാധ:— ഞാൻ പറഞ്ഞ കുട്ടികളൊന്നുംതന്നെ ഇവൾക്കു യോഗ്യതയില്ലേ? ഇവളേക്കുറിച്ചു് ഇത്രയൊക്കെ ഭാവിക്കുന്നതിനു് അങ്ങയുടെ പുത്രി ഒരു രാജകുമാരിയോമറേറാ ആണോ?

കൃഷ്ണദയാലു:— ഈ പിഞ്ചുപ്രായത്തിൽ ഇവളെ കല്യാണംകഴിച്ചുകൊടുക്കയില്ലെന്നു നൂറുതവണ ഞാൻ പറഞ്ഞുകഴിഞ്ഞു. അതിരിക്കട്ടെ. നിങ്ങൾ കണ്ടെത്തുന്ന കുരങ്ങന്മാരെ ഇവളുടെ ഭൎത്താവാക്കണമെന്നു നിർബ്ബന്ധിച്ചാൽ ഒന്നല്ലെങ്കിൽ മറെറാന്നുപറഞ്ഞു് ഞാനവരെ അകററിക്കളയും. ഒരു കുലീനബ്രാഹ്മണകന്യകയ്ക്കു് അവിവാഹിതയായി അറുപതോ നൂറോ വയസ്സുവരെ സ്വകുടുംബത്തിൽ പാൎക്കാം. മാനഹാനിക്കുമാത്രം ഇടവരുത്തരുതെന്നേയുള്ളു. ഈ പരമാൎത്ഥം അറിവുള്ള നിങ്ങൾ ഇത്ര ക്ഷോഭിക്കുന്നതെന്തിനാണു്.

രാധാറാണി:— എന്റെ യുക്തി അങ്ങു മനസ്സിലാക്കി എന്നുവന്നാൽ എനിക്കു യാതൊരു ക്ലേശവുമില്ല. അങ്ങയുടെ മകൾ പരിപൂൎണ്ണമായി വളൎന്നുകഴിഞ്ഞു. അവൾ ബ്രഹ്മസമാജക്കാരിയോ, ഒരു കൃസ്ത്യൻയുവതിയോ എന്നു തോന്നിപ്പോകും. അവളെ പ്രായപൂൎത്തി വരുന്നതുവരെ അവിവാഹിതയാക്കിവച്ചുകൊണ്ടിരുന്നാൽ അവളുടെ ഇഷ്ടംപോലെ ഒരു പുരുഷനെ വരിക്കും. അനൎഹമായ ഒരു കുടുംബത്തിലെ ഒരംഗത്തേയാണു് അവൾ വരിക്കുന്നതെങ്കിൽ നാം എന്തു ചെയ്യും?

കൃഷ്ണദയാലു:— അവൾ സ്വതന്ത്രാഭിപ്രായത്തോടെ സ്വീകരിക്കുന്ന ഒരു കുടുംബമാണു് അത്യന്താൎഹമായിട്ടുള്ളതു്.

രാധാറാണി:— അങ്ങുമാത്രം ഇങ്ങനെ പറയും. അവൾ ഉചിതവും അൎഹവുമായ ഒരു കുടുംബത്തോടു ചേരുന്നതു കാണ്മാൻ നമുക്കു് സന്തോഷമില്ലേ.

കൃഷ്ണദയാലു:— ഒരു യുവതി അവൾക്കു വേണ്ടതെല്ലാം സ്വാഭിപ്രായപ്രകാരം തിരഞ്ഞെടുത്തുകൊള്ളും. മററുള്ളവരുടെ തിരഞ്ഞെടുപ്പിൽ ഒരു കളിപ്പാട്ടമെന്നപോലെ സുഖാനുഭൂതിയുണ്ടാകുന്നതിനേക്കാൾ സ്വന്ത

മായ തിരഞ്ഞെടുപ്പുകൊണ്ടനുഭവിക്കുന്ന ക്ലേശം ശ്രേഷ്ഠതരമെന്നാണ് എനിക്കു തോന്നുന്നത്.

മാതാപിതാക്കന്മാർ കലഹിച്ചുതന്നെ തല്ക്കാലത്തേയ്ക്കു പിരിഞ്ഞു. രാജേന്ദ്രാണി പ്രായപൂർത്തിയിലേക്ക് പ്രയാണം ചെയ്തു. അവളെ ബത്തുൺസ്കൂളിൽ ആക്കി. പിതാവിനു അവളെ പഠിപ്പിക്കാൻ നേരമില്ലാതായി. അവൾ അടുത്തകൊല്ലത്തിൽ മററ്റിക്കുലേഷൻ പരീക്ഷക്കു ചേരാറായി. അവൾ നിശ്ചയമായി പരീക്ഷയിൽ ജയിക്കുമെന്നും അതിനുശേഷം കാളേജിൽ ചേരുമെന്നും പലരോടും പറയാറുണ്ട്. അവൾ സഹോദരന്മാരെ കളിയാക്കും. പഠിപ്പിനെ സംബന്ധിച്ച് അവരോടൊപ്പം ഇവക്കു സാമർത്ഥ്യമില്ലായിരുന്നു. അമ്മയ്ക്ക് ഇവളുടെ ഈ പ്രവൃത്തിയിൽ വളരെ നീരസമുണ്ടായി. എന്നാലും അവൾ അതിനെ മന്ദസ്മിതംകൊണ്ട് അടക്കിയിരുന്നു. രാജേന്ദ്രാണിയുടെ ഇന്നത്തെ പ്രായത്തിൽ രാധാറാണി ഒരു അമ്മയായിരിക്കുന്നു.

കൃഷ്ണദയാലു സ്ത്രീവിദ്യാഭ്യാസതല്പരനെന്നു മാത്രമല്ല, സ്ത്രീസ്വാതന്ത്ര്യത്തിൽ അഭിരുചിയുള്ളവനും കൂടിയാണ്. രാധാറാണി സ്വബന്ധുക്കളെ അല്ലാതെ അന്യപുരുഷമുഖദർശനം തന്നെ ചെയ്തിട്ടുള്ളവളല്ല. യൗവനം ഒട്ടവസാനിച്ചിട്ടും മുഖാച്ഛാദനം കൂടാതെ പുറത്തിറങ്ങാറില്ല. എന്നാൽ രാജേന്ദ്രാണി ഈ ചടങ്ങുകളൊന്നും സ്വീകരിച്ചിട്ടില്ല. അവൾ ആരുടെ മുമ്പിൽ പോകുന്നതിനും ആരോടു സംസാരിക്കുന്നതിനും മടിച്ചിരുന്നില്ല. രണേന്ദ്രൻ എന്നു പേരുള്ള ഒരു യുവാവു വൈകുന്നേരം അവളുടെ രണ്ടു സഹോദരന്മാരെ പഠിപ്പിച്ചിരുന്നു. രാജേന്ദ്രാണി അശേഷവും സങ്കോചം കൂടാതെ അയാളോടു സംസാരിക്കാറുണ്ട്. അവളുടെ പാഠം തയാറാക്കുന്നതിൽ അയാളുടെ സഹായം സ്വീകരിച്ചിട്ടുമുണ്ട്. രാധാറാണി ഇതെല്ലാം വെറുപ്പോടെ വീക്ഷിച്ചു വന്നു. എന്തെങ്കിലും താൻ ഗുണദോഷിച്ചാൽ ഒരു ഫലവുമുണ്ടാകയില്ലെന്നു അമ്മ ധരിച്ചിരുന്നു. അവളെ അതുയ്ക്കു വഷളാക്കുവാൻ പിതാവു ശ്രമിച്ചിട്ടുണ്ട്. പരമാർത്ഥം പറയുന്നപക്ഷം രണേന്ദ്രന്റെ സ്വഭാവം ചീത്തയല്ല. അയാൾ ഒരു നല്ല തറവാടിയാണ്. ആ കുടുംബം സമ്പദ്വിപുലതയാൽ സുപ്രസിദ്ധവുമത്രെ. അയാളുടെ പെരുമാററം മര്യാദയും സുജനഭാവവും ഉള്ളതായിരുന്നു. സ്വപിതാവുമായി രണേന്ദ്രന് അഭിപ്രായവ്യത്യാസമുണ്ടായതുകൊണ്ടു വീടുപേക്ഷിച്ചിരിക്കയാണ്. സ്വപ്രയത്നംകൊണ്ട് ഉപജീവനം കഴിച്ചുപോരുന്നു. ആൺകുട്ടികളെ പഠിപ്പിക്കണമെന്ന ഉദ്ദേശത്തോടെയാണ് ഈ ആളെ നിയമി

ച്ചിട്ടുള്ളതു്. പക്ഷെ അധികസമയവും അയാൾ രാജേന്ദ്രാണിക്കു വേണ്ടിച്ചിലവഴിച്ചിരുന്നു. ഇങ്ങനെ തുടങ്ങീട്ടു കാലം കുറെ ആയി.

രാധാറാണിക്കു് ഈ വ്യവസ്ഥ അശേഷവും തൃപ്തികരമല്ലായിരുന്നു എങ്കിലും ആദ്യകാലത്തെല്ലാം ഇതു കണ്ടില്ലെന്നു തന്നെ ഭാവിച്ചുകഴിച്ചുകൂട്ടി. കാര്യങ്ങളെല്ലാം അവളുടെ പിടിയിൽ നിന്നു വിട്ടുപോകുന്നു എന്ന ബോധം ക്രമേണ രാധാറാണിയിൽ സമുദയം ചെയ്തു. രാജേന്ദ്രാണിയെ ഉചിതകാലത്തു തന്നെ നിരോധിച്ചില്ലെങ്കിൽ അവൾ ചെയ്യുന്നതെന്തെന്നോ ചെയ്യാതിരിക്കുന്നതെന്തെന്നോ അറിവാൻ സാദ്ധ്യമല്ലാതെ വരും. ഭർത്താവിൽ നിന്നു ഒരു ആനുകൂല്യവും ഈ വിഷയത്തിൽ സിദ്ധിക്കയില്ലെന്നു അവൾക്കറിയാം. ഏതു ദുർവിനിമയത്തിനും മകൾ പാത്രമാകുന്നതിൽ അദ്ദേഹം സന്തുഷ്ടനെന്നും രാധാറാണി വിശ്വസിച്ചുപോയി.

അടുത്ത ഡിസംബറിൽ രാജേന്ദ്രാണിക്കു തിരഞ്ഞെടുപ്പു പരീക്ഷയുണ്ടു്. അതിനാൽ അവൾ അത്യദ്ധ്വാനം ചെയ്തു പഠിച്ചുതുടങ്ങി. രാജേന്ദ്രാണിക്കു വിശ്രമം ആവശ്യമില്ല. രണേന്ദ്രൻ അതിനനുവദിക്കുകയുമില്ല. രണ്ടു സഹോദരന്മാരും നിരന്തരം വിശ്രമിക്കുകയും ചെയ്തു.

രാധാറാണി ഇടയ്ക്കിടെ അടുക്കളജോലിയെല്ലാം വലിച്ചെറിഞ്ഞു കുട്ടികളുടെ പഠിപ്പിന്റെ മേലന്വേഷണത്തിനു രംഗപ്രവേശം ചെയ്യാറുണ്ടു്. അപ്പോഴെല്ലാം ഒരേ കാഴ്ച തന്നെയാണു് അവൾക്കു് അനുഭവപ്പെട്ടിരുന്നതു്. രാജേന്ദ്രാണി വായിക്കയും രണേന്ദ്രൻ സഹായിക്കയും ചെയ്യുന്നതും വീരനും ഹീരനും നാനാവിധങ്ങളുംകാട്ടി സമയവ്യയം ചെയ്യുന്നതും തന്നെയാണു് അനുഭവം. രാധാറാണി രണേന്ദ്രന്റെ മുമ്പിൽ ചെല്ലുന്നതിനു സങ്കോചമുള്ളവളായിരുന്നു. അതിനാൽ അവൾ അസംതൃപ്തയെങ്കിലും മൗനം ദീക്ഷിച്ചുപോന്നു.

ഇങ്ങനെ കഴിയുന്ന കാലത്തു് ഒരു ദിവസം മൗനഭംഗം ചെയ്യേണ്ടതായി വന്നു. രാധാറാണി പതിവുപോലെ വാതലിന്റെ പിറകിൽ നിന്നു് ഒളിഞ്ഞുനോക്കി. രാജേന്ദ്രാണി കണക്കു ചെയ്യുന്നതും അവളെ നിന്നിമേഷനായി അല്പമൊരാവേശത്തോടെ രണേന്ദ്രൻ നോക്കുന്നതും രാധാറാണി കണ്ടു. ആൺകുട്ടികൾ പതിവുപോലെ സമരോദ്യുക്തരുമായിരുന്നു.

രാധാറാണിയുടെ തലയിൽ ആരോ തീ കോരിയിട്ടപോലെ അവൾക്കു തോന്നി. അവളുടെ സംയമനശക്തി തീരെ നശിച്ചു. നിന്നിരുന്ന മുറിയിൽ നിന്നു ഉറക്കെ ഇങ്ങനെ പറഞ്ഞു. "ആളുകൾ അവരവർ ഏററിട്ടുള്ള ജോലിയിൽ നിർവ്യാജം പ്രവർത്തിക്കയാണു വേണ്ടതു്. മകളെ പഠിപ്പിക്കാൻ ഒരുവനെ വേണമെങ്കിൽ ഞങ്ങൾ ഏല്പെടുത്തുന്ന

താണു്." പാദപ്രക്ഷേപണം മാറെറാലിക്കൊള്ളുമാറു് ആ മുറിയിൽ നിന്നു രാധറാണി കടന്നുപോയി. അല്പം കഴിഞ്ഞപ്പോൾ വാലിയക്കാരി വന്നു രാജേന്ദ്രാണിയോടിങ്ങനെ പറഞ്ഞു. "അമ്മ പറഞ്ഞു അങ്ങോട്ടു ചെല്ലുവാൻ."

ഈ തടസ്സം അവിചാരിതഫലത്തെ ഉളവാക്കി. രണേന്ദ്രനിൽനിന്നു ദൂരവർത്തിനിയാകുന്നതിനു രാജേന്ദ്രാണി നിർബന്ധിതയായി. ഈ നിർബന്ധിതവേർപാടു് അവളുടെ വികാരസ്വഭാവത്തെ വ്യക്തമാക്കി. അവൾ അനുഭവിച്ച ദുരിതങ്ങളെക്കുറിച്ചു സ്വയം അത്ഭുതപ്പെട്ടു. ആൺകുട്ടികളെ പഠിപ്പിക്കാൻ ദിവസവും രണേന്ദ്രൻ വരാറുണ്ടു്. പക്ഷെ അയാൾക്കു ജോലി ചെയ്യുന്നതിൽ ഉത്സാഹമില്ലാതായി. സ്വകൃത്യം 'നല്ലോണമല്ലെങ്കിലും വല്ലോണം' കഴിച്ചുകൂട്ടി അയാൾ പോകും. ചിലപ്പോൾ രാജേന്ദ്രാണിയുടെ ദർശനം മിന്നൽപിണർപോലെ അനുഭവിക്കാറുണ്ടു്. ചിലപ്പോൾ അതുമില്ല. രാജേന്ദ്രാണിയുടെ സാന്നിദ്ധ്യം ആൺകുട്ടികളുടെ പഠിപ്പിനു വിഘ്നം വരുത്തുന്നതുകൊണ്ടു് അവൾ അവിടെ ചെല്ലരുതെന്നു താൻ വിലക്കീട്ടുണ്ടെന്നു കൃഷ്ണദയാലുവിനെ രാധാറാണി പറഞ്ഞുമനസ്സിലാക്കി. അദ്ദേഹം അതു അങ്ങനെതന്നെ വിശ്വസിക്കുകയും ചെയ്തു. രാജേന്ദ്രാണിക്കു വല്ല സഹായവും ആവശ്യമുണ്ടെങ്കിൽ അതു താൻ തന്നെ നിർവ്വഹിച്ചുകൊടുക്കാമെന്നു പറഞ്ഞു അവളെ ശാന്തപ്പെടുത്തി.

(തുടരും)

# മി: സ്റ്റേത്താംസായിപ്പിൻെറ ഗൃധ്രനേത്രങ്ങൾ

(ഒരു നിരീക്ഷകൻ.)

കുറേക്കാലമായി തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം അത്യന്തം പ്രയോജനരഹിതമാണെന്നും അതു പാടെ ഉടച്ചുവാർക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നുമുള്ള മുറവിളി ഏതു പ്രസംഗവേദിയിലുമെന്നുമാത്രമല്ല, ഏതു മുക്കിലും മൂലയിലുംപോലും മാറെറാലിക്കൊള്ളുന്നു. കള്ളനെ അന്വേഷിച്ചുനടക്കുന്ന പോലീസുകാരനും, കള്ളനേഷിച്ചുനടക്കുന്ന എക്സൈസുകാരനും, വെള്ളം കുടിക്കാൻ വിഷമിക്കുന്ന വൃദ്ധനും, തുള്ളിച്ചാടിനടക്കുന്ന ബാലനും പള്ളിക്കൂടങ്ങളെ ഉള്ളപ

റയുന്നു. ആക്കും രസിക്കാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് വിദ്യാവിതരണകേന്ദ്രങ്ങളെന്നു് അദ്ധ്യാപകംമന്യന്മാർ മാത്രം അഭിമാനിക്കുന്ന വിദ്യാലയങ്ങൾ സംരക്ഷിച്ചുപോരുന്നതു്. ഇപ്രകാരം വിദ്യാലയങ്ങളെ അപലപിക്കുന്ന ഈ വിദ്വാന്മാരാരെങ്കിലും വിദ്യാലയങ്ങളിലും വിദ്യാഭ്യാസവകുപ്പിൽ പൊതുവേയും മി: സ്റ്റേത്താംസായിപ്പു വരുത്തീട്ടുള്ള പരിഷ്കാരങ്ങളെപ്പററിയോ തജ്ജന്യങ്ങളായ ആസ്വാദനീയഫലങ്ങളെപ്പററിയോ ചിന്തിച്ചിട്ടുണ്ടോ?

മി: സ്റ്റേത്താംസായിപ്പു വിദ്യാഭ്യാസപരിഷ്കരണക്കമ്മററിയുടെ പ്രസിഡൻറന്ന നിലയിലും വിദ്യാഭ്യാസഡയറക്ടർ എന്ന നിലയിലും വാങ്ങിയ ശമ്പളം വളരെക്കൂടിപ്പോയി എന്നു് ചില അല്പജ്ഞന്മാർ ജല്പിക്കുന്നുണ്ടു്. "അജ്ഞസ്സുഖമാരാധ്യസ്സുഖതരമാരാധ്യതേ വിശേഷജ്ഞഃ ജ്ഞാനലവ ദുർവിദഗ്ധം ബ്രഹ്മാപി നരം ന രഞ്ജയതി" എന്നുമാത്രമേ ഇവരോടു പറയാൻ നിവൃത്തിയുള്ളു. ഇവർ മാസംതോറും 1200 രൂപ ശമ്പളം വാങ്ങിച്ചുകൊണ്ടിരുന്ന ഡയറക്ടറന്മാരെ മാത്രമേ കണ്ടിട്ടുള്ളു. അവരാണു് ദുരന്തവും ദുഃഖഭൂയിഷ്ഠവുമായ വിദ്യാഭ്യാസസമ്പ്രദായം നടപ്പിലാക്കിയതെന്നു മനസ്സിലാക്കുന്നില്ല. അങ്ങനെയുള്ള നൂറു ഡയറക്ടറന്മാരെ ഒരുമിച്ചുനിയമിച്ചിരുന്നാൽപോലും സായിപ്പിൻെറ ബുദ്ധിശക്തികിട്ടുമോ? 10 രൂപാ ശമ്പളമുള്ള നൂറു ശിപായിമാരെ നിയമിച്ചാൽ ഒരു ഡയറക്ടറുടെ ജോലി അവർക്കെല്ലാവർക്കും കൂടി ചെയ്യാൻ കഴിയുമോ? "നക്ഷത്രതാരാഗ്രഹസങ്കുലാപി ജ്യോതിഷ്മതീ ചന്ദ്രമസൈവ രാത്രി" എന്നു കാളിദാസമഹാകവി പാടീട്ടുള്ളതു് എത്ര പരമാർത്ഥമാണു്. എത്ര നക്ഷത്രങ്ങളുണ്ടെങ്കിലെന്താ, എത്ര താരങ്ങളുണ്ടെങ്കിലെന്താ, എത്ര ഗ്രഹങ്ങളുണ്ടെങ്കിലെന്താ; രാത്രി ജ്യോതിഷ്മതിയാകണമെങ്കിൽ ചന്ദ്രമസ്സുതന്നെ ഉദിച്ചുയരണം. "ദിക്സുന്ദരീവദനചന്ദനബിന്ദു"വായ ആ ഇന്ദു ഉദിച്ചുയരുമ്പോൾ മാത്രമേ, "ദിശഃപ്രസേദുർമരുതോ വവുസ്സുഖാഃ" എന്നും മററുമുള്ള ശുഭലക്ഷണങ്ങൾ തികഞ്ഞുകാണുകയുള്ളു. അന്ധതമതമോഗ്രസ്തമായ വഞ്ചിവസുന്ധരാവിഹായസ്സിൽ വഞ്ചിനിവാസികളുടെ സഞ്ചിതപുണ്യപൂരത്താൽ വഞ്ചിഭൂവരവർണ്ണിനീ ചഞ്ചലഹൃദന്തനായ രാകാശശാങ്കനായി ഉദിച്ചുയർന്ന നവനീതസുകുമാരകളേബരനായ സ്റ്റേത്താം സായിപ്പു് സർവ്വരാലും സമാരാദ്ധ്യൻതന്നെ!

സ്വല്പകാലത്തിനിടയ്ക്കു കൃത്യാന്തരപാരതന്ത്ര്യങ്ങളെ തൃണവൽഗണിച്ചു, ഞായറാഴ്ച പോലും ജോലി ചെയ്യാൻ സന്നദ്ധനാണെന്നു് ഉച്ചൈസ്തരം ഉൽഘോഷിച്ചു് അദ്ദേഹം എഴുതിയുണ്ടാക്കിയ 'വിദ്യാഭ്യാസപരിഷ്കരണപദ്ധതി' തിരുവിതാംകൂർ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ

ജീവചരിത്രത്തിൽ സമാരംഭിച്ചിട്ടുള്ള സുവൎണ്ണകാലഘട്ടത്തിൻെറ, അഭിവൃദ്ധിമുഖങ്ങളെ, മയിൽമുട്ട കലാപശില്പാങ്കുരങ്ങളെ എന്നപോലെ ക്രോഡീകരിച്ചിട്ടുള്ള ഒരു നാന്ദിയാണ്. അതിൽ പദക്കണക്കു വകവച്ചിട്ടില്ലെന്നേയുള്ളു. "പദം" എന്നാലെന്തെന്നുള്ളതിനെപ്പററി പ്രഖ്യാതന്മാരായ ആലങ്കാരികന്മാരുടെ ഇടയിൽപ്പോലും ഭിന്നാഭിപ്രായമാണുള്ളതു്.

ഡയറക്ടർ എത്രതന്നെ സമൎത്ഥനായിരുന്നാലും അദ്ദേഹത്തെ സഹായിക്കാൻ ഒരു ഡെപ്യൂട്ടി ഡയറക്ടർ വേണമെന്ന അദ്ദേഹത്തിൻെറ വാദം എത്ര യുക്തിയുക്തമാണ്! ഡയറക്ടർക്കു സ്ഥലം വിടേണ്ടി വരുമ്പോൾ പ്രിൻസിപ്പാളന്മാർ, ഇൻസ്പെക്ടറന്മാർ മുതലായ വലിയ ഉദ്യോഗസ്ഥന്മാൎക്ക് ആർഡറയയ്ക്കുന്നതിന് പെഴ്സണൽ അസിസ്റ്റൻറാമാനേജരൊ മതിയോ? അതുപോലെ തന്നെ ഡയറക്ടർ ഉദ്ദേശം മുഴുവൻ നടപ്പിലാക്കാതെ പിരിയേണ്ടി വന്നാൽ ആ ഉദ്ദേശപൂരണത്തിനും അടുത്തു പരിചയമുള്ള ഒരു കീഴുദ്യോഗസ്ഥൻ വേണ്ടയോ? വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേക്കു ആണ്ടുതോറും എത്ര ലക്ഷം രൂപ ചെലവാകുന്നു. അതിന് ഒരു അക്കൌണ്ടാഫീസറോ അല്ലെങ്കിൽ ഒരു സൂപ്രണ്ടെങ്കിലുമോ ആവശ്യമാണെന്നു കണ്ടുപിടിച്ച സായിപ്പിൻെറ വിദൂരവീക്ഷണം എത്ര വിചാരചാരുവാണ്. ഇൻസ്പെക്ടറന്മാരുടെ പേരുമാററി സംഖ്യ വൎദ്ധിപ്പിച്ചതാണ് ഏററവും പ്രയോജനപ്രദമായ പരിഷ്കാരം. അല്ലെങ്കിൽ മി: ശിവരാമകൃഷ്ണയ്യർ, മി: രംഗയ്യർ. മുതലായവർ ഹെഡ്മാസ്റ്റരന്മാരായിട്ടു തന്നെ പെൻഷ്യൻ പററുകയില്ലായിരുന്നോ? സ്ത്രീപുരുഷസാദയാജനവിയോജനങ്ങളിലോ അധ്യയനദിനഗണനയിലോ ഏതിലാണു സായിപ്പു് തൻെറ തലച്ചോറിലെ പരമാണുക്കളെ എല്ലാംകൂടുതൽ ത്രസിപ്പിച്ചിട്ടുള്ളതു് എന്നു നിശ്ചയമില്ല. അസി: ഇൻസ്പെക്റ്റ്റസ്സിന് ആൺമിഡിൽ സ്കൂളിൽ കയറിക്കൂടെന്നും അസി: ഇൻസ്പെക്ടൎക്കു പെൺമിഡിൽ സ്കൂളുകളിൽ പ്രവേശിച്ചുകൂടെന്നും വിധിച്ച സായിപ്പിൻെറ സൂക്ഷ്മനിരീക്ഷണം എത്ര സ്തുത്യൎഹമാണ്. ഇൻസ്പെക്ടറന്മാരെ തിരുവിതാംകൂറിൻെറ ഒരററത്തു നിന്നും മറെറാരററത്തേക്കു യാത്രചെയ്യിക്കരുതെന്നു നിശ്ചയിച്ച സായിപ്പു് ഒരു ചീഫ്ഇൻസ്പെക്ടറസ്സിനേയും അവരുടെ പെഴ്സണൽ അസിസ്റ്റൻറിനേയും കന്യാകുമാരിമുതൽ കയ്യാപ്പിള്ളിവരെ യാത്രയയിച്ചിരിക്കുന്നതു് അബലാജനബഹുമാനബുദ്ധികൊണ്ടല്ലാതെ മറെറന്തുകൊണ്ടാണ്. ഗണനീയങ്ങളായ ഈ പരിഷ്കാരങ്ങളുടെ ഫലം കാലക്രമം കൊണ്ടല്ലാതെ പെട്ടെന്നു വെളിപ്പെടുകയില്ലെന്നു സായിപ്പു പറയുന്നുണ്ടു്.

ഇക്കൊല്ലം മിക്കസ്ഥലങ്ങളിലും നടപ്പിലായിരിക്കുന്നതും അടുത്ത കൊല്ലംകൊണ്ടു് രാജ്യമൊട്ടുക്കു വ്യാപിച്ചേക്കാവുന്നതുമായ വിദ്യാലയസമയമാററം എന്ന പരിഷ്കാരവും സായിപ്പിൻെറ ദൃഷ്ടിയിൽ ദൃഢമായി പതി

ഞ്ഞിട്ടുള്ളതായിരുന്നു. ഭാഗ്യദോഷംകൊണ്ടു് അതു നടപ്പിൽ വരുത്താൻ സാധിച്ചില്ലെന്നു മാത്രമേയുള്ളു. അതുകൊണ്ടുള്ള പ്രയോജനം വിദ്യാർത്ഥിലോകത്തേയൊ അദ്ധ്യാപകവൃന്ദത്തേയൊ മാത്രം സ്പർശിക്കുന്നതല്ല. രക്ഷാകർത്താക്കളേയും രക്ഷ്യസമൂഹത്തേയും എന്നു മാത്രമല്ല അവരെ സംബന്ധിച്ച മററു പലരേയും കൂടി പരാമർശിക്കുന്നു. എല്ലാവരും ബ്രാഹ്മമുഹൂർത്തത്തിൽത്തന്നെ സമുത്ഥാനം ചെയ്തു നിത്യകർമ്മങ്ങൾ ചെയ്യുന്നതിനു നിർബന്ധിതരാകുന്നു. രാത്രി വളരെ നാഴികനേരം ഉപവാസം അനുഷ്ഠിക്കുന്ന ആളുകൾക്കു പ്രഭാതത്തിൽത്തന്നെ ഭക്ഷണം കിട്ടുന്നു. മഞ്ഞുകാലത്തും മററും പഴഞ്ചോറുണ്ണുന്നതിനും പഴങ്കഞ്ഞി കുടിക്കുന്നതിനും പലരും നിർബന്ധിതരാകുന്നതുകൊണ്ടു് അവരുടെ ജഠരാഗ്നിക്കു ശക്തി വർദ്ധിക്കുന്നു. കാലത്തെ ആഹാരം തയ്യാറാക്കാൻ സാധിക്കാത്തവർ പട്ടിണി കിടക്കുന്നതിനും പരിശീലിക്കുന്നു. ദൂരദിക്കുകളിൽനിന്നും പള്ളിക്കൂടത്തിൽ പോകേണ്ടവർ നിശാചരരും നിശാചരികളുമാകുന്നതിനും പരിശീലിക്കുന്നുണ്ടു്. നട്ടുച്ചക്കു വീട്ടിലേക്കു നടക്കേണ്ടിവരുന്നതുകൊണ്ടു പല വിദ്യാർത്ഥിനീവിദ്യാർത്ഥികളും ചൂടു വകവയ്ക്കാത്തവരും തദ്വാരാ നിർദ്വന്ദ്വരുമായിത്തീരുന്നു. ഇപ്രകാരം നിരവധി ഗുണങ്ങൾക്കു നിദാനമായ ഈ പരിഷ്കാരത്തിൻെറ ഉപജ്ഞാതാവും നമ്മുടെ കഥാനായകനായ സായിപ്പുതന്നെയാണെന്നു രോമാഞ്ചത്തോടുകൂടിയല്ലാതെ നമുക്കു് ഓർക്കാൻ കഴിയുന്നുണ്ടോ? പരിഷ്കരിച്ച വിദ്യാഭ്യാസപദ്ധതിയനുസരിച്ചു് വിദ്യാഭ്യാസം ചെയ്തിട്ടുള്ളവർക്കു് ഉദ്യോഗം കിട്ടിയില്ലെങ്കിലും വീട്ടിൽ ചെലവിനു കിട്ടിയില്ലെങ്കിലും അവർ ബുദ്ധിമുട്ടുകയില്ല. അവർ നല്ല സഹനശീലമുള്ളവരായിരിക്കും. പട്ടിണി കിടന്നാലും അവർ പിറുപിറുക്കയില്ല. എല്ലാം ക്ഷമയോടുകൂടി സഹിക്കും. ഈ സംഗതി സർവ്വജ്ഞനായ സായിപ്പിനു് അറിഞ്ഞുകൂടായിരുന്നു എന്നു വിചാരിക്കാതിരിക്കാൻ ന്യായമില്ല. "ശേഷം ചിന്ത്യം" എന്നനിലയിൽ സായിപ്പു് റിപ്പോർട്ടിൽ ചേർത്തില്ലന്നേയുള്ളു.